# സത്യദൂതൻ

2022 ഡിസംബർ | ലക്കം 12

വില ₹ 30



## ഇസ്ലാം:
## അടിസ്ഥാന സാമ്പത്തിക തത്വങ്ങൾ

## യേശുവിന്റെ തിരുപിറവി: സ്ഥലകാലങ്ങളിലെ വൈരുദ്ധ്യങ്ങൾ

## ലോകം സാമ്പത്തിക മാന്ദ്യത്തിലേക്കോ?

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന*
*ദൈവികഗുണങ്ങളുടെ*
*അസാധാരണവും അത്യുജ്ജ്വലവുമായ*
*ആവിഷ്ക്കാരം*




The Sathyadoothan Monthly


لا الٰہ الا اللہ محمد رسول اللہ

# സത്യദൂതൻ

2022 ഡിസംബർ
ഹി.ശ.1402- ഫത്ഹ്
1444 ജ.ഉ.അവ്വൽ - ജ.ഉ.ആഖിർ
പുസ്തകം 94 ലക്കം 12
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**യഥാർത്ഥ ദൈവത്തെ പ്രാപിക്കാൻ**



**7**
പ്രഭാഷണം
**ഇസ്‌ലാം:**
**അടിസ്ഥാന സാമ്പത്തിക തത്വങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

ഏറ്റവും വികസിത സാമ്പത്തിക ശക്തികളിലൊന്നായ സിംഗപ്പൂരിലെ മൻഡാറിൻ ഓറിയന്റൽ മറീനാ സ്ക്വയറിൽ 2013 സെപ്തംബർ 26ന്ന് നടത്തിയ ചരിത്ര പ്രധാനമായ ഒരു പരിപാടിയിൽ നിരവധി അതിവിശിഷ്ട വ്യക്തികളെ അഭിസംബോധനം ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണം.

**12**
**ഭൂമിയും പർവ്വതങ്ങളും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**യേശുവിന്റെ തിരുപിറവി:**
**സ്ഥലകാലങ്ങളിലെ വൈരുദ്ധ്യങ്ങൾ**
എ.എം. മുഹമ്മദ് സലീം

**23**
**യേശുവിന്റെ അജ്ഞാത ജീവിതം**
എൻ. ഇ. ഹഖ്

**27**
**ലോകസമാധാനം ഇന്നിന്റെ ആവശ്യം**
റവ: ജിനു ജേക്കബ്

**28**
**ഇസ്‌ലാമിനെ കുറിച്ചുള്ള**
**തെറ്റിദ്ധാരണ മാറുന്നു**
ജി ജയറാം

**30**
ഭാഗം - 34
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ**
**സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**37**
കുറിപ്പുകൾ
**ലോകം സാമ്പത്തിക**
**മാന്ദ്യത്തിലേക്കോ?**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരിൽ നിന്നും പല വിഭാഗക്കാർക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന് നേരെ നീ കണ്ണുകളുയർത്തരുത്. (20:131) ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. (4:33)



## നബിവചനം

അബുദർദാഅ് (റ) നിവേദനം: റസൂൽ തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽക്കപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



സുകൃതവാന്മാരായ ദാസരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കാറില്ല. നിങ്ങൾ പരസ്പരം സൗഭ്രാത്രവും സ്നേഹവും പുലർത്തുവീൻ എല്ലാതരത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൽ പൂർണ്ണമായും അകന്നുകൊള്ളുവീൻ. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നും അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കികയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവീൻ ഒരു ത്തരും തന്റെ സുഖാശ്വാസത്തേക്കാൾ തന്റെ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങു വിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ്ണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാവുന്നവൻ മാത്രമേ അതില നിന്ന് രക്ഷപ്പെടുകയുള്ളൂ. (മൽഫൂസാത്ത്)

# നിയമമല്ല നീതിയാണ് പ്രധാനം


ഇസ്‌ലാം നീതിയുടെ മതമാണ്. ഏത് അവസ്ഥയിലും നീതി ഉയർത്തിപ്പിടിക്കുക എന്നത് ഇസ്‌ലാമിന്റെ പ്രഖ്യാപിത നിലപാടാണ്. വിശുദ്ധഖുർആൻ പറയുന്നു.

*'പറയുക എന്റെ നാഥൻ നീതി പ്രവർത്തിക്കാൻ കൽപ്പിച്ചിരിക്കുന്നു.' (7:39)*

നീതിക്ക് പകരം ഫിഖ്ഹ് പണ്ഡിതന്മാർ നിർമ്മിച്ച ഇസ്‌ലാമിക നിയമം നടപ്പാക്കാനുള്ള വ്യഗ്രതയാണ് ഇസ്‌ലാമിക തീവ്രവാദികളുടെ മുദ്രവാക്യങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. നിയമാനുസാരം കണിഷമായി പ്രവർത്തിക്കുക എന്നത് തീവ്രവാദപരമായ ഒരു ജൂത ശൈലിയാണ്. വിശ്വകവി ഷേക്സ്പിയർ *'മർച്ച്ന്റ് ഓഫ് വെനീസ്'* എന്ന നാടകത്തിൽ നിരപരാധിയാണെന്നറിഞ്ഞിട്ടും കരാറിലെ നിയമ വ്യവസ്ഥ പ്രത്യക്ഷരം പാലിക്കാൻ അന്റോണിയോ എന്ന നല്ലവനായ കച്ചവടക്കാരന്റെ ഹൃദയം ചൂഴ്ന്നെടുക്കാൻ ആവശ്യപ്പെട്ട ശൈലോക്കിനെ ഓർക്കുക.

ഇസ്‌ലാം മിക്ക പ്രശ്നങ്ങളിലും നിയമപരമായ ചട്ടകൂട് എന്നതിനേക്കാൾ നിർദ്ദിഷ്ട നിലവാരങ്ങളും മൂല്യങ്ങളുമാണ് മാനവരാശിക്ക് നൽകിയിരിക്കുന്നത്. എല്ലാറ്റിന്നും നിയമം നിർമ്മിച്ച് മനുഷ്യ മനസ്സാക്ഷിയെ ഇസ്‌ലാം യാന്ത്രികമാക്കുയോ മനുഷ്യബുദ്ധിയേയും വിവവേചന ബോധത്തെയും അപ്രസക്തമാക്കുകയോ മനുഷ്യപുരോഗതിയെ തടയുകയോ ചെയ്തിട്ടില്ല. നീതി നടപ്പാക്കുമ്പോൾ സാഹചര്യങ്ങളുടെ പ്രത്യേകതകളും വിഷയത്തിന്റെ സങ്കീർണ്ണതകളും സർവ്വോപരി വിട്ടുവീഴ്ച്ചയും കാരുണ്യവും പരിഗണിക്കേണ്ടതുണ്ടെന്നും ഇസ്‌ലാം ആഗ്രഹിക്കുന്നു. നിയമത്തിന്റെ വഴക്കമില്ലാത്ത ചട്ടകൂടുകൾ പലപ്പോഴും നീതിയുടെ താൽപര്യങ്ങൾ പരിരക്ഷിക്കപ്പെടാൻ പര്യാപ്തമല്ല എന്ന് കാണാം. ചില നിയമങ്ങൾ കാലകാലങ്ങളിൽ മാറ്റത്തിന്ന് വിധേയമാണ്. എന്നാൽ മൂല്യങ്ങൾ ഒരിക്കലും മാറുന്നില്ല. അത് കൊണ്ടാണ് അന്ത്യനാൾ വരെ നിലനിൽക്കുന്ന വിശുദ്ധ ഖുർആനിൽ പ്രശ്നപരിഹാരത്തിന്നായി നിശ്ചിതമായ നിയമരൂപങ്ങൾക്ക് പകരം നിർദ്ദേശകതത്വങ്ങളും മാർഗ്ഗദർശന വചനങ്ങളും അധികമായി കാണാൻ കഴിയുന്നത്. നിയമ വാഴ്ച്ചക്ക് പകരം നീതിയുടെ വാഴ്ച്ചയാണ് ഇസ്‌ലാം അഭിലഷിക്കുന്നത്. അമിതമായ നിയമനിർമ്മാണ പ്രവണത ഒരു ജൂതസമ്പ്രദായമാണെന്ന് ഖുർആൻ ഓർമ്മിപ്പിക്കുകയും അതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നത് കാണുക.

***'അല്ലയോ വിശ്വാസികളെ, വെളിപ്പെടുത്തി തന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ ചോദിക്കായ്‌വീൻ .... അല്ലാഹു തന്നെ അവയെ വിട്ടുകളഞ്ഞിരിക്കുകയാണ്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനുമത്രെ. നിങ്ങൾക്ക് മുമ്പേയുള്ള ഒരു ജനം നിശ്ചയമായും അപ്രകാരം ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അവർക്ക് നിദ്ദേശങ്ങൾ ലഭിച്ചപ്പോൾ അവർ അതിനെ തിരസ്ക്കരിച്ചു കളയുകയാണുണ്ടായത് ' (5:102,103).*** അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് പ്രവാചകരോട് വിധി സമ്പാദിക്കുന്നതിനെതിരെ റസൂൽ തിരുമേനിയുടെ ഒരു തിരുവചനം കാണുക: ***'നിഷിദ്ധമല്ലാത്ത ഒരു സംഗതി ഒരാൾ ചോദിച്ചു. അയാൾ ചോദിച്ചതു കൊണ്ട് അത് നിഷിദ്ധമാക്കപ്പെട്ടു. അയാളാണ് മുസ്‌ലിംകളിൽ ഏറ്റവും വലിയ പാപി ' (ബുഖാരി).*** മറ്റൊരു വചന ത്തിൽ ***'നിങ്ങൾക്ക് വിട്ടു തന്ന കാര്യങ്ങളിൽ എന്നോട് സംസാരിക്കാതിരിക്കുക. അമിതമായ ചോദ്യങ്ങളും തങ്ങളുടെ പ്രവാചകന്മാരെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങളുമായിരുന്നു നിങ്ങൾക്ക് മുമ്പുള്ളവരുടെ നാശഹേതു. ഞാനൊരു കാര്യം നിരോധിച്ചാൽ അതിൽ നിന്നും വിട്ടു നിൽക്കുക. കൽപ്പിച്ചാൽ കഴിവനുസരിച്ച് അത് ചെയ്യുക. ഞാൻ നിരോധിച്ച കാര്യങ്ങൾ ഉപേക്ഷിക്കുക' (ബുഖാരി)*** നീതി ബോധം ദിവ്യമായ എല്ലാ സദ്ഗുണങ്ങളുടേയും പ്രതിഫലനമാണ്. നിയമരൂപം നീതി നടപ്പാക്കാനുള്ള ഉപകരണം മാത്രമാണ്.



ഹദ്റത്ത് അഹ്മദ് (അ)

# യഥാർത്ഥ ദൈവത്തെ പ്രാപിക്കാൻ

മതം ആശ്ലേഷിക്കുന്നതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം മോക്ഷത്തിന്റെ ഉറവിടമായ ദൈവത്തെ തന്റെ നേത്രങ്ങൾക്കൊണ്ട് ദർശിക്കുന്ന വിധത്തിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ്. കാരണം പാപത്തിന്റെ അശുദ്ധമായ ആത്മാവ് മനുഷ്യനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അപരാധികൾക്ക് ശിക്ഷ നൽകുന്നവനും ഭക്തമാർക്ക് സന്തോഷം നൽകുന്നവനുമായ ഒരു ദൈവമുണ്ടെന്ന് അറിയുകയും ജീവനുള്ളവനും പരിപൂർണ്ണനുമായ ആ ദൈവത്തിൽ ദൃഢവിശ്വാസം ഉണ്ടാവുകയും ചെയ്യുന്നത് വരെ പാപത്തിന്റെ വിനാശകരമായ വിഷയത്തിൽ നിന്ന് മനുഷ്യന്ന് ഒരു പ്രകാരത്തിലും രക്ഷപ്പെടാൻ സാദ്ധ്യമല്ല. ഹാനികരമായ ഒരു വസ്തുവിനെക്കുറിച്ച് ഒരാൾക്ക് വ്യക്തമായി മനസ്സിലാക്കിക്കഴിഞ്ഞാൽ അയാൾ ആ വസ്തുവിന്റെ സമീപത്തേക്ക് പോകുകയില്ല എന്നത് നാം സാധാരണയായി കണ്ടുവരാറുള്ള സംഗതിയാണല്ലോ. ഉദാഹരണമായി ആരും തന്നെ അറിഞ്ഞുകൊണ്ട് വിഷം കഴിക്കുകയോ ക്രുദ്ധനായ വ്യാഘ്രത്തിന്ന് മുമ്പിൽ ചെന്ന് നിൽക്കുകയോ പാമ്പിൻ മാളത്തിൽ കൈയ്യിടുകയോ ചെയ്യാറില്ല. പിന്നെ എന്തു കൊണ്ട് മനപ്പൂർവ്വം പാപം ചെയ്യുന്നു? ഇതിന്റെ പ്രധാന കാരണം മറ്റു വസ്തുക്കളെ കുറിച്ച് വ്യക്തമായ അറിവുള്ളത് പോലെ ദൃഢമായ വിശ്വാസം അല്ലാഹുവിൽ ഇല്ലായെന്നതാണ്. അതിനാൽ അല്ലാഹുവിൽ ദൃഢവിശ്വാസം കരസ്ഥമാക്കാനും അവനെ ഭയപ്പെടുന്നതിന്നും, പാപത്തിൽ നിന്ന് രക്ഷപ്പെടുന്നതിന്ന് വേണ്ടിയും ദൃഢവിശ്വാസം കരസ്ഥമാക്കാൻ സാധിക്കുന്ന മതത്തെ സ്വീകരിക്കുക എന്നതാണ് മനുഷ്യന്റെ പ്രധാനമായ കടമ. എന്നാൽ അപ്രകാരമുള്ള ദൃഢവിശ്വാസം എങ്ങനെയാണ് കരസ്ഥമാക്കുക? വെറും കഥകളിലൂടെയോ ബുദ്ധിയുടെ യുക്തി ന്യായം കൊണ്ടോ മാത്രം ഇത് ഒരിക്കലും ആർജ്ജിച്ചെടുക്കാൻ സാധ്യമല്ല. ഈ ദൃഢവിശ്വാസം കരസ്ഥമാക്കുന്നതിന്ന് ഒരേയൊരു മാർഗ്ഗമേയുള്ളൂ എന്ന കാര്യം മനസ്സിലാക്കുക. അത് മനുഷ്യൻ ദൈവഭാഷണം മുഖേന അവന്റെ അനന്യസാധാരണമായ അടയാളങ്ങൾ ദർശിക്കുകയോ നിരന്തരമായ അനുഭവ ജ്ഞാനത്തിലൂടെ അവന്റെ മഹത്വത്തിലും ശക്തി പ്രഭാവത്തിലും ദൃഢമായി വിശ്വസിക്കുകയോ ചെയ്യുക. അല്ലെങ്കിൽ ഈ പദവി ആർജ്ജിച്ചവരുടെ കൂടെ സഹവസിക്കുകയോ ചെയ്യുക എന്നതാണ്. (നസീമെ ദഅ്വത്ത്)

മതത്തിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹുവിന്റെ സത്തയിലും അവന്റെ സർവ്വഗുണത്തിലും ദൃഢമായി വിശ്വസിച്ചുകൊണ്ട് ശാരീരിക വികാരങ്ങളിൽ നിന്ന് മനുഷ്യൻ മോചനം നേടുകയും അല്ലാഹുവുമായി വ്യക്തിപരമായ നിലയിൽ ഒരു സ്നേഹം ഉണ്ടാകുകയും ചെയ്യുക എന്നതാണ്. യഥാർത്ഥത്തിൽ ഈ സ്വർഗ്ഗമാണ് മരണാനന്തരം വിവിധ രൂപങ്ങളിൽ വെളിപ്പെടുന്നത്. അതുപോലെ യഥാർത്ഥ ദൈവത്തെക്കുറിച്ച് ബോധവാനാകാതെ അവനിൽ നിന്ന് ദൂരപ്പെടുകയും അവനുമായുള്ള സത്യമായിട്ടുള്ള സ്നേഹം സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിലുള്ള നരകം. ഈ നരകം മരണാനന്തരം വിവിധ രൂപങ്ങളിൽ പ്രകടമാകുന്നു. ദൈവത്തിന്റെ സത്തയിൽ ദൃഢമായ വിശ്വാസവും സമ്പൂർണ്ണ സ്നേഹവും കരസ്ഥമാക്കുക എന്നതാണ്. ഈ മാർഗ്ഗത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്നാൽ ഇനി മനസ്സിലാക്കേണ്ടത്, ഏത് മതവും ഏത് ഗ്രന്ഥവും മുഖേനയാണ് ഉദ്ദേശം സഫലീകൃതമാവുന്നുവെന്നാണ്. ഇതിനായി ബൈബിൾ നൽകുന്ന മറുപടി ദൈവിക ഭാഷണത്തിന്റെ കവാടങ്ങൾ അടഞ്ഞിരിക്കുകയും ദൃഢവിശ്വാസത്തിന്റെ മാർഗ്ഗങ്ങൾ തടയപ്പെട്ടിരിക്കുകയാണെന്നും സംഭവിച്ചതെല്ലാം മുമ്പേ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഭാവിയിൽ ഒന്നും തന്നെ സംഭവിക്കാനില്ല എന്നുമാണ് ഇങ്ങനെയുള്ള ഗ്രന്ഥത്തിൽ നിന്ന് എന്ത് പ്രയോജനമാണ് നമുക്ക് എടുക്കാൻ സാധിക്കുക? ഇങ്ങനെയുള്ള മരിച്ച ദൈവത്തിൽ നിന്ന് എന്ത് അനുഗ്രഹമാണ് നമുക്ക് ലഭിക്കുക?

(ചശ്മെ മസീഹ്)

ഏറ്റവും വികസിത സാമ്പത്തിക ശക്തികളിലൊന്നായ സിംഗപ്പൂരിലെ മൻഡാറിൻ ഓറിയന്റൽ മറീനാ സ്‌ക്വയറിൽ 2013 സെപ്തംബർ 26 ന്ന് നടത്തിയ ചരിത്ര പ്രധാനമായ ഒരു പരിപാടിയിൽ നിരവധി അതിവിശിഷ്ട വ്യക്തികളെ അഭിസംബോധനം ചെയ്തുകൊണ്ട് നടത്തിയ പ്രഭാഷണം.

# ഇസ്‌ലാം:
# അടിസ്ഥാന സാമ്പത്തിക തത്വങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്** (അയ്യദഹു...)

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേരുകയും നിറസാന്നിദ്ധ്യം കൊണ്ട് ഈ സദസ്സിനെ അനുഗ്രഹിക്കുകയും ചെയ്ത നിങ്ങൾക്കെല്ലാവർക്കും ആദ്യമായി എന്റെ ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഒരു രാഷ്ട്രതലവന്റെയോ ശാസ്ത്ര പ്രമുഖന്റേയോ വിദഗ്ദന്റെയോ ഉന്നതസ്ഥാനീയനായ ഒരു രാഷ്ട്രീയ നേതാവിന്റെയോ ക്ഷണം സ്വീകരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഒരു ഇസ്‌ലാം മത വിഭാഗം സംഘടിപ്പിച്ച സ്വീകരണ പരിപാടിയിൽ സംബന്ധിക്കാനാണ് നിങ്ങൾ ഇവിടെ എത്തിചേർന്നത്. നിങ്ങൾ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തുമായോ ഞങ്ങളുടെ മതവുമായോ പോലും ബന്ധപ്പെട്ടവരല്ല. തീർച്ചയായും നിങ്ങളുടെ വിശാലമനസ്ക്കതയും ഉന്നതമായ ധാർമികനിലവാരവും ഇതിൽ പ്രതിഫലിക്കുന്നു. ഭൗതിക രംഗത്തുള്ള നേതാക്കന്മാരുമായി ബന്ധം സ്ഥാപിക്കുന്നത് ലൗകികമായ നമ്മുടെ കെട്ടുപാടുകളിൽ വർദ്ധനവുണ്ടാക്കുകയും വിപുലമായ ബന്ധങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു. ഒരു ശാസ്ത്ര വേദിയിൽ ഒരാൾ പങ്കെടുത്താൽ അയാൾക്ക് ശാസ്ത്രത്തിന്റെ പുതിയ നേട്ടങ്ങൾ മനസ്സിലാക്കാനാവും. ഒരാൾ അക്കാദമീഷ്യൻമാരുടെയോ പണ്ഡിതന്മാരുടെയോ ഒരു സംഘത്തിൽ ചേരുമ്പോൾ അത് അയാളുടെ വിജ്ഞാന വർദ്ധനവിന് കാരണമാവുന്നു.

മാത്രമല്ല സമകാലീന ലോകത്ത് ഒരു സാമ്പത്തിക വിദഗ്ദന്റെ അഭിപ്രായം മറ്റെന്തിനേക്കാളും പ്രധാനമുള്ളതായി കണക്കാക്കപ്പെടുന്നു. ഇതിന്ന് കാരണം ആഗോളതലത്തിൽ സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ച്കൊണ്ട് വമ്പിച്ച യത്നങ്ങൾ നിരന്തരം നടത്തിവരുന്ന അവസരത്തിൽ തന്നെ കഴിഞ്ഞ കുറേവർഷങ്ങളായി ആഗോള വ്യാപകമായി സാമ്പത്തിക പ്രതിസന്ധി പരക്കുകയാണ്. സിംങ്കപൂർ ഒരു ചെറിയ രാജ്യമാണല്ലോ. ലോക സാമ്പത്തിക പുരോഗതിക്കൊപ്പം സിംങ്കപ്പൂരും അതിന്റെ പങ്ക് നിർവ്വഹിക്കുന്നു. തീർച്ചയായും നിങ്ങളിൽ പലരും ആ സാമ്പത്തിക പുരോഗതിയിൽ യഥാക്രമം ഭാഗഭാക്കാവുന്നവരാണെന്ന് എനിക്കുറപ്പുണ്ട്. ഇക്കാരണത്താൽ തന്നെ സാമ്പത്തിക വിദഗ്ദരുടെ പുതിയ സിദ്ധാന്തങ്ങളോ അഭിപ്രാ

യങ്ങളോ അറിയാനും അവരുടെ വിശകലനങ്ങൾ കേൾക്കാനും നിങ്ങൾക്ക് താൽപര്യമുണ്ടാകും. രാഷ്ട്രീയത്തെകുറിച്ച് പറയുകയാണെങ്കിൽ ഗവൺമെന്റുകളും അന്തർദേശീയ നയങ്ങളും സമയാസമയങ്ങളിൽ മാറിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. അത്കൊണ്ട് ജനങ്ങൾ രാഷ്ട്രീയക്കാർ പറയുന്ന വീക്ഷണങ്ങൾ പ്രത്യേക താൽപര്യത്തോടെ ശ്രവിക്കുകയും ഏറ്റവും പുതിയ രാഷ്ട്രീയ സംഭവ വികാസങ്ങൾക്കൊപ്പം അണിചേർന്ന് പോകുകയും ചെയ്യുന്നു.

ഏതായാലും മതത്തിന്റെ കാര്യമെടുക്കുമ്പോൾ ലോകത്തെവിടെയും അതിന്ന് കൂടുതൽ പ്രാധാന്യം നൽകാറില്ല. മതകാര്യത്തിൽ അൽപം തൽപരരായവർ പോലും അല്ലെങ്കിൽ മതത്തിന്റെ ആളുകളെന്ന് സ്വയം വിളിക്കുന്നവർ പോലും ഭൗതിക കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. കഴിയുന്നതും മതകാര്യങ്ങൾക്ക് രണ്ടാം സ്ഥാനമാണ് നൽകുക. ഈ കാര്യങ്ങളുടെയെല്ലാം വെളിച്ചത്തിൽ ഒരു ആഗോളമത നേതാവിന്റെ ക്ഷണം സ്വീകരിച്ച് ഈ സ്വീകരണ പരിപാടിയിൽ എത്തുക എന്നത് നിങ്ങളുടെ ഉന്നത നിലവാരത്തിലുള്ള സഹിഷ്ണുതയുടെയും വിശാല ഹൃദയത്വത്തിന്റെയും അടയാളമായി ഞാൻ കാണുന്നു. നിങ്ങളോട് നന്ദി പ്രകടിപ്പിക്കുക എന്നത് എന്റെ പ്രാഥമികമായ ഉപചാരക്രമത്തിന്റെ ഭാഗമാണ്. ഞാൻ അത് നിർവ്വഹിക്കുന്നില്ലെങ്കിൽ അത് എന്റെ മതപരമായ അദ്ധ്യാപനങ്ങളോടുള്ള അവഗണന കൂടിയായിമാറും. ഒരു മനുഷ്യൻ ജനങ്ങളോട് നന്ദി കാണിക്കുന്നില്ലെങ്കിൽ അയാൾ തന്റെ സ്രഷ്ടാവിനോടും നന്ദി കാണിക്കുന്നില്ല എന്ന ഇസ്‌ലാം മത സ്ഥാപകനായ പരിശുദ്ധ പ്രവാചകന്റെ അധ്യാപന പാഠം ഉള്ളത്കൊണ്ട് കൂടിയാണ് ഞാനിപ്രകാരം ചെയ്യുന്നത്. ഈ നന്ദി ഭാവമില്ലെങ്കിൽ എല്ലാ വിധത്തിലുള്ള ആരാധനയും അർത്ഥശൂന്യവും പൊള്ളയുമാണ്.

ഈ ഹ്രസ്വമായ ഉപക്രമത്തിനും നന്ദി പ്രകാശനത്തിന്നും ശേഷം എന്റെ മതത്തിന്റെ അദ്ധ്യാപനങ്ങളെപ്പറ്റി ഏതാനും കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇസ്‌ലാം ലോകത്തിന്ന് ധാർമികവും ആത്മീയവുമായ അധ്യാപനങ്ങൾ നൽകികൊണ്ട് ഉന്നതമായ നിലവാരം നേടിയെടുക്കാൻ ഉപദേശിക്കുന്നു. ഈ അദ്ധ്യാത്മികമായ ശിക്ഷണങ്ങൾ കൂടാതെ സമൂഹത്തിൽ എങ്ങിനെ ജീവിക്കണം എന്നതിനെ കുറിച്ചും എപ്രകാരമാണ് സാമൂഹിക ജീവിതം നിർവ്വഹിക്കേണ്ടത് എന്നത് സംബന്ധിച്ചും ഒരു സമ്പൂർണ്ണ പെരുമാറ്റ സംഹിത നിർദ്ദേശിക്കുന്നു. ഒരു കുടുംബ യൂണിറ്റിന്റെ അടിസ്ഥാന ഘടകം മുതൽ അന്തർദേശീയ ബന്ധങ്ങൾവരെ എല്ലാ തലത്തിലുമുള്ള വിശദമായ മാർഗ്ഗനിർദേശങ്ങൾ ഇസ്‌ലാം നൽകുന്നു. കൂടാതെ നമ്മുടെ ധനപരവും സാമ്പത്തികവുമായ ഇടപാടുകൾ എങ്ങിനെ നിർവ്വഹിക്കണം എന്നതിനെ സംബന്ധിച്ച് ഒരു യഥാർത്ഥ മുസ്‌ലിമിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇസ്‌ലാം നൽകുന്നു. ദൈവത്തോടുള്ള കടമകൾ നിർവ്വഹിക്കാൻ പറയുന്നതോടൊപ്പം തന്നെ ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകളും നിർവ്വഹിക്കാൻ ഖുർആനിലൂടെ നൽകപ്പെട്ട ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നിഷ്ക്കർശിക്കുന്നു. ഈ വിഷയവും ഇത് സംബന്ധിച്ച ഇസ്‌ലാമികാദ്ധ്യാപനങ്ങളും വളരെ വിശാലമാണ്. അവയെല്ലാം ഇന്നൊരു ദിവസംകൊണ്ട് ചർച്ച ചെയ്യുക അസാദ്ധ്യമാണ്. അതുകൊണ്ട് ഇസ്‌ലാം മുന്നോട്ട് വെച്ച സാമ്പത്തിക വ്യവസ്ഥയെ സംബന്ധിച്ചുമാത്രമാണ് ഞാൻ സംസാരിക്കാനാഗ്രഹിക്കുന്നത്. ഞാൻ പ്രസ്തുത വിഷയസംബന്ധമായി ചെറിയ ഒരു വശത്തെ പറ്റി മാത്രമാണ് സ്പർശിക്കുന്നത്. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിസ്ഥാന സാമ്പത്തിക തത്വങ്ങളെ സംബന്ധിച്ച ചില വസ്തുതകൾ മാത്രം പ്രതിപാതിക്കുന്നതാണ്.

ഇന്ന് ലോകത്ത് മിക്കവാറും ഇസ്‌ലാം തീവ്രവാദത്തിന്റെയും ബലപ്രയോഗത്തിന്റെയും മതമാണെന്ന വിശ്വാസവും ധാരണയുമാണുള്ളത്. ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തിക വ്യവസ്ഥയെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു പക്ഷേ പലരും ധരിക്കുക ദൈവത്തിന്റെ നാമത്തിൽ ചില നിഷിപ്ത താൽപര്യങ്ങൾ നിറവേറ്റാൻ ഒരു ഉപാധി മാത്രമാണ് എന്നാണ്. അതായത് ഇസ്‌ലാമികമായ സാമ്പത്തിക മാതൃക ബലപ്രയോഗത്തിന്റേയും നിർബന്ധത്തിന്റേയും അടിസ്ഥാനത്തിലുള്ളതായിരിക്കും. ഇതിനെ സംബന്ധിച്ച് എനിക്ക് ആദ്യമായി പറയാനുള്ളത് ഇത് തികച്ചും തെറ്റാണ് എന്നാണ്. യാഥാർത്ഥ്യം ഇതിന്ന് നേർ വിപരീതവുമാണ്. അത്തരത്തിലുള്ള തെറ്റിദ്ധാരണ ഉണ്ടാവാനുള്ള കാരണം നിരവധി മുസ്‌ലിം മത പണ്ഡിതന്മാർക്ക് യഥാർത്ഥ ഖുർആനിക അദ്ധ്യാപനങ്ങളെ പറ്റി അറിവില്ല എന്നത്കൊണ്ടാണ്. ഇക്കാരണത്താൽ ഇസ്‌ലാമിനെ പറ്റി തികച്ചും തെറ്റായ ഒരു ചിത്രമാണ് അമുസ്‌ലിം ലോകത്തിന്നു മുമ്പിൽ സമർപ്പിക്കപ്പെടുന്നത്. അതിൽ കൂടുതലായി ദുഖകരമായ ഒരുകാര്യം മുസ്‌ലിംകളിൽപ്പെട്ട സ്വാർത്ഥമതികളായ ഒരു ചെറിയ വിഭാഗം ന്യൂനപക്ഷം അവരുടെ വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടികൂടിയാണ് ഇസ്‌ലാമിനെ ഈ വിധം ചിത്രീകരിക്കുന്നത്. അവർ തങ്ങളുടെ ദുരയുടെയും ആസക്തിയുടെയും ശമനത്തിന്ന് വേണ്ടി ഇസ്‌ലാമികാദ്ധ്യാപനങ്ങളെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയും അതുകാരണമായി ഇസ്‌ലാമിനെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അവരുടെ ജുഗുപ്സാവഹമായ ചെയ്തികൾ ഇസ്‌ലാമിന്റെ പരി

ശുദ്ധ നാമത്തെ കളങ്കപ്പെടുത്തുന്നു. സത്യമെന്താണെന്ന് വെച്ചാൽ എല്ലാ കാര്യങ്ങൾക്കും ഇസ്‌ലാം യുക്തിപരവും ന്യായവുമായ വിശദീകരണങ്ങൾ നൽകുന്നു അത് പൂർണ്ണമായും ബുദ്ധിപരവും നീതിയുക്തവുമാണ്. യാഥാർത്ഥ്യമിതാണ് എല്ലാ കാര്യത്തിലുമെന്നപോലെ എല്ലാ സാമ്പത്തിക ഇടപാടുകളും വിവേകത്തോടും ആലോചനാപൂർവ്വവുമായിരിക്കണം. ഞാൻ വിശുദ്ധ ഖുർആനിൽ നിന്നുള്ള ഒരു അടിസ്ഥാനതത്വം ഉദ്ദരിക്കട്ടെ. അല്ലാഹു പറയുന്നു:

***ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക്‌വേണ്ടി സൃഷ്ടിച്ചവനാണവൻ (2:30)***

ഖുർആൻ പറയുന്നത് ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ളതെല്ലാം മനുഷ്യവംശത്തിന്റെ നന്മക്ക് വേണ്ടിയാണ് എന്നാണ്. പ്രാഥമികമായി ഒരു രാജ്യം പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമായിട്ടുണ്ടെങ്കിൽ അത് ആ രാജ്യത്തെ ജനങ്ങളുടെ നന്മക്ക് വേണ്ടിയുള്ളതാണ്. ഈയൊരു സാദ്ധ്യതയെ ഇസ്‌ലാം കൂടുതൽ വിശാലമായ ഒരു വൃത്തത്തിലേക്ക് വിപുലീകരിച്ചുകൊണ്ട് പറയുന്നത്, നാം നമ്മുടെ അയൽപക്കത്തെയും ശ്രദ്ധിക്കുകയും സഹായിക്കുകയും ചെയ്യണമെന്നാണ് ഖുർആൻ നിർവ്വചിക്കുന്നത്. നിങ്ങളുടെ ഏറ്റവും അടുത്ത അയൽക്കാരനെയാണ്. അതായത് നിങ്ങളുടെ സഹപ്രവർത്തകൻ, നിങ്ങളുടെ സഹയാത്രികൻ. മുഹമ്മദ് നബി(സ) അയൽപക്ക വീടിനെ നിങ്ങളുടെ വീടിന്ന് ചുറ്റുമുള്ള 40 വീടുകൾവരെ അത് വിപുലീകരിച്ചിട്ടുണ്ട്. അത് അയൽപക്ക നഗരങ്ങളിലേക്കും രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കാം. ഇതിന്റെ വിശാലത ഭാവനയിൽ കാണാവുന്നതാണ്. ഒരു വശത്ത് ദൈവം ഒരു രാജ്യത്തിന്ന് നൽകിയ വിഭവങ്ങളുടെ ഫലങ്ങൾ കൊയ്തെടുക്കുമ്പോൾ മറുവശത്ത് ദരിദ്രരായ ജനങ്ങളേയും രാജ്യങ്ങളേയും അവർ സഹായിക്കേണ്ടതാണ്. അത്തരം വിഭവങ്ങൾ വ്യക്തിപരമായ താൽപര്യങ്ങളില്ലാതെ സ്വാർത്ഥ രഹിതമായി വിനിയോഗിക്കണം. ആസക്തി രഹിതവും ആഗ്രഹരഹിതമായും യാതൊരു വിധ പക്ഷപാതിത്വങ്ങളുമില്ലാതെയായിരിക്കണം അത് വിനിയോഗിക്കേണ്ടത്.

നാം പ്രകൃതിയെ നിരീക്ഷിക്കുകയാണെങ്കിൽ പ്രകൃതി വിഭവങ്ങൾ വിന്യസിച്ചുകൊണ്ട് എപ്രകാരമാണ് അത് സമ്പന്നമാക്കപ്പെട്ടിരിക്കുന്നത് എന്ന് കാണാൻ സാധിക്കും. അവയോരോന്നും തന്നെ ലോകത്തിന്റെ സാമ്പത്തിക ശ്രേയസ്സിന്ന് നിർവ്വഹിക്കുന്ന പങ്കും നമുക്ക് കാണാൻ സാധിക്കും. ഉദാഹരണത്തിന്ന് സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിൽ പർവ്വതങ്ങൾ വഹിക്കുന്ന പങ്ക് നമുക്കറിയാം. ഇപ്പോൾ ഭൂഗർഭത്തിലുള്ള പ്രകൃതി വിഭവങ്ങളെ പറ്റിയും നമുക്കറിയാം. ഉദാഹരണത്തിന്ന് ഭൂമിക്കടിയിൽ അമൂല്യമായതും അത്യധികം വില പിടിപ്പുള്ളതുമായ ആഭരണക്കല്ലുകളും ധാതുക്കളും കാണപ്പെടുന്നു. അതുപോലെ വമ്പിച്ച സമ്പത്ത് നിരന്തരം പ്രദാനം ചെയ്യുന്ന എണ്ണ നിക്ഷേപങ്ങളും നാം കാണുന്നു. കൂടാതെ നിറഞ്ഞൊഴുകുന്ന നദികളും നാം കാണുന്നു. തീർച്ചയായും ജലം അനർഘമായ ഒരു അടിസ്ഥാന വിഭവമാണ്. അത് എക്കാലത്തും മനുഷ്യന്ന് ആവശ്യമുള്ളള്ള ഒരു വസ്തുവാണ്. തീർച്ചയായും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന ദീർഘകാലത്തെ ജലദൗർലഭ്യം ഗുരുതരമായതും നിർഭാഗ്യകരവുമാണ്. എന്തായാലും ഇപ്രകാരമാണ് ലോകത്തിലുടനീളം സർവ്വ ശക്തനായ ദൈവം വിഭവങ്ങൾ വിന്യസിച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ അദ്ധ്യാപനമെന്താണെന്ന് വെച്ചാൽ ഈ ആഗോള വിഭവങ്ങളും സമ്പത്തുമെല്ലാം മനുഷ്യ വംശത്തിന്റെ കൂട്ടു സ്വത്താണ് എന്നാണ്. അതുകൊണ്ട് ഈ അനുഗ്രഹങ്ങളെല്ലാം ജനങ്ങൾക്ക് പൊതുവായുള്ളതാണ്. ആയതിനാൽ അതിന്റെ ഗുണം എല്ലാവർക്കും ലഭ്യമാകണം. ഭൂമിയുടെ അകത്തും പുറത്തുമായി അല്ലാഹു നൽകിയിട്ടുള്ള ഈ വിപുലമായ വിഭവങ്ങൾ ഏതാനും ചില തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് മാത്രം അനുഭവിക്കാനുള്ളതല്ല. ലോകത്തിന്റെ എല്ലാ ഭാഗത്തും വസിക്കുന്ന ജനങ്ങളിൽ ഓരോരുത്തരുടെയും നന്മക്കുള്ളതായിരിക്കണം.

ദൈവത്തിന്റെ ആ അനുഗ്രഹങ്ങൾ അനുഭവവേദ്യമാക്കാൻ മുതൽമുടക്കുകയോ സാങ്കേതിക വൈദഗ്ദ്യം ഉപയോഗിക്കുകയോ ചെയ്യുന്നവരുണ്ട്. തീർച്ചയായും ചില നേട്ടങ്ങളും പ്രോത്സാഹനങ്ങളും ലഭിക്കാൻ അവർക്ക് അവകാശമുണ്ട്. അത്തരം പ്രകൃതി വിഭവങ്ങൾ വേർതിരിച്ചെടുത്ത് മനുഷ്യന്ന് ഗുണപ്രദമായി ഉപയോഗ്യമാക്കാൻ വേണ്ടി നവീനവും എളുപ്പത്തിലുള്ളതുമായ സാങ്കേതിക വിദ്യകളും മെഷീനുകളും വികസിപ്പിച്ചെടുക്കുന്ന ശാസ്ത്രജ്ഞന്മാരും ഇവിടെയുണ്ട്. തീർച്ചയായും അത്തരം ശ്രമങ്ങൾക്കുള്ള പ്രതിഫലവും അവർക്ക് ലഭ്യമാകണം. ഇന്നത്തെ സമകാലീന സാഹചര്യത്തിൽ അത്തരം തൊഴിലാളികൾക്ക് അർഹമായ ശമ്പളവും ജോലി സാഹചര്യവും ലഭ്യമാക്കൽ ഭരണകൂടങ്ങളുടെയും ചുമതലയാണ്. അത്തരത്തിൽ ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം കഴിയുന്നത്ര കുറച്ചുകൊണ്ട് വരാൻ സാധിക്കും. തൊഴിലും മറ്റു ആനുകൂല്യങ്ങളും നൽകുക എന്നത് ധനികരായ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും കൂടി കടമയാണ്. അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള അല്പം പണം അനുവദിച്ച ധനികരായ ആളുകളുടെ സ്വത്തുക്കൾ അവരിൽ നിന്ന് ബലമായി പിടിച്ചെടുക്കാൻ സോഷ്യലിസം അനുശാസിക്കുന്നത് പോലെ ഇസ്‌ലാം പറയുന്നില്ല. തൊഴിലാളിയും തൊഴിൽ ദായകനും ഒരുപോലെ സമന്മാരാകണമെന്ന വ്യവസ്ഥയും ഇസ്‌ലാം മുന്നോട്ടുവെക്കുന്നില്ല. ഒരു രാജ്യത്തിന്റെ വിഭവങ്ങളാണ് അതിന്റെ ദേശീയ സമ്പത്ത് രൂപീകരിക്കുന്നത്. അതിനാൽ അത്

എല്ലാ ജനവർഗ്ഗങ്ങളിലും എല്ലാ ജന വിഭാഗങ്ങളിലുംപെട്ട ആളുകൾക്ക് സേവനത്തിന്നുതകണം. രാജ്യത്തിന്റെ സമ്പത്തിന്ന് രാജ്യത്തെ എല്ലാ പൗരന്മാരുടെയും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്താൻ കഴിയണം.

ഉദാഹരണമായി ഇസ്‌ലാമികാദ്ധ്യാപന പ്രകാരം സമൂഹത്തിലെ ഓരോകുട്ടിക്കും അവന്റെ പാശ്ചാത്തലം ഏതൊന്നാവട്ടെ ശരിയായ വിദ്യാഭ്യാസം നൽകണം. അങ്ങിനെ അവർ സമൂഹത്തിൽ ഏതെങ്കിലും വൈദഗ്ദ്യം നേടിയവരും ഉപകാര പ്രദമായവരുമായിതീരണം. അതുപോലെ മറ്റു ജീവിത സൗകര്യങ്ങളും എല്ലാവർക്കും ഒരുപോലെ നൽകപ്പെടണം. സമകാലീന ലോകത്തെ ഭരണസംവിധാനങ്ങൾ ഇതെല്ലാം വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെയത്രത്തോളം അവയൊന്നും വരുന്നില്ല. ഇസ്‌ലാം ഒരു ചുവടുകൂടി മുന്നോട്ട്വെച്ച് കൊണ്ട് പറയുന്നത് നിങ്ങൾ സ്വയംതന്നെ സഹായിച്ചാൽ മാത്രം പോര നിങ്ങളുടെ അയൽക്കാരനേയും സഹായിക്കണം എന്നാണ് അതായത് രാജ്യങ്ങൾ അവരുടെ സമ്പത്ത് അയൽ രാജ്യങ്ങളുടെ ക്ഷേമത്തിന്നായി ചില വഴിക്കണം. ഏതെങ്കിലും ഒരു രാജ്യത്തിന്ന് വിഭവ ദൗർലഭ്യം അനുഭവപ്പെടുന്നുവെങ്കിൽ അവർക്ക് അത് ലഭ്യമാക്കാൻ പിന്തുണക്കുക എന്നത് അടുത്ത രാജ്യത്തിന്റെ ബാദ്ധ്യതയാണ്. തീർച്ചയായും സഹായം നൽകേണ്ട രാജ്യങ്ങളുടെ വൃത്തം വിപുലമായികൊണ്ടേപോവും. ഒരു രാജ്യം തങ്ങളുടെ തൊട്ട അയൽപക്കത്തെ മാത്രം സഹായിച്ചാൽ പോര. ലോകം മുഴുക്കെയുള്ള ദരിദ്രരായ രാജ്യങ്ങളെയും അവർ സഹായിക്കാൻ ബാദ്ധ്യസ്ഥരാണ്.

ഞാൻ പറയാനാഗ്രഹിക്കുന്ന മറ്റൊരുകാര്യം സരവ്വശക്തനായ അല്ലാഹു വിവിധരാജ്യങ്ങൾക്ക് വിഭിന്നങ്ങളായ വിഭവങ്ങൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു അത്കൊണ്ട് ഒരു രാജ്യത്തിന്ന് അവരുടെ വിഭവങ്ങൾ തിരിച്ചറിഞ്ഞ് ഉപയോഗിക്കാനുളള സാങ്കേതിക വിജ്ഞാനമോ വൈദഗ്ദ്യമോ ഇല്ലെങ്കിൽ അവരെ സഹായിക്കേണ്ടതാണ്. അത്തരം സഹായങ്ങൾ നൽകുന്നത് നിഷ്കളങ്കമായിട്ടായിരിക്കണം. സഹായ ദാതാക്കൾക്ക് അവരുടെ യാതൊരു നിക്ഷിപ്ത താൽപര്യങ്ങളും പൂർത്തീകരിക്കാനായിരിക്കരുത് ഇത്തരം സഹായങ്ങൾ നൽകുന്നത്. ഒരു പ്രത്യേക രാജ്യത്തോടുള്ള ചങ്ങാത്തമോ സഖ്യമോ മറ്റു രാജ്യങ്ങളെ സഹായിക്കുന്ന കാര്യത്തിൽ ഒരു വിഘാതമായി നിന്നുകൂടാ. ഒരു രാജ്യത്തോടുള്ള ഏതെങ്കിലും വിധത്തിലുള്ള ആഭിമുഖ്യം മറ്റൊരു രാജ്യത്തെ അവരുടെ സ്വന്തം കാലിൽ നിൽക്കാനുള്ള ലക്ഷ്യത്തിന്ന് സഹായകരമായിരിക്കണം. ഒരു രാജ്യം മറ്റൊരു രാജ്യത്തെ സഹായിക്കുമ്പോൾ സഹായം സ്വീകരിക്കുന്ന രാജ്യങ്ങളുടെ ചില ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത് വരെയോ മറ്റൊരു മൂന്നാം കക്ഷി രാജ്യമായി ബന്ധം സ്ഥിപിക്കുന്നത് വരെയോ ആ രാജ്യവുമായുള്ള ഉഭയകക്ഷി കരാറിൽ അനീതി പരമായ ഉപാധികൾ വെക്കാൻ പാടുള്ളതല്ല. ദുർവ്വഹമായ ഉപാധികൾ വെച്ച് കെട്ടി ഒരു രാജ്യത്തിന്നും സാങ്കേതിക സഹായം നൽകാൻ പാടില്ല. അതായത് ഒരു രാജ്യത്തിന്ന് തങ്ങളുടെ സ്വന്തം വിഭവങ്ങളിൽ നിന്നും പൂർണ്ണമായും ഗുണം അനുഭവിക്കാൻ സാധിക്കാത്ത വിധം ഉപാധികൾ വെക്കാൻ പാടില്ല. ഒരു രാജ്യത്തെ സഹായിക്കുന്ന മറ്റൊരു രാജ്യത്തിന്ന് സഹായിക്കപ്പെടുന്ന രാജ്യത്തേക്കാൾ നേട്ടമുണ്ടാവാനും പാടുള്ളതല്ല. അത്തരം അനീതി പരമായ കാര്യങ്ങളെല്ലാം ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്കെതിരാണ്. അവയെല്ലാം അസ്വസ്ഥതകളിലേക്കും പ്രക്ഷോഭങ്ങളിലേക്കും നയിക്കും. ഇത്തരത്തിലാണ് കാര്യങ്ങൾ പോവുന്നതെങ്കിൽ അതുണ്ടാക്കുന്ന മാനസികവ്യഥയും തങ്ങളോട് അനീതി അനുവർത്തിക്കപ്പെട്ടു എന്ന ബോധവും തീർച്ചയായും ഒരുനാൾ അവരെ പിടികൂടുകയും അത് തുറന്ന ശത്രുതയിലേക്ക് ചെന്നെത്തുകയും ചെയ്യും. ഇങ്ങിനെ സംഭവിക്കാൻ അനുവദിക്കുകയാണെങ്കിൽ ഉഭയകക്ഷി രാജ്യങ്ങളുടെയും സമാധാനം നഷ്ടപ്പെടലായിരിക്കും ഫലം. പിന്നീട് അന്തർ ദേശീയ തലത്തിലും സമാധാന ഭംഗമുണ്ടാകുന്നു.

തീർച്ചയായും സമകാലീന ലോകം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്. സമ്പന്ന വർഗ്ഗം അവരുടെ സ്വത്ത് ന്യായമായും ഉചിതമായും വിനിയോഗിച്ചിരുന്നുവെങ്കിൽ ഇന്ന് കാണുന്ന രീതിയിൽ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള അന്തരം ലോകത്ത് ഒരിടത്തും ഉണ്ടാകുമായിരുന്നില്ല. അന്തർദേശീയ തലത്തിൽ പാവപ്പെട്ട രാജ്യങ്ങളെ സഹായിക്കും വിധം എല്ലാ സമ്പത്തും ശരിയായ രീതിയിൽ ലോകത്ത് വിതരണം ചെയ്തിരുന്നെങ്കിൽ ഇന്ന് കാണുന്ന വിധത്തിൽ രാജ്യങ്ങൾ തമ്മിലുള്ള അസമത്വങ്ങളും സംഘർഷങ്ങളും വർദ്ധിച്ചു വരില്ലായിരുന്നു. ലോകത്തിലെ ദരിദ്രജനതകളെ സഹായിക്കാനും പിന്തുണക്കാനും ഒരുപാട് സംഘടനങ്ങൾ രൂപീകൃതമായിട്ടുണ്ട്. ലോകത്ത് നിന്നും ദാരിദ്ര്യവും വിശപ്പും തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്ര സഭക്ക് കീഴിൽ നിരവധി സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഐക്യരാഷ്ട്ര സഭ രൂപീകരിച്ച് അറുപത് വർഷം കഴിഞ്ഞിട്ടും പാവപ്പെട്ട രാജ്യങ്ങൾ ദരിദ്രരായും പട്ടിണിക്കാരായും തന്നെ നാം കാണുന്നു എന്നത് ദുഃഖകരമാണ്. അതേസമയം വികസിത രാജ്യങ്ങൾ സമ്പന്നരായും ശക്തിശാലികളായും നിലകൊള്ളുകയും ചെയ്യുന്നു. മനുഷ്യ സമൂഹത്തിന് ദൈവം നൽകിയ വിഭവങ്ങളിൽ നിന്നുള്ള സമ്പത്ത് സംയോജിതമായി ഉപയോഗിക്കാനുള്ളതാണ്. ഈയൊരു തത്വം ലോകം മനസ്സിലാക്കാത്തതാണ് സ്ഥിരമായ അസമത്വത്തിന്റെ അടിസ്ഥാന കാരണം എന്ന് ഇസ്‌ലാം വിശദീകരിച്ചു കഴിഞ്ഞു.

ഇന്നത്തെ ലോകത്ത് അവികസിത രാജ്യങ്ങളിലെ ജനങ്ങൾ മാത്രമല്ല വികസിത രാജ്യങ്ങളിലെ ജനങ്ങൾപോലും സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കഷ്ടതകൾ സഹിക്കേണ്ടിവരുന്നു. അതാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് സംഭവിക്കുന്നത് രാജ്യങ്ങൾ അവരുടെ വമ്പിച്ച സമ്പത്തും വിഭവങ്ങളും ശരിയായ മാർഗ്ഗത്തിൽ വിനിയോഗിക്കാത്തത് കൊണ്ടാണ്. അവരുടെ സമ്പത്ത് ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്ന് പകരം അനാവശ്യമായ ആഢംബര വസ്തുക്കൾക്കും അമിത ഭോഗത്തിന്നും വേണ്ടി ഉപയോഗിക്കപ്പെടുന്നു. യൂറോപ്യൻ രാജ്യങ്ങളിലേക്ക് നോക്കൂ അവിടെ സമ്പന്ന രാജ്യങ്ങളുടെയത്ര സാമ്പത്തിക ശേഷി ഇല്ലാത്ത ചിലരാജ്യങ്ങൾ അവരുടെ സമ്പന്നരായ അയൽ രാജ്യത്തെ അനുകരിക്കാൻ ശ്രമിച്ചതിന്റെ ഫലം നാം കാണുന്നു. അവർ കരുതലോടെ തങ്ങളുടെ കാൽ ചുവടുകൾ വെക്കുന്നതിന്ന് പകരം തങ്ങളുടെ അയഥാർത്ഥമായ ചില ആഗ്രഹങ്ങളും ശമനത്തിന്നായി തങ്ങളുടെ സാമ്പത്തിക പരിധിവിട്ട് ചിലവഴിക്കാൻ തുടങ്ങി. അതിന്റെ ഫലമാണ് ഇപ്പോൾ അവർ അനുഭഴിച്ചുകൊണ്ടിരിക്കുന്നത്. ഒരു പരിധിവരെ യൂറോപ്യൻ യൂണിയനിൽപ്പെട്ട മറ്റു രാജ്യങ്ങൾ അവരെ സഹായിക്കുന്നുണ്ട്. സാമ്പത്തിക ക്ഷയം ബാധിച്ച ഈ രാജ്യങ്ങളെ എത്രകാലം അവർക്ക് സഹായിക്കാൻ കഴിയും എന്ന പ്രശ്നം അവർ പര്യാലോചിക്കുകയും അതിനെപറ്റി ചോദ്യങ്ങൾ ഉന്നയിക്കാനും തുടങ്ങിയിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന സംഘർഷത്തിന്നു പ്രശ്നങ്ങൾക്കുള്ള മൂലകാരണം ഇരുഭാഗത്തുനിന്നും ഉണ്ടാവുന്നതാണെന്ന് നാം കാണുന്നു. ഒരു വശത്ത് സഹായം ചോദിക്കുന്നവർ അയുക്തികമായ ആവശ്യങ്ങളാണ് ചോദിക്കുന്നത്. മറുവശത്ത് സമ്പന്ന രാജ്യങ്ങൾ വലിയ ഒരു നന്മക്കായി ആവശ്യമായ സാമ്പത്തിക ത്യാഗങ്ങൾക്ക് സന്നദ്ധരുമല്ല. ഈ രണ്ട് ഘടകങ്ങളും ഇപ്പോഴത്തെ സാഹചര്യത്തെ കൂടുതൽ വഷളമാക്കിക്കൊണ്ടിരിക്കുകയാണ്.

നന്മ പുലരാനായി ഇസ്‌ലാം ഉപദേശിക്കുന്നതെന്തന്നാൽ മഹത്തായ നന്മക്കായി ഇരുകൂട്ടരുടെയും ഭാഗത്ത് നിന്നും സംയോജിതമായ പ്രവർത്തനമുണ്ടാകുമ്പോൾ മാത്രമേ ശാന്തിയും സൗഹൃദവും പുലരുകയുള്ളൂ എന്നാണ്. പാവങ്ങൾ അവരുടെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുകയും കഠിന പരിശ്രമത്തിലൂടെ അവരുടെ വിഭവങ്ങളിൽ നിന്നും സമ്പത്തിൽ നിന്നും നേട്ടങ്ങളുണ്ടാക്കുകയുംവേണം. മറുവശത്ത് തങ്ങളുടെ സഹോദരീ സഹോദരന്മാരെ സഹായിക്കാൻ സന്തോഷപൂർവ്വം സമ്പന്നന്മാർ ഒരു യഥാർത്ഥ സാമ്പത്തിക ത്യാഗം പ്രകടിപ്പിക്കുകയും വേണം. അവരുടെ വിഭവങ്ങളും സമ്പത്തുമെല്ലാം നൽകിയത് അല്ലാഹുവാണെന്ന് അവർ മനസ്സിലാക്കണം. ആയതിനാൽ അവരുടെ സ്രഷ്ടാവിനോടുള്ള കടമകൾ അവർ പൂർത്തിയാക്കേണ്ടതുണ്ട്. ഏറ്റവും ദുഃഖകരമായ കാര്യം ഇത്തരം ഉദാത്തമായ ആശയങ്ങൾ ആർക്കാണോ നൽകപ്പെട്ടത് ആ മുസ്‌ലിം ലോകത്ത് പോലും ഇതൊന്നും ഇന്ന് പ്രാവർത്തികമാകുന്നില്ല. അമുസ്‌ലിം ലോകത്തും ഇവ നടപ്പാകുന്നില്ല. ഇസ്‌ലാമികേതര രാജ്യങ്ങൾ ജനങ്ങളുടെ അവകാശങ്ങൾ നിറവേറ്റപ്പെടുന്നവരാണ് തങ്ങൾ എന്നാണ് വലിയ വായിൽ പെരുമ്പറയടിക്കുന്നത്.

തീർച്ചയായും വികസിത രാജ്യങ്ങളിൽ പോലും വിശപ്പും ദാരിദ്ര്യവും സഹിക്കുന്ന പതിനായിരങ്ങൾ ജീവിക്കുന്നുണ്ട്. ഞാൻ ഉപസംഹരിക്കട്ടെ ഇത് വലിയ തോതിൽ വിശാലമായൊരു വിഷയമാണ്. ഈ ബൃഹത്തായ വിഷയത്തിന്റെ ഒരു ഭാഗത്തുള്ള ഒരു ചെറിയ വശം മാത്രമാണ് ഞാൻ ഇവിടെ പ്രതിപാദിച്ചത്. തീർച്ചയായും ലോകത്ത് ഒരാൾക്ക് മറ്റൊരാളിനോടുള്ള കടമകളെപറ്റി ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലോകം ഇന്ന് ഒരു ആഗോള ഗ്രാമമാണ്. നാമോരോരുത്തരും തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അവിടെ കുഴപ്പങ്ങളുടെ വേരിറക്കമുണ്ടാകുകയും അത് അവസാനം വമ്പിച്ച വിപത്തിന്നും സർവ്വ നാശത്തിലുമായിരിക്കും കലാശിക്കുക. നാം ചരിത്രത്തിലേക്ക് തിരഞ്ഞു നോക്കുമ്പോൾ രണ്ട് ലോകമഹായുദ്ധങ്ങളിലേക്കും നയിച്ച മുഖ്യഘടകം അന്ന് നിലനിന്നിരുന്ന സാമ്പത്തിക സാഹചര്യമായിരുന്നു. നിങ്ങൾ അധിവസിക്കുന്ന ഈ ഭൂമേഖലയും യുദ്ധത്തിന്റെ കെടുതികൾ അനുഭവിച്ചിട്ടുണ്ട്. അത്തരം സാഹചര്യം ലോകത്ത് വീണ്ടും ആവർത്തിക്കുകയാണെങ്കിൽ ആർക്കായിരിക്കും നാശം വന്നുഭവിക്കുക എന്ന് പ്രവചിക്കാൻ വളരെ പ്രയാസമാണ് സർവ്വവിധ നാശത്തിൽ നിന്നും അപകടത്തിൽ നിന്നും ലോകത്തെ രക്ഷിക്കാൻ എല്ലാവരുടെയും മുമ്പിൽ വസ്തുതകളും യാഥാർത്ഥ്യങ്ങളും സമർപ്പിച്ച് അഭ്യർത്ഥിക്കാൻ മാത്രമേ നമുക്ക് സാധ്യമാവൂ. ഞങ്ങൾ അതിന്നായി ശ്രമിക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്നു. ഇത് ഭാവിതലമുറ നമ്മെ വിദ്വേഷപൂർവ്വം ആജ്ഞാലംഘകരായി നോക്കിക്കാണാതിരിക്കാൻ ഇത്തരം ശ്രമം വളരെ അത്യാവശ്യമാണ്. ഉപസംഹാരത്തിന്ന് മുമ്പായി നിങ്ങളുടെ സമയവും ശ്രമവും ചിലവഴിച്ച്കൊണ്ട് ഇവിടെ എത്തിച്ചേർന്ന നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽ കൂടി ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. വളരെയധികം നന്ദി.

www.alislam.org

# ഭൂമിയും പർവ്വതങ്ങളും

ആകാശവും ഭൂമിയുമടക്കം പ്രപഞ്ചത്തിലാകെ ഒരു സംന്തുല വ്യവസ്ഥ നിറഞ്ഞു നിൽക്കുന്നു. പർവ്വതങ്ങൾ ഭൂമിയിൽ സ്ഥാപിച്ചത് ഭൂമി കുലുങ്ങാതിരിക്കാനല്ല ജീവതവിഭങ്ങളുടെ സക്രിയമായ ഒരു സ്റോതസ്സായി വർത്തിക്കാനാണ് എന്നാണ് ഖുർആൻ വചനങ്ങളിൽ നിന്നും മനസ്സിലാവുന്നത്. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന ഖലീഫത്തുൽ മസീഹ് റാബിയുടെ **'കേവലനീതി കാരുണ്യം ബന്ധുത്വം'** എന്ന അസാധാരണവും അത്യുജ്ജ്വലവുമായ പുസ്തകത്തിൽ നിന്ന്

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

വാനലോകവുമായുള്ള ബന്ധം പറയുമ്പോൾ വിശുദ്ധ ഖുർആൻ ***മീസാൻ*** എന്ന സാങ്കേതിക പദമാണ് ഉപയോഗിക്കുന്നത്. അതിന്റെ അർത്ഥം സന്തുലനം അല്ലെങ്കിൽ സന്തുലനം സാധ്യമാകാൻ വേണ്ടി ഉപയോഗിക്കുന്ന എന്തെങ്കിലും ഉപാധികൾ എന്നാണ്. ഭൂമിക്കും ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഖുർആൻ ഉപയോഗിക്കുന്നത് അതേ കേവലക്രിയയിൽ നിന്നും നിഷ്പന്നമായ മറ്റൊരു പദമാണ്. ***വസൻ*** (ഭാരം) എന്ന കേവലക്രിയയിൽ നിന്നും നിഷപന്നമായതാണ് ***മീസാൻ.*** മുകളിൽ പ്രതിപാദിച്ചതിന്റെ രണ്ട് അർത്ഥവും ***മീസാൻ*** എന്ന പദത്തിന്റെ ലക്ഷ്യാർത്ഥത്തിൽ നിന്നും ലഭിക്കും. അതേ ധാതുവിൽ നിന്നും നിഷ്പന്നമാകുന്ന ***മൗസുൻ*** എന്ന പദത്തിന്റെ അർത്ഥം എന്തെങ്കിലും ഒന്ന് പൂർണ്ണതോതിൽ സംന്തുലനാത്മകമായും അനുപാതത്തിലും നിർമ്മിച്ചത് എന്നാണ്.

ഖുർആൻ ഒഴികെ ലോകത്ത് ഏതെന്തിലും ഒരു ഗ്രന്ഥം ഇത്തരം സങ്കീർണ്ണമായ വിഷയം ഇത്രയും ലളിതമായി മഹിതമായ കൽപനാവൈഭവത്തോടെ അനായാസം ചർച്ച ചെയ്യുന്നുണ്ടോ? അക്കാദമികവും ശാസ്തീയവുമായ അഗാധമായ വിഷയങ്ങൾ വളരെ ഒഴുക്കോടെ സരളമായ ശൈലിയിൽ പ്രതിപാതിക്കുന്നത് തികച്ചും അത്ഭുകരമാണ്. വിശുദ്ധ ഖുർആൻ നമ്മുടെ ഈ കാലഘട്ടത്തിൽ അവതീർണ്ണമായതല്ല. നമ്മുടെ കാലത്തെ വിജ്ഞാനത്തിൽ നിന്നും ധാരണകളിൽനിന്നും തികച്ചും വ്യത്യസ്തമായ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് വെളിപ്പെട്ടതാണ്. എന്നിട്ടും സമകാലീന ലോകത്തെ പ്രശ്നങ്ങളും താൽപര്യങ്ങളും ആ ഗ്രന്ഥം ചർചചെയ്യുന്നു. പ്രകൃതിയുടെ എല്ലാ സർഗ്ഗാത്മക പ്രക്രിയകളിലുമുള്ള സങ്കീർണ്ണമായ രഹസ്യങ്ങളും ചർച്ചചെയ്ത് വെളിപ്പെടുത്തുന്നു എന്നത് വിസ്മയകരമാണ്.

ദൈവാസ്തിത്വത്തിൽ വിശ്വസിക്കാത്ത ഇസ്ലാമിന്റെ ചില വിമർശകന്മാർ വിശുദ്ധ ഖുർആൻ ദൈവത്തിൽ നിന്നും വെളിപ്പെട്ടതല്ലെന്നും അത് മുഹമ്മദിന്റെ (സ) വാക്കുകൾ മാത്രമാണെന്നും ആരോപിക്കുന്നവരാണ്. അങ്ങനെയാണെങ്കിൽ നാം ചർച്ചചെയ്യുന്ന നിഗൂഢ രഹസ്യങ്ങളേക്കാളും പ്രഹേളികയേക്കാളും വൻ തോതിലുള്ള കാര്യങ്ങൾ വിശുദ്ധ ഖുർആൻ സ്വയം അവതരിപ്പിക്കുന്നതായി നാം കാണുന്നു. ഖുർആന്റെ രചയിതാവ് എന്ന് അവർ ആരോപിക്കുന്ന വ്യക്തി ഒരു നിരക്ഷരനായിരുന്നു എന്ന കാര്യം അവർക്ക് എങ്ങനെ അവഗണിക്കാൻ കഴിയുന്നു എന്നകാര്യം ആശ്ചര്യകരമാണ്. അദ്ദേഹം ജനിച്ച ദേശം **'നിരക്ഷരരുടെ നാട്'** എന്ന് നിന്ദാകരമായി പരാമർശിക്കപ്പെടുന്ന ദേശമാണ്. അറേബ്യയുടെ ഒരു ഭാഗത്ത് വളരെയേറെ പുരോഗമിച്ച പേർഷ്യൻ നാഗരികതയായിരുന്നു നിലകൊണ്ടിരുന്നത്. മറുഭാഗത്താകട്ടെ ലോകത്ത് മറ്റൊരിടത്തും ഇല്ലാത്തവിധം തത്വശാസ്ത്രവും ഭൗതിക ശാസ്ത്രങ്ങളും പുഷ്ക്കലമായ വിജ്ഞാനത്തിന്റെ കളിതൊട്ടിലായ പ്രവിശാലമായ റോമാ സാമ്രാജ്യവും. അക്കാലത്തെ വൻശക്തികളായിരുന്ന ഇവർ രണ്ട് കൂട്ടരും പരിഹാസത്തോടെയും നിന്ദയോടെയും അജ്ഞാനത്തിന്റെ കേദാരം എന്ന നിലക്കാണ് അറേബ്യയെ നോക്കി കണ്ടത്. ഇത്തരത്തിലുള്ള ഒരു നാട്ടിൽ നിന്നും ജ്ഞാനത്തിന്റെ മഹത്തായ ഈ

> അറേബ്യയുടെ ഒരു ഭാഗത്ത് വളരെയേറെ പുരോഗമിച്ച പേർഷ്യൻ നാഗരികതയായിരുന്നു നിലകൊണ്ടിരുന്നത്. മറുഭാഗത്താകട്ടെ ലോകത്ത് മറ്റൊരിടത്തും ഇല്ലാത്തവിധം തത്വശാസ്ത്രവും ഭൗതിക ശാസ്ത്രങ്ങളും പുഷ്ക്കലമായ വിജ്ഞാനത്തിന്റെ കളിതൊട്ടിലായ പ്രവിശാലമായ റോമാ സാമ്രാജ്യവും. അക്കാലത്തെ വൻശക്തികളായിരുന്ന ഇവർ രണ്ട് കൂട്ടരും പരിഹാസത്തോടെയും നിന്ദയോടെയും അജ്ഞാനത്തിന്റെ കേദാരം എന്ന നിലക്കാണ് അറേബ്യയെ നോക്കി കണ്ടത്. ഇത്തരത്തിലുള്ള ഒരു നാട്ടിൽ നിന്നും ജ്ഞാനത്തിന്റെ മഹത്തായ ഈ സ്രോതസ്സിന്റെ രചനാകർതൃത്വം പരിശുദ്ധ പ്രവാചകനിൽ ആരോപിക്കുക എന്നത് യാതൊരു വിധത്തിലും സാദ്ധ്യമല്ല. അത് ദൈവത്തിന്റെ വചനം മാത്രമായിരുന്നിരിക്കണം.

സ്രോതസ്സിന്റെ രചനാകർതൃത്വം പരിശുദ്ധ പ്രവാചകനിൽ ആരോപിക്കുക എന്നത് യാതൊരു വിധത്തിലും സാദ്ധ്യമല്ല. അത് ദൈവത്തിന്റെ വചനം മാത്രമായിരുന്നിരിക്കണം.

**ഭൂമി**

ഭൂമിയുടെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട സന്തുലനത്തിന്റെ തത്വങ്ങൾ വിവരിക്കാനായി വിശുദ്ധ ഖുർആൻ ചില വചനങ്ങൾ പ്രതിപാദിക്കുന്നു. ഉദാഹരണമായി:

**ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാവസ്തുക്കളേയും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (അൽ-ഹിജ്ർ 15: 20)**

വിശുദ്ധ ഖുർആനിലെ ഈ വചനം സൂചിപ്പിക്കുന്നത് ദൈവം ആകാശഭൂമികൾ സൃഷ്ടിച്ചത് സമ്പൂർണ്ണ സന്തുലനം പോലെയുള്ള തത്വത്തിന്റെ മേലെയാണെന്നാണ്. തുടർന്ന് ആകാശഭൂമിക്കിടയിൽ സൃഷ്ടിക്കുന്നതെല്ലാം എന്താണോ അതെല്ലാം നീതിയുടെ തത്വങ്ങൾ പാലിക്കുകയും ചെയ്യുന്നു. ആയതിനാൽ ദൈവം ഏറ്റവും ഉചിതമായി പ്രഖ്യാപിക്കുന്നത് ആകാശം ഒരു ***മീസാനും*** ഭൂമി ***മൗസുൻ*** ആയിരിക്കുക എന്നാണ്. ഇത് സൂചിപ്പിക്കുന്നത് ഭൂമി അത് സ്വയം തന്നെ സംന്തുലീകരിക്കപ്പെടുകയില്ല. മറിച്ച് പുറമേനിന്നും അത്യുന്നതമായ ഒരു തുലനീകരണശക്തിക്ക് ഭൂമി വിധേയമാവുന്നു എന്നാണ്.

**മീസാൻ** എന്നത് ആകാശീയമായ നീതിയുടെ തത്വങ്ങളുമായിട്ടാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. മറ്റു വസ്തുക്കളിലും സന്തുലനം സൃഷ്ടിക്കാൻ അത് ഉപാധിയാകുന്നു എന്ന അർത്ഥധ്വനി ആ പദത്തിന്നുണ്ട്. ഭൂമിയിൽ പാലിക്കപ്പെടുന്ന നീതിയുടെ തത്വം ഭൂമിയുടെ തന്നെ ആന്തരികമായ ഗുണത്തിൽ നിന്നും ഉദ്ഭൂതമായതല്ല. അത് ആകാശത്ത് നിന്നും നൽകപ്പെട്ടതാണ്. ഇവിടെ നാം മറ്റൊരു യാഥാർത്ഥ്യത്തിലേക്കാണ് നയിക്കപ്പെടുന്നത്. ഭൂമിയിലെ എല്ലാ ഭൗതിക വസ്തുക്കളുടെയും അസ്തിത്വത്തിന്റെ മികവ് അതിന്റെ ആകാശീയമായ തത്വങ്ങളുടെ സാമഞ്ജസ്യത്തെ ആശ്രയിച്ചാണ് നിൽക്കുന്നത്. അത്പോലെ യഥാർത്ഥത്തിൽ ആകാശീയമായ വ്യക്തിത്വങ്ങളാണ് ലോകത്തെ എല്ലാകാര്യത്തിലും നന്നായി നയിക്കാൻ ഏറെ പ്രാപ്തരായിട്ടുള്ളവർ എന്ന് കരുതലാണ് വിവേകം.

**കൃത്യമായ അളവിൽ നാം എല്ലാ വസ്തുക്കളെയും അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സൂറ: അൽ ഹിജ്ർ:15:20)**

ഭൂമിയിൽ എല്ലാം മുളക്കുന്നത് പ്രകൃതിയിലെ പരമോന്നത കേവലനീതിയുടെ നിയമത്തിന്റെ സ്വാധീനത്തിലാണ്. അതിനെ പിന്തുടരുകയല്ലാതെ മറ്റു വഴികളില്ല. ഭൂമിയിലെ എല്ലാ വളർച്ചയും നിയന്ത്രിക്കുന്നത് പ്രകൃതിയിലെ ദിവ്യനിയമങ്ങളാണ് എന്ന് കാണപ്പെടുന്നു.

ഈ പശ്ചാത്തലത്തിൽ നാം മുളപ്പിക്കുന്നു എന്ന് അർത്ഥം വരുന്ന ***അമ്പത്നാ*** എന്ന അറബി പദം സവിശേഷ ശ്രദ്ധ അർഹിക്കുന്നു. സാധാരണയായി ഈ പദം സസ്യജാലങ്ങൾ വളരുന്ന പ്രതിഭാസത്തെ പരാമർശിക്കാനായി ഉപയോഗിക്കുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇത് ശരിയല്ല. മനുഷ്യന്റെ ജനനത്തെയും വളർച്ചയേയും സംബന്ധിച്ചും പലപ്പോഴും ഈ പദം ഉപയോഗിക്കാറുണ്ട്.

സൂറ: നുഹ് 18-ാം വചനം ***നമ്പാത്ത്*** എന്ന ഇതേ പദം മനുഷ്യന്റെ ഭൂമിയിലെ സൃഷ്ടിപ്പിനെ പറ്റിയും അതിന് ശേഷമുള്ള വികാസവളർച്ചയെ പറ്റിയും നേരിട്ട് തന്നെ ഉപയോഗിച്ചിട്ടുണ്ട്. വചനം ഇപ്രകാരമാണ്.

**നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ലനിലയിൽ ഉൽപാദിപ്പിച്ചു വളർത്തിയിരിക്കുന്നു. (സൂറ: നൂഹ് 71: 18)**

ഇവിടെ മനുഷ്യനെ അഭിസം

ബോധന ചെയ്തുകൊണ്ട് ദൈവം അസന്നിഗ്ദമായി പ്രസ്താവിക്കുന്നത് മനുഷ്യനെ ജനിപ്പിച്ചു വളർത്തിയ നബാത് എന്ന പദം അർത്ഥമാക്കുന്ന അതേ പ്രക്രിയയിലൂടെയാണ് സസ്യത്തെയും മുളപ്പിച്ചു വളർത്തിയത് എന്നാണ്.

## പർവ്വതങ്ങൾ

സൂറ: ലുഖ്മാനിലെ 11,12 വചനത്തോടൊപ്പം നാം സൂറ:ഹിജ്ർ ലെ 20-ാം വചനത്തിലേക്ക് വീണ്ടും പോകുകയാണ്. സൂറ: ലുഖ്മാനിലെ വചനം നാം ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഇതേ പ്രതിഭാസം എത്ര വിശദമായാണ് ചർച്ചെയ്യുന്നതെന്ന് കാണാം.

**ഭൂമിയെ നാം വികസിപ്പിക്കുകയും അതിൽ ഉറച്ചു നിൽക്കുന്ന പർവ്വതങ്ങളെ നാം സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളെയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. (സൂറ അൽ ഹിജ്ർ 15:20)**

**......... ഭൂമിയിൽ അവൻ ഉറച്ച പർവ്വതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. അതായത് നിങ്ങൾക്ക് അത് ഭക്ഷണം നൽകുന്നു. അവനതിൽ എല്ലാതരം ജീവികളെയും വ്യാപിപ്പിച്ചിരിക്കുന്നു. എന്നിട്ട് നാം ആകാശത്ത് നിന്ന് വെള്ളമിറക്കി, എന്നിട്ട് അതിൽ മെച്ചപെട്ട എല്ലാ വർഗ്ഗങ്ങളിൽ നിന്നുമുള്ള ഇണകളേയും നാം വളർത്തുന്നു. ഇത് അല്ലാഹുവിന്റെ സൃഷ്ടിയാണ്. അപ്പോൾ അവൻ പുറമേയുള്ളവർ എന്താണ് സൃഷ്ടിച്ചതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക. പക്ഷേ അക്രമികൾ വ്യക്തമായ വഴികേടിലാണ്. (സൂറ: ലുഖ്മാൻ 31: 11-12)**

ഇവിടെ പർവ്വതങ്ങൾക്ക് ഉപയോഗിച്ച പദം *റവാസിയ* എന്നാണ്. അതിന്നർത്ഥം അഗാധമായും ദൃഢമായും വേരോടിനിൽക്കുന്നത് എന്നാണ്. ഈ പദത്തിന്റെ ഈ അർത്ഥധ്വനി കാരണം അറബികൾ പർവ്വതത്തിന്ന് ഇതേ പദമാണ് ഉപയോഗിക്കുക. വിശുദ്ധ ഖുർആന്റെ മിക്ക വിവർത്തനങ്ങളിലും കാണുന്ന പർവ്വതങ്ങളുമായി ബന്ധപ്പെട്ട *തമീദ ബിക്കും* എന്ന പദം അർത്ഥമാക്കുന്നത് പർവ്വതങ്ങൾ ഭൂകമ്പത്തിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കാനാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ഭൂകമ്പത്തിൽ നിന്നും പർവ്വതങ്ങൾ ഭൂമിയെ രക്ഷിക്കുന്നില്ല എന്ന വസ്തുനിഷ്ഠമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിവർത്തനം സ്വീകരിക്കാൻ സാദ്ധ്യമല്ല. ഇതിന്ന് വിരുദ്ധമായി മിക്ക ഭൂകമ്പങ്ങളുടെയും കേന്ദ്രബിന്ദു ഭൂമിക്ക് മുകളിൽ എഴുന്നു നിൽക്കുന്ന പർവ്വതത്തിലും സ്ഥിതിചയ്യുന്നു എന്നതാണ്. അല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ സമുദ്രത്തിന്റെ അഗാധങ്ങളിൽ മറഞ്ഞുകിടക്കുന്ന അഗ്നി പർവ്വതങ്ങളിലും ഉണ്ടാവാറുണ്ട്. ദൈവത്തിന്റെ സൃഷ്ടിപ്രക്രിയക്ക് വിരുദ്ധമായ രീതിയിൽ ദൈവവചനങ്ങൾ വിവർത്തനം ചെയ്യുന്നത് ഉചിതമല്ല.

***മദ, യമുദു*** എന്നീ എന്ന പദങ്ങളിൽ നിന്നും സംജാതമായ ***തമീദ ബിക്കും*** എന്ന പദം ഭക്ഷണത്തിന്നായുള്ള മേശ ഒരുക്കുക എന്ന മറ്റൊരർത്ഥവും സൂചിപ്പിക്കുന്നു. അങ്ങനെയാവുമ്പോൾ വിവർത്തനം ഇങ്ങനെ ആയിരിക്കണം. **'നാം രൂഢമൂലമായ പർവ്വതങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. കാരണം അവ നിങ്ങൾക്ക് ഭക്ഷണം നൽകുന്നതിന്നുള്ള സ്രോതസ്സായി വർത്തിക്കുന്നു.'**

ചുരുക്കത്തിൽ ഭൂമികുലുക്കത്തിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാനല്ല ദൈവം പർവ്വതങ്ങളെ സൃഷ്ടിച്ചത്. മറിച്ച് ജീവന്റെ നിലനിൽപ്പ് പർവ്വതങ്ങളുടെ അസ്തിത്വത്തെ ആശ്രയിച്ചാണ് എന്നത്കൊണ്ടാണ്. ***മൗസുൻ*** എന്ന പദത്തിന്റെ അർത്ഥപ്രതീതി സൃഷ്ടിക്കുന്ന വിധം ജീവന്ന് ആവശ്യമായ ഭക്ഷ്യശൃഖലയുടെ സംവിധാനത്തെ പർവ്വതങ്ങൾ പരിപൂർണ്ണമായും പരിപാലിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു.

ഭൂമിയുടെ ഉപരിതലത്തിൽ 30 ശതമാനം മാത്രമാണ് കരഭാഗമുള്ളത്. അത് തന്നെ അഞ്ച് ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബാക്കി 70 ശതമാനം ഭൂമിയുടെ ഉപരിതലം സമുദ്രവും തടാകങ്ങളുമാണ്. പക്ഷേ നാം കാണുന്ന ഈ ജലം മുഴുവനും അവിടെയില്ല. വാസ്തവത്തിൽ 75 ശതമാനം ജലവും ഐസ് രൂപത്തിൽ വടക്കൻ അർദ്ധഗോളത്തിൽ പർവ്വത ശിഖരങ്ങളിൽ ശേഖരിക്കപ്പെട്ടിരിക്കുന്നു. പർവ്വതം ഉറഞ്ഞ ഖരജലത്തിന്റെ ഒരു ജലസംഭരണി പോലെ

---

ഭൂമിയിലെ ജലത്തിന്റെ സന്തുലനം നിലനിർത്താൻ പർവ്വതങ്ങൾ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. മനുഷ്യന്റെ ഉപയോഗത്തിന്നും സസ്യലോകത്തിന്റെ ജീവനത്തിന്നുമായുള്ള ജലശുദ്ധീകരണം പർവ്വതങ്ങളുടെ സുപ്രധാനമായ മറ്റൊരു പ്രവർത്തനമാണ്. സമുദ്രത്തിൽ നിന്നു പർവ്വതങ്ങളിലേക്കും അവിടെനിന്ന് തിരിച്ച് വീണ്ടും സമുദ്രത്തിലേക്കുമുള്ള ജലത്തിന്റെ പരിവൃത്തി പ്രക്രിയ ഒരു നീണ്ട കഥയാണ്. അതായത് ഈ ജലചക്രം ഭൂമിയിലെ സസ്യങ്ങളും ജീവികളും ഉപയോഗിക്കുകയും മലിന ജലം കടലിലേക്ക് തിരികെ ഒഴുകിപ്പോവുകയും ചെയ്യുന്നു.

പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഐസ് ഉരുകി അത് സമുദ്രജലത്തിലേക്ക് തിരിച്ച് ഒഴുകി നിലവിലുള്ള 30 ശതമാനം കരയും പൂർണ്ണമായും മുങ്ങിപ്പോകുമായിരുന്നു. അങ്ങനെ ഭൂമിയുടെ ഉപരിതലം മുഴുവൻ സമുദ്രംകൊണ്ട് ആവരണം ചെയ്യപ്പെടുമായിരുന്നു.

ഭൂമിയിലെ ജലത്തിന്റെ സന്തുലനം നിലനിർത്താൻ പർവ്വതങ്ങൾ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. മനുഷ്യന്റെ ഉപയോഗത്തിന്നും സസ്യലോകത്തിന്റെ ജീവനത്തിന്നുമായുള്ള ജലശുദ്ധീകരണം പർവ്വതങ്ങളുടെ സുപ്രധാനമായ മറ്റൊരു പ്രവർത്തനമാണ്. സമുദ്രത്തിൽ നിന്നു പർവ്വതങ്ങളിലേക്കും അവിടെനിന്ന് തിരിച്ച് വീണ്ടും സമുദ്രത്തിലേക്കുമുള്ള ജലത്തിന്റെ പരിവൃത്തി പ്രക്രിയ ഒരു നീണ്ട കഥയാണ്. അതായത് ഈ ജലചക്രം ഭൂമിയിലെ സസ്യങ്ങളും ജീവികളും ഉപയോഗിക്കുകയും മലിന ജലം കടലിലേക്ക് തിരികെ ഒഴുകിപ്പോവുകയും ചെയ്യുന്നു.

പർവ്വതങ്ങൾ ഈർപ്പ (Moister) പാതത്തിന്നും പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. ധ്രുവ പ്രദേശങ്ങളിലും ഉയരമുള്ള പർവ്വതമേഖലകളിലും ജലവർഷണം മഴയേക്കാൾ കൂടുതലായി ഹിമപാതരൂപത്തിലാണ് ഉണ്ടാവുക. അവിടെ ഐസ് മഞ്ഞു പാളികളായും ഹിമാനികളായും (Glaciers) ജലം സാന്ദ്രീകരിച്ചു നിൽക്കുകയാണ്.

അവിടെ ഈ മഞ്ഞു മലകളിൽ നിരന്തരം ഭൂഗുരുത്വബലം പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കും. ഈ ഗുരുത്വബലം ഐസിന്റെ ബന്ധനസ്ഥമായ സ്ഥാനികോർജ്ജം (Potential Energy) മോചിപ്പിക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. എവിടെയാണോ ഐസിന്റെ ഉപരിതലത്തിൽ മർദ്ദം കൂടുതലായി പ്രയോഗിക്കപ്പെടുന്നത് അവിടെ താപം വർദ്ധിക്കുകയും ഐസ് ഉരുകാൻ തുടങ്ങുകയും ചെയ്യുന്നു എന്നത് പ്രകൃതി നിയമമമാണ്. ഇവിടെ താപം -60 ഡിഗ്രി വരെ താഴുന്ന സ്ഥലമുണ്ട്. ഹിമാനികളുടെ അടിഭാഗം എപ്പോഴും ഉരുകികൊണ്ടിരിക്കും. ഉന്നതമായ മർദ്ദത്തിന്റെ ഫലമായി ഒരു ഹിമാനിയുടെ അടിഭാഗം സ്പർശിക്കുന്ന പർവ്വതത്തിന്റെ ഉപരിഭാഗത്തെ താപം ഉയരുകയും ഹിമാനി ഉരുകാൻ ആരംഭിക്കുകയും ചെയ്യും. അങ്ങനെ പർവ്വതത്തിന്ന് മീതെ കിടക്കുന്ന ഹിമാനിയുടെ പർവ്വതവുമായുള്ള മുഴുവൻ പിടിയും വിട്ടുപോവുകയും അത് താഴേക്ക് പതിക്കാൻ ആരംഭിക്കുകയും ചെയ്യും. അത് താഴേക്ക് പതിക്കുന്നതിനനുസരിച്ച് വലിയ കരിങ്കല്ലുകളും പാറക്കഷണങ്ങളും കൂട്ടത്തിൽ താഴെയെത്തുകയും അതിന്റെ താഴെക്കുള്ള കുത്തി ഒഴുക്കിൽ എല്ലാ തടസ്സങ്ങളും തട്ടി നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി കരിങ്കല്ലുകളും പാറക്കഷണങ്ങളും മുതലായവ പൊടിഞ്ഞു ചെറിയ കല്ലുകളും കൽത്തരികളുമായി മാറുന്നു. അവസാനമായി ഉപ്പ്തരികളും സൃഷ്ടിക്കപ്പെടുന്നു.

എന്നാൽ ഈ നിയമ പ്രകാരം സന്മുദ്രത്തിലെ മുഴുവൻ ജലവും പർവ്വതങ്ങളിലേക്കോ ധ്രുവങ്ങളിലേക്കോ മാറ്റപ്പെടുകയും സകലജലവും ഹിമസമുദ്രങ്ങളായി രൂപാന്തരപ്പെടുമെന്നതിനാൽ മനുഷ്യ സമൂഹത്തിന്റെ അസ്തിത്വം തന്നെ ഇല്ലാതാവുകയും ചെയ്യുമായിരുന്നു.

ജീവന് സഹായകമായി പർവ്വതങ്ങൾ നിർവ്വഹിക്കുന്ന മറ്റൊരു ധർമ്മം അത് ഭൂമിയിലെ മണ്ണിനെ വിവിധ രീതിയിൽ ഫലഭൂയിഷ്ടമാക്കുന്നു എന്നതാണ്. പല വിധത്തിലുള്ള അമോണിയം ലവണങ്ങൾ അടങ്ങിയ കൃത്രിമവളങ്ങൾ ഉപയോഗിച്ചാണ് നാം മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നതെന്നോർക്കണം. അത്യധികം വൈദ്യുതപരമായി ചാർജ്ജ് ചെയ്യപ്പെട്ട മഴമേഘങ്ങൾ ശക്തമായ വായു പ്രവാഹത്താൽ പർവ്വതങ്ങളിലേക്ക് ചലിപ്പിക്കപ്പെടുമ്പോൾ, അത് ഒരു വിദ്യുത് പ്രവാഹമായും മിന്നൽ പിണരായും ഇടിനാദമായും മാറി മഴകണങ്ങളെയും നൈട്രജൻ വാതകങ്ങളേയും വിഘടിപ്പിച്ച് വിധങ്ങളായ അമോണിയം ലവണങ്ങളാക്കി മാറ്റുന്നു. അവ മഴയേയോ മഞ്ഞിനേയോ പോഷക സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. ചില കണക്കുകൾ വ്യക്തമാക്കുന്നത് മനുഷ്യനിർമ്മിതമായിട്ടുള്ള ലോകത്തെ മുഴുവൻ വ്യവസായ ശാലകളിലും ഒരു വർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന വളങ്ങൾക്ക് തുല്യമായ വളം ഈ പ്രക്രിയ മുഖേന ഒരു മണിക്കൂർ കൊണ്ട് നിർമ്മിക്കപ്പെടും എന്നാണ്.

ഇത്തരം പ്രകൃതി പ്രതിഭാസങ്ങളുടെ പ്രവർത്തനങ്ങളെ പറ്റിയുള്ള ഒരു വിശദമായ പഠനം, മനുഷ്യ ജീവിതത്തിൽ പർവ്വതങ്ങളുടെ അനുഗ്രങ്ങളെ പറ്റി ഖുർആനിൽ കാണുന്ന ജ്ഞാനസമ്പത്തിന്ന് യഥാർത്ഥത്തിലുള്ള ഒരു വിവരണം നൽകാനാവും. സൂറ: ഹാം മീം അൽ സജദ യിൽ നിന്നുള്ള ഒരു വചനം ഉദ്ദരിക്കാം.

**അവൻ അതിന്റെ ഉപരിതലത്തിൽ ഉറച്ച മലകൾ സ്ഥാപിച്ചു. അതിൽ അനുഗ്രഹങ്ങൾ നിക്ഷേപിക്കുകയും ചെയ്തു. അവനതിൽ നാലുഘട്ടങ്ങളിലായി അതിലെ വിഭവങ്ങൾ ശരിയായ അളവിൽ തുലനപ്പെടുത്തുകയും എല്ലാ അന്വേഷകന്മാർക്കും നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു. (സൂറ: ഹാ മീം സജ്ദ 41: 11)**

ചുരുക്കത്തിൽ നാം ഭൂമിയുടെ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുകയും ആകാശങ്ങൾ ഭരിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ പ്രകൃതി നിയമങ്ങളുടെ പ്രകടനങ്ങൾ നിരീക്ഷിച്ചാൽ പരിപൂർണ്ണമായ സ്വരൈക്യവും ഏകോപനവും സന്തുലനവും കാണാനാവും. പകലിൽ നിന്ന് രാവിലേക്കും രാവിൽ നിന്ന് പകലിലേക്കുമുള്ള മാറ്റങ്ങൾ വസന്തത്തിൽ നിന്ന് ഗ്രീഷ്മത്തിലേക്കും ഹേമന്തത്തിൽ നിന്ന് ശിശിരത്തിലേക്കുമുള്ള

ഋതുക്കളുടെ സംക്രമണങ്ങൾ ചൂടിൽനിന്ന് തണുപ്പിലേക്കുള്ള പരിവർത്തനങ്ങൾ മുതലായവയെല്ലാം ഭൂമിയിലെ ജീവ വ്യവസ്ഥയിൽ അഗാധമായ പ്രഭാവങ്ങളാണ് ഉണ്ടാക്കുന്നത്.

### അന്തരീക്ഷ വായുവിലെ സന്തുലനം

സ്വാഗതം ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും ഓരോ ഋതുക്കൾക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ഭൂമിയിലുള്ള വിവിധ ജീവിരൂപങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിലനിർത്താൻ മാത്രമല്ല അതിലെ ഘടങ്ങൾ തമ്മിലുള്ള ഒരു സന്തുലനം നിലനിർത്താനും ഓരോ ഋതുവും അവ ഒറ്റയാണെങ്കിലും സംയുക്തമാണെങ്കിലും അനിവാര്യമാണ്.

എന്തുകൊണ്ടാണ് വായുവിൽ നൈട്രജൻ ഓക്സിജൻ കാർബൺ ഡയോക്സൈഡ് എന്നിവയുടെ നിശ്ചിത അനുപാതങ്ങൾ? എന്തുകൊണ്ട് അപൂർവ്വ വാതകങ്ങളുടെ (Rare Gases) സാന്നിദ്ധ്യം? ഇതൊക്കെയാണ് പരിഹരിക്കപ്പെടേണ്ടതും ഉത്തരം കണ്ടെത്തേണ്ടതുമായ ശാസ്ത്രജ്ഞന്മാരുടെ എക്കാലത്തേയും ശ്രദ്ധ ആകർഷിച്ച ചോദ്യങ്ങൾ. ഒരു കാര്യം സുനിശ്ചിതമാണ് ഈ അനുപാതങ്ങൾ യാദൃശ്ചികമല്ല. സന്തുലനങ്ങളിൽ എന്തെങ്കിലും കുഴപ്പങ്ങൾ സംഭവിച്ചാൽ മൊത്തം ജൈവആവാസ വ്യവസ്ഥ താറുമാറാകും. അന്തരീക്ഷത്തിൽ കാർബൺ ഡയോക്സൈഡിന്റെ അളവ് 1 ശതമാനം കൂടിയാൽ അതിന്റെ പ്രത്യാഘാതം സർവ്വനാശമായിരിക്കും. വാർത്തകളിൽ വായിക്കപ്പെടുന്ന *ഹരിതഗൃഹ പ്രഭാവത്തിന്റെ (Geen House Effect) സ്വാധീനങ്ങളെപറ്റി സാധാരണ വായനക്കാർക്ക് കുറഞ്ഞ കാര്യങ്ങളെ മനസ്സിലായിട്ടുണ്ടാവൂ. എന്നാൽ ശാസ്ത്രജ്ഞന്മാർ ഹരിതഗൃഹ പ്രഭാവത്തിന്റെ യഥാർത്ഥ പ്രാധാന്യം അറിയിക്കുമ്പോൾ വായനക്കാരൻ ആശങ്കാകുലനാകുന്നു. ഉദാഹരണത്തിന്, കാർബൺ ഡയോക്സൈഡ് 4 മുതൽ 5 ശതമാനം വരെ അന്തരീക്ഷത്തിൽ കൂടുകയാണെങ്കിൽ ഭൗമഗ്രഹം ജീവയോഗ്യമല്ലാതായിതീരും. ഇത് തീർച്ചയായും കേവലം അനുപാതത്തിന്റെ ഒരു പ്രശ്നം മാത്രമല്ല. അന്തരീക്ഷത്തിൽ കാണുന്ന ഓരോ മൂലകത്തിന്നും ഒരു ലക്ഷ്യമുണ്ട്. അതിനെല്ലാം തന്നെ കാണപ്പെടുന്നത് പോലെ കൃത്യവും കണിശവുമായ അനുപാതവും ആവശ്യമാണ്. ഭൂമിയുടെ മേലെയുള്ള പാളിക്കും ഇത് ബാധകമാണ്.

സ്റ്റ്റാറ്റോസ്പിയറിൽ ഒസോൺ പാളി 18 മുതൽ 30 മൈൽ വരെ കട്ടിയുള്ളതാണ്. എന്തെങ്കിലും അപകടത്താൽ ഈ ഒസാസോൺ പാളിയുടെ സംന്തുലനത്തിന്ന് തകരാറ് സംഭവിച്ചാൽ ഭൂമിക്ക് എല്ലാവിധത്തിലും അത് അപകടകരമായിരിക്കും. ജീവന്ന് അത്യന്തം വിനാശകരമായ ഹ്രസ്വ തരംഗ ദൈർഘ്യമുള്ള കോസ്മിക് രശ്മികളുടെ വർഷമായിരിക്കും അതിന്റെ ഫലം. ഓസോൺ പ്രത്യേകമായി ഹ്രസ്വ തരംഗ ദൈർഘ്യമുള്ള അൾട്രാ വയലറ്റ് രശ്മികളെ നശിപ്പിക്കുന്ന ഒരു സുരക്ഷാകവചമാണ്.

### സസ്യ ജീവിലോകത്തിലെ സംന്തുലനം.

ജീവിവർഗ്ഗങ്ങൾക്കിടയിൽ ഓരോന്നിന്റേയും പരസ്പര ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള സന്തുലനവും ജീവിവർഗ്ഗവും സസ്യവർഗ്ഗവും തമ്മിലുള്ള സന്തുലനവും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ വർദ്ധിച്ച തോതിൽ ആകർഷിക്കുന്നു. ഇത്തരത്തിലുള്ള സന്തുലനം പല രീതിയിലുമുണ്ട്. അതിൽ ചിലത് താഴെ വിവരിക്കാം

ഒരുജീവിരൂപം അതിന്റെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട സംന്തുലനം

പരഭക്ഷിയും (Predator) അതിന്റെ ഇരയും (Prey) തമ്മിലുള്ള സംന്തുലനം.

ഒരു മത്സ്യം അതിന്റെ പർവ്വത ശിഖരങ്ങളിലെ പ്രജനന കേന്ദ്രത്തിൽ നിന്നും സമുദ്രത്തിലേക്കുള്ള ദേശാടനവും അത്കഴിഞ്ഞ് മത്സ്യത്തിന്റെ പ്രജന കേന്ദ്രത്തിലേക്കുള്ള മടക്ക പ്രയാണവും തമ്മിലുള്ള സംന്തുലനം

നദികളും തടാകങ്ങളും തമ്മിലുള്ള സംന്തുലന പാലനവും അവയിലും സമുദ്രത്തിലും ഉള്ളടങ്ങിയിട്ടുള്ള ജീവിരൂപങ്ങൾ തമ്മിലുള്ള പരസ്പര വിനിമയവും ശാസ്ത്രജ്ഞന്മാർ ഇത്തരത്തിലുള്ള സന്തുലനാത്മക ബന്ധങ്ങളുടെ പഠനങ്ങളിലും ഇതുപോലെയുള്ള മറ്റു പഠനങ്ങളിലും മുഴുകിയിരിക്കുകയയാണ്. ഓരോ കണ്ടുപിടിത്തങ്ങളും അടരുകൾക്ക് പിന്നിൽ അടരുകളായി വർത്തിക്കുന്ന സംന്തുലനത്തിന്റെ നിഗൂഢതയിലേക്കാണ് അവരെ നയിക്കുന്നത്.

ആവാസവ്യവസ്ഥയിൽ ആസകലം നിവേശിച്ചു നിൽക്കുന്ന സംന്തുലനത്തിന്റെ തത്വം വിശദീകരിക്കുന്ന മുറക്ക്, ജീവിഗണത്തേയും അജീവി ഗണത്തേയും പ്രതിപാദിക്കേണ്ടതുണ്ട്. അതുപോലെ അവ തമ്മിലുള്ള പരസ്പരം ഏകോപനത്തേയും കൂടി പരാമർശിക്കണം. ഇത് വിവരിക്കാൻ ഒരാൾക്ക് ***മഉസുൻ*** എന്ന പദത്തേക്കാൾ ഉചിതമായ മറ്റൊരു പദം ആവിഷ്ക്കരിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ, വിശുദ്ധ ഖുർആനിൽ കാണുന്ന നീതിയുടെ തത്വം അതിവിശാലമാണ്. പ്രപഞ്ചത്തിലെ ഓരോ കണത്തിലും അത് പ്രവർത്തനനിരതമാണ്. ഈ വിഷയത്തെപ്പറ്റി കൂറച്ചധികം പറയുകയും എഴുതുകയും ചെയ്തു കഴിഞ്ഞു. എന്നാൽ ഈ വിഷയം അവസാനിക്കാത്തതാണ്. അതിനാൽ, സങ്കീർണ്ണമായ ശാസ്ത്രസാങ്കേതിക ഭാഷയിൽ ഇത് വിവരിക്കാൻ തുനിയുന്നത് അനുചിതമാണ്. ഈ ചർച്ച എത്രതന്നെ കൗതുകകരമായിരുന്നാലും സാധാരണക്കാരന്റെ ധാരണക്കതീതമായ ഒരു വിഷയമാണ്.

# യേശുവിന്റെ തിരുപിറവി: സ്ഥലകാലങ്ങളിലെ വൈരുദ്ധ്യങ്ങൾ

യേശുവിന്റെ ജനന സമയവും ജനസ്ഥലവും സംശയഗ്രസ്ഥവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതുമാണ്. ചരിത്രത്തെ പോലും വിഭജിച്ചിരിക്കുന്നതും നമ്മുടെ സിവിൽ വ്യവഹാരങ്ങളും അക്കാദമിക കാര്യങ്ങളും നിർവ്വഹിക്കുന്നതും യേശുവിന്റെ ജനനത്തെ അടിസ്ഥമാക്കിയുള്ള ഒരു കാലഗണനയിലും ജനന സ്ഥലത്തെ സംബന്ധിച്ച വൈരുദ്ധ്യങ്ങളും വൈകല്യങ്ങളുമാണ് ഇവിടെ വിശകലനം ചെയ്യപ്പെടുന്നു.

എ. എം. മുഹമ്മദ് സലീം

കാലഗണനക്കായി നാം അക്കാദമിക ചരിത്രത്തെ പോലും വിഭജിച്ചിരിക്കുന്നത് യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കിയാണ്. കലണ്ടറിൽ ഇന്നത്തെ ദിവസത്തെ അടയാളപ്പെടുത്തുന്നതും നമ്മുടെ സിവിൽ വ്യവഹാരങ്ങളുടെ കാലമാപനവുമെല്ലാം യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ടാണെന്ന് വരുമ്പോൾ അതിന്റെ യഥാർത്ഥ്യവും അടിസ്ഥാനവും അന്വേഷിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. യേശുവിന്റെ ജന്മദിനം ഡിസംബർ 25ന് ക്രിസ്മസ് ദിനമായി ലോകം മുഴുവൻ ആഘോഷിക്കുന്ന ഒരു സന്തോഷ സുദിനമാണ്. ഈ ദിനത്തിലാണ് യേശുവിന്റെ ജനനം സംഭവിച്ചത് എന്നതിന്ന് ബൈബിളിൽ യാതൊരു പ്രതിപാദനമില്ല. ക്രിസ്താബ്ദത്തിന്റെ അടിസ്ഥനത്തിലുള്ള കാലഗണനാ സമ്പ്രദായം കണ്ടു പിടിക്കുന്നത് ആറാം നൂറ്റാണ്ടിലാണ്. കരിങ്കടലിന് വടക്കുള്ള സ്കിത്ത്യായിൽ (Scythia) ജനിച്ചു വളരുകയും റോമിൽ താമസമുറപ്പിക്കുകയും ചെയ്ത കൊച്ചു ഡയനീഷസ് (Dionysius Minor) എന്ന ഒരു ക്രിസ്തീയ സന്യാസിയാണ് യേശുവിന്റെ ജനനത്തെ അടിസ്ഥാനമാക്കിയുള്ള ക്രിസ്ത്വാബ്ദത്തിന് ആരംഭം കുറിച്ചത്. ഡയനീഷ്യസിന്റെ കാലം വരെ റോമൻ വൃത്തങ്ങളിൽ ചരിത്രം രേഖപ്പെടുത്തിയിരുന്നത് 'റോമാ നഗര സംസ്ഥാപനാനന്തരം' എന്നതിന്റെ ലാറ്റിൻ ചുരുക്കെഴുത്തായ എ യു സി (AUC= Ab Urbe Condita) എന്ന പേരിലായിരുന്നു. അന്ന് ലഭ്യമായ കണക്കുകളും വസ്തുതകളും മറ്റു പരിഗണനകളും വെച്ച് റോമൻ വർഷം 754-ാം വർഷമായിരുന്നു യേശുവിന്റെ ജനന വർഷം ഗണിച്ചുകിട്ടിയത്. ആ 754-ാം വർഷം 1-ാം വർഷമായി കണക്കാക്കിയാണ് ഇപ്പോഴത്തെ ക്രിസ്തു വർഷം ആരംഭിക്കുന്നത്. അല്ലാതെ മറ്റൊരു ആധികാരികതയും ആ കാലഗണനക്കില്ല. അത്പോലെ സൂര്യന്റെ അയനം ആധാരമായുള്ള സൗര വർഷക്കലണ്ടറിന്റെ ഗണനയിൽ ഉണ്ടായ പിഴവുകളും ബൈബിളും മിത്തും ഇതിഹാസ വിശ്വാസങ്ങളും ആധാരമാക്കി യേശുവിന്റെ ജനനത്തിയതി കണക്കാക്കിയപ്പോഴുള്ള കലർപ്പുകളും പിഴവുകളും യേശുവിന്റെ ജനന വർഷം ദുരൂഹമാക്കി മാറ്റിയിരിക്കുന്നു.

മാത്രമല്ല ക്രിസ്ത്വാബ്ദമനുസരിച്ച് ചരിത്രം പറയുമ്പോൾ ബി.സി എന്നത് യേശുവിന്റെ ജനനത്തിന് മുമ്പ്, യേശുവിന് മുമ്പ് (BC -Before Christ) എന്നീ അർത്ഥങ്ങളിലാണ് ബി. സി എഴുതാറ്. എന്നാൽ A D (Anno Domini) എന്നതിന് 'കർത്താവിന്റെ വർഷത്തിൽ' എന്ന് മാത്രമാണ് അർത്ഥം. ക്രിസ്തുവിന് ശേഷം എന്നോ യേശുവിന്റെ മരണ ശേഷം എന്നോ അതിനർത്ഥമില്ല. കാരണം യേശു ദൈവമായതിനാൽ മരണമില്ലാത്ത നിത്യജീവനാണ് അത്കൊണ്ട് യേശുവിന് ശേഷം എന്ന് പറയാൻ പറ്റില്ലല്ലോ? ദൈവമായ യേശു ഒരു കാലബിന്ദുവിലാണല്ലോ ജനിക്കുന്നത് എന്ന യുക്തിപൂർണ്ണമായ ചോദ്യത്തിനും ഇവിടെ ക്രൈസ്തവ സഭക്ക് ഉത്തരമില്ല. ശാസ്ത്രീയവും വസ്തുനിഷ്ഠാപരവുമായിരിക്കേണ്ട കാലഗണനാ വിഷയത്തിൽ യേശുവിന്റെ ജനനം ആധാരമാക്കുമ്പോഴുള്ള പ്രശ്നങ്ങൾ ഇതൊക്കെയാണ്. ജനനം നടന്ന സമയം പോലെ തന്നെ സ്ഥലത്തെ സംബന്ധിച്ചു ബൈബിൾ പറഞ്ഞ

ചരിത്ര വിവരണങ്ങളും സംശയ ഗ്രസ്തമാണ്. ക്രിസ്മസ് ദിനം റോമിലെ പ്രാദേശിക മതത്തിൽ നിന്നും ക്രിസ്തുമതം പകർത്തിയ ഒരു ആഘോഷമായിരിക്കാനാണ് സാദ്ധ്യത. വാസ്തവത്തിൽ ആത്മീയ പ്രധാനമായ യഥാർത്ഥ മതം ആചരിക്കാൻ ഒരു മതത്തിന്നും ഇത്തരം ജന്മദിനാഘോഷങ്ങളുടെ ആവശ്യമില്ല.

## തിരുപ്പിറവിപ്പള്ളി സെന്റ് ഹെലീനയുടെ കണ്ടുപിടുത്തം

ഫലസ്തീനിൽ ബെത്‌ലഹേമിൽ യേശു ജനിച്ചു എന്ന് പറയപ്പെടുന്ന സ്ഥലത്ത് ഒരു ആരാധനാലയമുണ്ട്. തിരുപ്പിറവിപ്പള്ളി (The Church of the Nativity) എന്നാണ് ഈ ദേവാലയം അറിയപ്പെടുന്നത്. ഫലസ്തീൻ വെസ്റ്റ്ബാങ്കിൽ തെക്കൻ ജെറുസലേമിൽ നിന്നും 10 കി. മീ അകലെയാണ് തിരുപ്പിറവിപ്പള്ളി സ്ഥിതിചെയ്യുന്ന ബെത്‌ലഹേം ഉള്ളത്. 1967ൽ നടന്ന ആറ് ദിന യുദ്ധത്തിൽ ജോർദ്ദാനിൽ നിന്നും ഇസ്റയേൽ പിടിച്ചടക്കിയതാണ് ബെത്‌ലെഹേം സ്ഥിതിചെയ്യുന്ന വെസ്റ്റ് ബാങ്ക്.

നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ പ്രേരണാഫലമായി ക്രിസ്തുമതം സ്വീകരിച്ച മാതാവ് ഹെലീനായുടെ ഫലസ്തീൻ തീർത്ഥാടന സന്ദർശന വേളയിൽ (എ. ഡി 325– 326) അവർ നിശ്ചയിച്ച സ്ഥലത്താണ് തിരുപ്പിറവിപ്പള്ളി പണിതത്. അത്കൂടാതെ യേശുവിനെ ക്രൂശിച്ച കുരിശും കുരിശ് മരണാനന്തരം യേശു ഉയിർത്തെഴുന്നേറ്റ കല്ലറയും ക്രിസ്തുവിന്ന് ശേഷം മൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞ് അവർ കണ്ടെത്തുകയുണ്ടായി. അവിടെ ഉയിർത്തെഴുന്നേൽപ്പ് പള്ളി (Church of the Holy Sepulchre) പണിതതും ഹെലീനയാണ്. ഇന്നത്തെ ക്രിസ്തുമതവിശ്വാസത്തിന് പല സംഭാവനകളും നൽകിയ ചക്രവർത്തിയുടെ മാതാവിനെ പടിഞ്ഞാറൻ സഭയും കിഴക്കൻ സഭകളും വിശുദ്ധ പദവി നൽകി സെന്റ് ഹെലീനാ എന്നാണ് വിളിക്കുന്നത്.

വിശുദ്ധ ബൈബിളിലും വിശുദ്ധ ഖുർആനിലും യേശുവിന്റെ ജനനസ്ഥലവും തീയതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. അക്കാദമികമായ ഒരു ചരിത്രഗ്രന്ഥം പോലെ മതഗ്രന്ഥങ്ങളിൽ പൊതുവേ ഇത്തരം വിശദാംശങ്ങളോ സംഭവങ്ങളുടെ കാലനുക്രമമോ ഉണ്ടാകാറില്ല. പിന്നീട് മത പുരുഷന്മാരുടെ അനുയായികൾ ആഘോഷപൂർവ്വം അത്തരം ദിവസങ്ങൾ പുണ്യദിനങ്ങളായി ആചരിക്കുകയാണ് പതിവ്. ബൈബിളിന്നു പുറമെ യേശുവിന്റെ കാലത്തെ സമകാലീന ചരിത്ര സ്റോതസ്സുകളിൽ നിന്നും അദ്ദേഹത്തിന്റെ ജനന സമയമെന്നല്ല ജീവിത സാന്നിദ്ധ്യത്തെ സംബന്ധിച്ച തെളിവ് പോലും ലഭ്യമല്ല.

ഈ പരിമിതികളുടെ പശ്ചാത്തലത്തിൽ യേശുവിന്റെ ജന്മദിനം കണ്ടെത്തുക എന്നത് നമുക്ക് മുമ്പിലുള്ള വെല്ലുവിളിയാണ്. യേശുവിന്റെ ജനന സംബന്ധമായി ബൈബിളിലും ഖുർആനിലും പ്രതിപാദിക്കപ്പെട്ട പരാമർശങ്ങളിലെ ചരിത്രാംശവും മറ്റു പൊതു ചരിത്ര സാഹചര്യങ്ങളും വിശകലനം ചെയ്തുകൊണ്ട് പരസ്പര വൈരുദ്ധ്യമില്ലാത്ത ഒരു നിഗമനത്തിലെത്തിച്ചേരുക എന്നതാണ് അവലംബിക്കാവുന്ന ഒരു രീതി. അങ്ങനെ വരുമ്പോൾ യേശുവിന്റെ ജന്മദിനമായി നാം പാരമ്പര്യമായി കൊണ്ടാടുന്ന ക്രിസ്മസ് തീയതിയും യേശുവിന്റെ ജനന വർഷവും ബൈബിൾ-ഖുർആൻ പരാമർശങ്ങളുമായി യാതൊരുവിധത്തിലും ഒത്തുവരില്ല. യേശുവിന്റെ ജനനം ഡിസംബർ മാസത്തിലായിരിക്കാൻ യാതൊരു സാദ്ധ്യതയുമില്ല. അപ്രകാരം വർഷ ഗണനവും ശരിയായി വരില്ല. മറ്റു ഖഗോള പരമായ തെളിവുകളും യേശുവിന്റെ ജന്മദിനമായി നാം ആഘോഷിക്കുന്ന സമയവുമായി സമരസപ്പെടുന്നില്ല. യേശു ജനിച്ച സ്ഥലവും സംശയ ഗ്രസ്തമാണ്.

## യേശുവിന്റെ തിരുപ്പിറവി ശിശിരകാലത്തോ?

ഡിസംബറിലെ കടുത്ത മഞ്ഞുകാലത്താണ് ഭൂമിയുടെ വടക്കൻ അർദ്ധഗോളത്തിൽ ക്രിസ്ത്യൻ നാടുകളിൽ ക്രിസ്മസ് ആഘോഷിക്കുന്നത്. യേശുവിന്റെ ജനനം നടന്ന ദിവസത്തെപ്പറ്റി ബൈബിൾ നൽകുന്ന സൂചന പ്രകാരം തിരുപ്പിറവി നടന്നത് ഒരിക്കലും ശിശിരകാലത്താകാൻ സാദ്ധ്യമല്ല. എല്ലാ തെളിവുകളും നൽകുന്ന സൂചന വസന്തകാലത്തോ വേനൽ കാലത്തോ ആണ് യേശുവിന്റെ ജനനം സംഭവിച്ചിരിക്കുക എന്നാണ്.

നാലു ബൈബിൾ സുവിശേഷങ്ങളിൽ മാർക്കോസും യോഹന്നാനും യേശുവിന്റെ യൗവനകാലത്തെ പറ്റി മാത്രമാണ് പ്രതിപാദിക്കുന്നത്. മത്തായിയും (2:1) ലൂക്കോസും (2:4) മാത്രമേ യേശുവിന്റെ ജനനത്തെ പറ്റി ഒരു വിവരണം നൽകുന്നുള്ളൂ. അവ ഇപ്രകാരമാണ്.

**'അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽതൊട്ടിയിൽ കിടത്തി. സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല. ആ പ്രദേശത്തെ പുറം വയലുകളിൽ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻ കൂട്ടത്തെ രാത്രിയിൽ കാത്തുകഴിയുന്ന ഇടയന്മാർ ഉണ്ടായിരുന്നു.' (ലൂക്കോസ് 2: 7–9)**

യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ബൈബിൾ നൽകുന്ന ഈ രംഗചിത്രീകരണം തിരുപ്പിറവി നടന്നത് പ്രസന്നമായ ഒരു കാലാവസ്ഥയിലാണെന്ന് വ്യക്തമാവുന്നു. ഈ ബൈബിൾ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ബ്രിട്ടനിലെ ബ്രമിംങ്ഹാം ആംഗ്ലിക്കൻ ചർച്ച് ബിഷപ്പും ഗണിതജ്ഞനും വേദപണ്ഡിതനുമായ ഏണസ്റ്റ് വില്ല്യം ബാൺ (1874– 1953) എഴുതുന്നു:

**'യേശുവിന്റെ യഥാർത്ഥ**

**ജന്മദിനം ഡിസംബർ 25 ന്ന് തന്നെയാണെന്ന് വിശ്വാസത്തിന്ന് യാതൊരു പ്രാമാണികതയുമില്ല. ബെത്‌ലഹേമിലെ വയലുകളിൽ ആട്ടിടയന്മാർ ആട്ടിൻകൂട്ടത്തെ കാത്തു കഴിയുന്നു എന്ന് പരാമർശിക്കുന്ന ലൂക്കോസിന്റെ യേശുവിന്റെ ജനന കഥക്ക് എന്തെങ്കിലും പ്രാധാന്യമുണ്ടെങ്കിൽ യേശുവിന്റെ ജനനം ഒരിക്കലും മഞ്ഞുകാലത്ത് ആയിരിക്കില്ല സംഭവിച്ചിരിക്കുക. ജൂദിയ എന്ന മലമ്പ്രദേശത്തെ അന്തരീക്ഷോഷ്മാവ് തണുപ്പ് കാലത്ത് വളരെ താഴ്ന്നതാണ്. മഞ്ഞ് വീഴ്ച്ചയും അവിടെ സാധാരണമാണ്. വളരെയേറെ ചർച്ചകൾക്ക് ശേഷം നമ്മുടെ ക്രിസ്മസ് ദിനം എ. ഡി 300–ാമാണ്ടിലാണ് സ്വീകരിക്കപ്പെട്ടത്.'**(The Rise of Christianity- Ernest William Barnes, P. 79, Longmans,Green and Co.Ltd Cliford Street London)

യേശുവിന്റെ മാതാവ് അനുഭവിച്ച ഈറ്റുനോവിന്റെ വേദനാജനകമായ രംഗവിവരണം ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്:

**പിന്നീട് പ്രസവ വേദന അവളെ ഈത്തപന വൃക്ഷത്തിന്റെ അടുക്കൽ എത്തിച്ചു. .....ഈന്തമരത്തെ നിന്നിലേക്ക് കുലുക്കുക. അത് പഴുത്ത് പാകമായ പുത്തൻ ഈത്തപഴം നിനക്ക് വീഴ്ത്തിത്തരും. (വിശുദ്ധ ഖുർആൻ. സൂറ: മറിയം 19: 24–26)**

യേശുവിന്റെ ജനനസമയം ഈത്തപ്പഴ ഫലം കായ്ക്കുന്ന കാലമാണെന്ന് ഈ വചനം സൂചന നൽകുന്നു. ഈത്തപ്പഴ ഫലം കായ്ക്കുന്നത് ശിശിരകാലത്തല്ല. വേനൽ കാലമായിരിക്കും എന്ന കാര്യം വ്യക്തമാണ്.

എമിരിറ്റസ് പോപ്പ് അഭിവന്ദ്യ ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ 2012 ൽ പ്രസിദ്ധീകരിച്ച Jesus of Nazareth: The Infancy Narratives എന്ന പുസ്തകത്തിൽ യേശുവിന്റെ ജനനം ഡിസംബർ 25 ന്ന് അല്ല എന്നും ജനിച്ചത് ഏതാനും വർഷം പിറകോട്ടാണെന്നുമുള്ള വിവാദ പ്രസ്താവന നടത്തിയിട്ടുള്ള കാര്യവും ഓർക്കുക. ഇത്തരത്തിൽ നിരവധി ചരിത്രകാരന്മാരും ഗവേഷകന്മാരും യേശുവിന്റെ തിരുപ്പിറവിയുണ്ടായത് ഡിസംബറിലല്ല എന്ന് പറഞ്ഞിട്ടുണ്ട്.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ **'ക്രിസ്മസ്'** എന്ന ശീർഷകത്തിൽ പറയുന്നു:

**'ഡിസംബർ 25 ന്ന് യേശുവിന്റെ ജന്മദിനമായി ആചരിക്കുന്നതിന്റെ സൂക്ഷ്മമായ ഉത്ഭവം അവ്യക്തമാണ്. പുതിയ നിയമം ഇത് സംബന്ധിച്ച് യാതൊരു സൂചനയും നൽകുന്നില്ല. എ. ഡി 221 ൽ സെക്സ്റ്റസ് ജൂലിയസ് ആഫ്രിക്കാനൂസ്** (Sextus Julius Africanus) **ആണ് ആദ്യമായി യേശുവിന്റെ ജന്മദിനം ഡിസംബർ 25 ആയി ആചരിച്ചത്. പിന്നീട് ആ തീയതി സാർവ്വത്രികമായി അംഗീകരിക്കുകയായിരുന്നു. ഈ തീയതിയുടെ ആവിർഭാവത്തെ പറ്റിയുള്ള വ്യാപകമായ ഒരു വിശദീകരണം ഇങ്ങനെയാണ്, റോമാ സാമ്രാജ്യത്തിൽ പ്രശസ്തമായ ആഘോഷ ദിനമാണിത്. ദക്ഷിണായന വേളയിൽ ശിശിരകാലം കഴിഞ്ഞ് സൂര്യന്റെ പ്രത്യാഗമനം ആഘോഷിക്കുന്ന ഡിസംബർ 25.** – Day of the birth of the unconquered Sun-(Dies solis invicti nati **അജയ്യമായ സൂര്യന്റെ ജന്മദിനം) ആ ദിനത്തിന്റെ ക്രിസ്തീയവത്ക്കരണമായിരുന്നു സംഭവിച്ചത്. അതായത് ശീതകാലത്തോട് വിടപറയുകയും വസന്തത്തിന്റേയും വേനലിന്റേയും ആഗമനം വിളംബരപ്പെടുത്തുകയും ചെയ്യുന്ന സൂര്യന്റെ പുനർജന്മത്തിന്റെ പ്രതീകമായി ഈ ദിനം ആഘോഷിക്കപ്പെട്ടിരുന്നു. തീർച്ചയായും ഡിസംബർ 25 യേശുവിന്റെ ജന്മദിനമായി വ്യാപകമായി സ്വീകരിക്കപ്പെട്ടു. ക്രിസ്ത്യൻ എഴുത്തുകാർ സൂര്യന്റെ പുനർജന്മദിനത്തെയും ദൈവപുത്രന്റെ ജനനദിനത്തെയും തമ്മിൽ നിരന്തരം ബന്ധിപ്പിക്കുകയുണ്ടായി. ഈ വീക്ഷണത്തിന്റെ ഒരു ബുദ്ധിമുട്ട് എന്തെന്നാൽ ആദിമ ക്രിസ്തുസഭയുടെ ഭാഗത്ത് നിന്നും അനായാസം തങ്ങൾക്ക് ഉചിതമായ പ്രാകൃതമതക്കാരുടെ ഒരു ആഘോഷം സ്വീകരിക്കാനുള്ള സന്നദ്ധതയുണ്ടായി എന്നുള്ളതാണ്. ആദിമ സഭക്ക് പ്രാകൃത മതക്കാരുടെ വിശ്വാസവും ആചാരവുമാണെന്ന് വ്യക്തമായ തിരിച്ചറിവുണ്ടായിട്ടു കൂടി അതിനെ സ്വാംശീകരിക്കുകയുണ്ടായി.'** (Christmas-Encyclopaedia Britanica)

## യേശു ജനിച്ച സ്ഥലം നസറേത്തോ? ബെത്‌ലഹേമോ?

യേശുവിന്റെ ജീവിതത്തിലെ പല ബൈബിൾ വിവരണങ്ങളും സന്നിഗ്ദതകൾ നിറഞ്ഞതും പരസ്പര വിരുദ്ധങ്ങളും ചരിത്രയുക്തിക്ക് യോജിക്കാത്തതുമാണ്. യേശു ബാല്യകാലത്ത് വസിച്ചത് (ജന്മദേശം) എവിടെയാണ് എന്ന ചോദ്യത്തിന്ന് ബൈബിളിൽ നിന്നും ലഭിക്കുന്ന ഉത്തരം ഇസ്റയേലിന്റെ വടക്കേയറ്റത്തുള്ള ഗലീലിയിലെ നസ്റേത്ത് എന്നാണ്. അവിടെയാണ് യേശുവിന്റെ കുടുംബം വസിച്ചിരുന്നത്. (മത്താ 2:23 ലൂക്കോ: 2:39). യേശു ജനിച്ചത് എവിടെയാണെന്ന ചോദ്യത്തിന്നുള്ള ലഭിക്കുന്ന മറ്റൊരു ഉത്തരം ബെത്‌ലഹേം (മത്താ 2:1, ലൂക്കോ 2:4) എന്നുമാണ്. ജെറുസലേമിൽ നിന്നും 7 കിലോമീറ്റർ അടുത്താണ് ബെത്‌ലഹേം. യേശുവിന്റെ മാതാപിതാക്കൾ വസിച്ചിരുന്നതാകട്ടെ ഇസ്റയേലിന്റെ വടക്ക് വളരെ ദൂരെ 175 കിലോമീറ്റർ അകലെയുള്ള ഗലീലിയയിലെ നസ്റേത്തിലും. നസ്റേത്തിൽനിന്ന് വിവാഹ നിശ്ചയം മാത്രം ചെയ്ത ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയമിനെയും കൂട്ടി ബെത്‌ലഹേമിലേക്ക് വരികയാണുണ്ടായത് എന്ന ബൈബിൾ വിവരണം വസ്തുതകൾക്ക് നിരക്കുന്നതല്ല. ഹെറോദ് എന്ന ജൂദിയൻ രാജാവ് ശിശുക്കളെ

വധിക്കുന്ന കൽപ്പന പുറപ്പെടുവിച്ച പ്പോൾ അവർ ബെത്‌ലഹേമിൽ നിന്നും വീണ്ടും തെക്കോട്ട് ഈജിപ്തിലേക്ക് പോയി. പിന്നീട് ഹെരോദ് മരിച്ചശേഷമാണ് നസ്റേത്തിലേക്ക് മടങ്ങുന്നത് എന്നാണ് മത്തായിയുടെ സുവിശേഷത്തിലുള്ളത്.

ദേശാധികാരി പുറപ്പെടുവിച്ച ജനസംഖ്യാ കണക്കെടുപ്പിന്ന് വേണ്ടിയാണ് നസ്റേത്തിൽ നിന്നും ബെത്‌ലഹേമിലേക്കുള്ള അത്യന്തം ദുർഘടമായ ഈ അതിദീർഘയാത്ര നടത്തിയത് എന്നാണ് ലൂക്കോസിന്റെ സുവിശേഷം പറയുന്നത്. (ലൂക്കോ 2:2) അതായത് ജനസംഖ്യാ കണക്കെടുപ്പ് അവസരത്തിൽ ദാവീദിന്റെ നഗരം എന്നറിയപ്പെടുന്ന ബെത്‌ലഹേമിൽ തന്നെ യേശുവിന്റെ ജനനം രേഖപ്പെടുത്താനാണ് പോലും ഈ യാത്ര എന്നാണ് വിശദീകരണം. യേശുവിന്റെ ജൈവ പിതാവല്ലാത്ത ജോസഫിന്റെ പിതൃ പരമ്പരയിലാണ് ദാവീദ് എന്ന പ്രഗതത്ഭനായ ഇസ്റയേൽ രാജാവ്. എന്നാൽ ഈ വിശദീകരണം മത്തായിയുടെ സുവിശേഷത്തിലില്ല. ബൈബിൾ വിവരണങ്ങളിൽ പലതും ചരിത്ര സത്യങ്ങളും യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. അതിപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നില്ല.

ബെത്‌ലേഹേമിലാണ് യേശു ജനിച്ചതെങ്കിൽ എന്ത്കൊണ്ട് പുതിയ നിയമത്തിലുടനീളം നസ്റേത്തുകാരനായ യേശു എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു? മത്തായിയുടെ സുവിശേഷത്തിൽ ഇതിന് ഉപോദ്ബലകമായി ഒരു വചനവും ഉദ്ദരിക്കപ്പെടുന്നുമുണ്ട്. മാത്രമല്ല **നസാറ** എന്ന ഈ വിശേഷണ നാമം ഒരു പ്രവചന സാക്ഷാത്ക്കാരമാണെന്നും ബൈബിൾ പറയുന്നു. **'നസ്രത്ത് എന്ന നഗരത്തിൽ പാർത്തു. അവൻ നസ്രായൻ എന്ന് വിളിക്കപ്പെടും എന്ന പ്രവചനം നിറവേറാനായിരുന്നു അത്' (മത്താ 2:23)**. പക്ഷേ അങ്ങനെയൊരു പ്രവചനം ബൈബിൾ പഴയ നിയമത്തിലെവിടെയുമില്ല എന്നത് മറ്റൊരു കാര്യം. ഇത്തരത്തിൽ നിരവധി ഇല്ലാത്ത പ്രവചനങ്ങൾ യേശുവിൽ ആരോപിതമായിട്ടുണ്ട്.

യേശുവിനെ നസ്രായനായി വിശേഷിപ്പിച്ചുകൊണ്ട് നിരവധി ബൈബിളിൽ വചനങ്ങൾ കാണാം. **'ഇവൻ ഗലീലിയായിലെ നസ്രേത്തിൽ നിന്നും വരുന്ന പ്രവാചകനായ യേശുവാകുന്നു എന്ന് ജനക്കൂട്ടം പറഞ്ഞു.'(മത്താ:21:11) 'നസ്രായനായ യേശുവേ ഞങ്ങളോട് നിനക്ക് എന്ത് കാര്യം?' (മാർക്കോ 1:24 ,10:47, 14:67, 16:6,) ലൂക്കോ 4:34, 24:19, 'നസ്രായനായ യേശു യഹൂദരുടെ രാജാവ്' (യോഹാ. 19: 19), നസ്രായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നീ നടക്കുക (അപ്പോ:: 3:6, 26:9, 6:14, 22:8)**

നസ്റേത്തിനെ പറ്റി ബൈബിളിലുള്ള മോശമായ ഒരു പരാമർശമാണ് പിൽക്കാലത്ത് നസ്റേത്തിനോട് ചേർത്ത് നസാറായനായ യേശു എന്നും നസാറായ മതക്കാർ എന്നും നസ്രാണികൾ എന്നും വിശേഷിപ്പിക്കാൻ പിന്നീട് ക്രൈസ്തവ ലോകം മടിച്ചതെന്ന് ചില ബൈബിൾ പണ്ഡിതന്മാർ പറയുന്നു. അതായത് യേശുവിന്റെ അപ്പോസ്തല ശിഷ്യനായ ഫിലിപ്പോസിന്റെ സ്നേഹിതനായിരുന്നു നഥനയേൽ. അദ്ദേഹത്തെ കണ്ടപ്പോൾ ഫിലിപ്പോസ് പറഞ്ഞു: **'മോശെ നിയമത്തിലും പിന്നെ പ്രവാചകരും ആരെ പറ്റി എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. യോസേഫിന്റെ പുത്രനായ നസ്രത്തിലെ യേശുവിനെ.' നഥനയേൽ ചോദിച്ചു. 'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മവരുമോ?' (യോഹ: 1 45–46)** നഥനയേലിന്റെ നസ്റേത്തിനെ പറ്റിയുള്ള ഈ അവമതിപ്പാണ് നസാറായമതം എന്ന വിശേഷണത്തോട് പിൽക്കാല സഭക്ക് വിരക്തി തോന്നാൻ കാരണം എന്ന് വിശദീകരിക്കപ്പെടുന്നു.

പാശ്ചാത്യർ വന്ന് റോമൻ വത്ക്കരിക്കുന്നതിന് മുമ്പ് യേശുവിന്റെ ശിഷ്യനായ സെന്റ് തോമസ്സ് അഥവാ തോമാ ശ്ലീഹാ സ്ഥാപിച്ച നമ്മുടെ കേരളത്തിലെ പുരാതന പ്രസിദ്ധമായ ക്രിസ്തുസഭ അറിയപ്പെട്ടിരുന്നത് നസ്രാണികൾ എന്ന പേരിലായിരുന്നു.

## ഉള്ളടക്കത്തിലെ വൈരുദ്ധ്യവും ഒത്തുപോകാത്ത സെൻസസ് കഥയും

യേശുവിന്റെ ജനന കാലത്തെ പോലെ തന്നെ ജനനസ്ഥലത്തെ പറ്റിയുള്ള വിവരണങ്ങളും സന്നിഗ്ദതകളും സംശയങ്ങളും പരസ്പര വൈരുദ്ധ്യവും നിറഞ്ഞതാണ് ഗർഭിണിയായ പ്രതിശുത വധു മറിയമിനേയും കൊണ്ട് ഭർത്താവ് ജോസഫ് (അപ്പോൾ ഭർത്താവായിട്ടില്ല) ഗലീലിയായിലെ നസ്റേത്തിൽ നിന്നും യൂദായിലെ ബെത്‌ലെഹേമിലേക്ക് പോയി എന്നാണ് ബൈബിൾ വിവരണം. യേശുവിനെ ഗർഭം ധരിച്ച കാലത്ത് അത്തരത്തിൽ ഒരു സെൻസസ് നടന്നതായി യാതൊരു ചരിത്രരേഖയുമില്ല. സെൻസസ് നടന്നത് യേശുവിന്റെ ജനനത്തിന്ന് ശേഷമാണ് താനും. മാത്രമല്ല. ബൈബിളിൽ യേശുവിന്റെ ജനനത്തെ സംബന്ധിച്ച് ലൂക്കോസും മത്തായിയും മാത്രമേ പരാമർശിക്കുന്നുള്ളൂ. മത്തായിയുടെ വിവരണം നോക്കാം.

**'അങ്ങനെ ഹെരോദേസ് രാജാവിന്റെ കാലത്ത് യൂദായിലെ ബെത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ കിഴക്കുനിന്നുള്ള ജ്ഞാനികൾ ജെറുസലേമിൽ വന്നുചോദിച്ചു. യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെ?. ഞങ്ങൾ, കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. അവനെ ആരാധിക്കാൻ വന്നിരിക്കുന്നു. ഇത്കേട്ട് ഹെരോദോ രാജാവും ഒപ്പം ജെറുസലേം മുഴുവനും പരിഭ്രമിച്ചു. രാജാവ് മുഖ്യപുരോഹിതനേയും ജനങ്ങളിലെ വേദജ്ഞരേയും വിളിച്ചുകൂട്ടി ക്രിസ്തു എവിടെയാണ് ജനിക്കുക എന്ന് അവരോട് അന്വേഷിച്ചു.**

**അവർ പറഞ്ഞു, യൂദായിലെ ബത്‌ലെഹേമിൽ. കാരണം പ്രവാചകന്മാർ ഇങ്ങനെ എഴുതിയിരിക്കുന്നു. 'അല്ലയോ യഹൂദ ദേശമേ ബെത്‌ലഹേമേ, നീ യഹൂദ പ്രഭുക്കളിൽ ഒന്നുകൊണ്ടും ചെറുതല്ല. കാരണം എന്റെ ജനമായ ഇസ്റായേലിനെ മേയ്ക്കാനുള്ള പ്രഭു നിന്നിൽ നിന്നും വരും.'**

**പിന്നീട് ഹെരോദോ ആ ജ്ഞാനികളെ രഹസ്യമായി വിളിച്ചു. നക്ഷത്രം പ്രത്യക്ഷപ്പെട്ട സമയം കൃത്യമായി ചോദിച്ചറിഞ്ഞു. 'നിങ്ങൾ പോയി ശുഷ്ക്കാന്തിയോടെ ശിശുവിനെ അന്വേഷിക്കുക. ശിശുവിനെ കണ്ടെത്തിയാൽ വിവരം എന്നെയും അറിയിക്കണം. എനിക്ക് വന്ന് ശിശുവിനെ ആരാധിക്കാമല്ലോ' എന്ന് പറഞ്ഞ് അവരെ ബത്‌ലഹേമിലേക്ക് യാത്രയാക്കി. രാജാവ് പറഞ്ഞത് കേട്ട് അവർ യാത്ര തുടർന്നു. അപ്പോൾ അതാ, അവർ കിഴക്കു കണ്ട നക്ഷത്രം! ശിശു കിടക്കുന്ന സ്ഥലത്തിന്നു മുകളിൽ ചെന്നു നിൽക്കുവോളം അത് അവരുടെ മുമ്പേ സഞ്ചരിച്ചു. നക്ഷത്രം കണ്ടപ്പോൾ അവരുടെ ആനന്ദത്തിന്ന് അതിരില്ലായിരുന്നു. വീടിന്നുള്ളിൽ കടന്നു ചെന്ന് അമ്മയായ മറിയമിന്റെ കൂടെയുണ്ടായിരുന്ന ശിശുവിനെ കണ്ട് അവർ സാഷ്ടാംഗം വീണ് ആരാധിച്ചു. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറായും എടുത്ത് അവർ ശിശുവിന് കാഴ്ച്ചവെക്കുകയും ചെയ്തു. ഹെരോദോസിന്റെ അടുത്തേക്ക് മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പ് ലഭിച്ചിരുന്നതിനാൽ മറ്റൊരു മാർഗ്ഗത്തിലൂടെയാണ് അവർ സ്വദേശത്തേക്ക് മടങ്ങിയത്. അവർ പോയിക്കഴിഞ്ഞ് കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ യോസേഫിന് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: 'എഴുന്നേൽക്കുക ശിശുവിനേയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോവുക. ഞാൻ പറയുംവരെക്കും, കാരണം ഈ ശിശുവിനെ നശിപ്പിക്കാൻ ഹെരോദോസ് ഉടനെ അന്വേഷണം ആരംഭിക്കും. യോസേഫ് എഴുന്നേറ്റു ആ രാത്രിയിൽ തന്നെ ശിശുവിനേയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് യാത്രതിരിച്ചു. ഹെരോദോസിന്റെ മരണംവരെ അവിടെ താമസിക്കുകയും ചെയ്തു.' (മത്തായി 2: 1-15)**

ലൂക്കോസിന്റെ വിവരണം നോക്കൂ:

**'അക്കാലത്ത് ലോകത്തെങ്ങും ആളുകൾ ജനസംഖ്യാ കണക്കിൽ പേരെഴുതിക്കണമെന്ന് അഗസ്തസ് സീസറിനാൽ കൽപ്പന പുറപ്പെടുവിച്ചു. കുറേന്യാസ്, സിറിയയിലെ ദേശാധികാരിയായിരിക്കുമ്പോഴാണ് ഒന്നാമത്തെ ഈ പേരെഴുത്ത് നടന്നത്. എല്ലാവരും സ്വനഗരത്തിൽ പേരെഴുതിക്കാൻ പോയി. യോസേഫും ഗലീലിയയിലെ നഗരമായ നസ്റേത്തിൽ നിന്നും യൂദായിലെ ബെത്‌ലെഹേം എന്ന് പേരുള്ള ദാവീദിന്റെ നഗരത്തിലേക്ക് ഗർഭിണിയായ പ്രതിശ്രുത വധു മറിയമിനോട് കൂടി പേരെഴുതിക്കാൻ പോയി. കാരണം അയാൾ ദാവീദിന്റെ ഭവനത്തിലും വംശത്തിലും പെട്ടവനായിരുന്നു. അവിടെ വെച്ച് അവൾക്കു പ്രസവ സമയമായി അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞു. ഒരു പുൽതൊട്ടിയിൽ കിടത്തി. സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല.' (ലൂക്കോസ് 2: 1-7)**

യേശുവിന്റെ ജനനനത്തെ സംബന്ധിച്ച് മത്തായിയും ലൂക്കോസും നൽകിയ രണ്ട് വിവരണങ്ങളിലും ഉള്ളടക്കത്തിൽ വ്യക്തമായ വ്യത്യാസങ്ങളും പരസ്പര വൈരുദ്ധ്യങ്ങളുമുണ്ട്. മത്തായിയുടെ വിവരണത്തിൽ ശിശുവായ യേശുവിനെ കൊല്ലാൻ ഹെരോദോ രാജാവ് ബത്‌ലഹേമിൽ ആളെ അയക്കുമെന്നും അതിനാൽ ഈജിപ്തിലേക്ക് ഓടിപ്പോവണമെന്നുമുള്ള പരാമർശമുണ്ട്. ബെത്‌ലഹേം യാത്ര നടത്തിയതിന്റെ കാരണം തലവരിചേർക്കാനാണ് എന്ന ലൂക്കോസിലെ പരാമർശവും മത്തായിയിലില്ല. യേശുവിന്റെ ജനനത്തെ സംബന്ധിച്ച് മത്തായിയുടെ സുവിശേഷത്തിൽ മാലാഖ സംഭാഷണം നടത്തുന്നത് ജോസഫിനോടാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ മാലാഖ എല്ലാ കാര്യങ്ങളും സംവദിക്കുന്നത് യേശുവിന്റെ വന്ദ്യമാതാവ് മറിയയുമായിട്ടാണ്. അത്പോലെ മറ്റൊരു പ്രകടമായ വൈരുദ്ധ്യം കുറേന്യസിനെയും ഹെരോദോയെ സംബന്ധിച്ച കാലഗണനയിലെ പൊരുത്തക്കേടാണ്.

## ഹെരോദോയും കുറേന്യാസും: കാലക്രമത്തിലെ പൊരുത്തക്കേട്

യേശുവിന്റെ ജനന സമയം ഹെരോദോ, കുറേന്യാസ് എന്നീ

യേശുവിന്റെ ജനനനത്തെ സംബന്ധിച്ച് മത്തായിയും ലൂക്കോസും നൽകിയ രണ്ട് വിവരണങ്ങളിലും ഉള്ളടക്കത്തിൽ വ്യക്തമായ വ്യത്യാസങ്ങളും പരസ്പര വൈരുദ്ധ്യങ്ങളുമുണ്ട്. മത്തായിയുടെ വിവരണത്തിൽ ശിശുവായ യേശുവിനെ കൊല്ലാൻ ഹെരോദോ രാജാവ് ബത്‌ലഹേമിൽ ആളെ അയക്കുമെന്നും അതിനാൽ ഈജിപ്തിലേക്ക് ഓടിപ്പോവണമെന്നുമുള്ള പരാമർശമുണ്ട്. ബെത്‌ലഹേം യാത്ര നടത്തിയതിന്റെ കാരണം തലവരിചേർക്കാനാണ് എന്ന ലൂക്കോസിലെ പരാമർശവും മത്തായിയിലില്ല. യേശുവിന്റെ ജനനത്തെ സംബന്ധിച്ച് മത്തായിയുടെ സുവിശേഷത്തിൽ മാലാഖ സംഭാഷണം നടത്തുന്നത് ജോസഫിനോടാണ്. എന്നാൽ ലൂക്കോസിന്റെ സുവിശേഷത്തിൽ മാലാഖ എല്ലാ കാര്യങ്ങളും സംവദിക്കുന്നത് യേശുവിന്റെ വന്ദ്യമാതാവ് മറിയയുമായിട്ടാണ്. അത്പോലെ മറ്റൊരു പ്രകടമായ വൈരുദ്ധ്യം കുറേന്യസിനെയും ഹെരോദോയെ സംബന്ധിച്ച കാലഗണനയിലെ പൊരുത്തക്കേടാണ്.

രണ്ട് രാജാക്കന്മാരുടെ ഭരണകാലവുമായി ബന്ധപ്പെടുത്തിയാണ് മത്തായിയും ലൂക്കോസും വിവരിക്കുന്നത്. ഈ രണ്ട് ഭരണാധികാരികളുടെയും ഭരണകാലം വ്യക്തമായും വ്യത്യസ്തമാണ്. യേശു ജനിക്കുന്ന സമയത്ത് ഫലസ്തീൻ റോമിന്റെ കീഴിലെ ഒരു ഭരണ പ്രദേശമായിരുന്നു. റോമാ ചക്രവർത്തിയായ അഗസ്തസ് സീസറായിരുന്നു അന്നത്തെ റോമൻ ചക്രവർത്തി. റോമിന്റെ കീഴിൽ ജൂദിയ ഭരിച്ചിരുന്ന റോമൻ സാമന്തരാജാവായിരുന്നു (Client Kings) ഹെരോദോ (Herod ക്രി.മു 73 ക്രി. മു 4). ഹെരോദയുടെ ഭരണകാലം ക്രി.മു 37 മുതൽ ക്രി മു 4 വരെയാണ്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് യേശു ജനിച്ചത് എന്നാണ് മത്തായിയുടെ സുവിശേഷം പറയുന്നത്. അത്തന്നെ യേശുവിന്റെ ജനനത്തിന്ന് 4 വർഷം മുമ്പാണ് ഹെരോദോ മരിച്ചതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കോസ് പറയുന്നത് മറ്റൊരു കഥയാണ്. സിറിയയിലെ ഗവർണർ കുറേന്യാസിന്റെ അഥവാ പബ്ലിയസ് സൾപിഷിയസ് കുറേന്യാസ് (Publius Sulpicius Quirinius- ബി.സി 51 ക്രി.വ 21) ന്റെ കാലത്ത് സെൻസസിൽ പേരു ചേർക്കാൻ വേണ്ടി ജോസഫും പൂർണ്ണ ഗർഭിണിയായ പ്രതിശ്രുതവധു മറിയമും കൂടി നസറേത്തിൽ നിന്നും ബെത്‌ലഹേമിൽ എത്തിയപ്പോഴാണ് യേശുവിന്റെ ജനനം സംഭവിച്ചത് എന്നാണ്. ഈ രണ്ട് പ്രസ്താവനകളും ചരിത്ര വസ്തുതകൾക്ക് നിരക്കുന്നതല്ല.

റോമാ സാമ്രാജ്യവുമായി വളരെ നയത്തിൽ കഴിഞ്ഞിരുന്ന ഹെറോദോ 32 വർഷം (ബി സി 37-4) ഭരണം നടത്തി ക്രി.മു 4 ലാണ് മരിക്കുന്നത്. ഹെരോദോവിന്റെ മരണ ശേഷം റോമൻ ആശ്രിതത്വത്തിലുള്ള അദ്ദേഹത്തിന്റെ രാജ്യം മൂന്ന് സന്താനങ്ങൾക്ക് വിഭജിച്ചു നൽകി. ഹെറോദോ ആർക്കിലോസിന്ന് (Herod Archelaus) ജൂദിയായും ഈദൂമിയയും, വിജാതീയർ താമസിക്കുന്ന സമരിയായും ഉൾപ്പെടെയുള്ള പ്രദേശം. ഹെരോദോ അന്തിപ്പാസിന്ന് (Herod Antipas) ഗലീലിയും പെരായിയയും. ഹെരോദോ ഫിപിപ്പിന്ന് (Herod Philip) ഇതൂരിയായും ഗലീലി തടാകത്തിന്ന് വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ട്രക്കോനിറ്റ്സും നൽകി. ക്രി. വ 6 ൽ അഗസ്റ്റസ് ചക്രവർത്തിയുടെ അപ്രീതിക്ക് പാത്രമായി ഹെറോദോ ആർക്കിലോസിനെ തൽസ്ഥാനത്ത് നിന്നും മാറ്റുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണപരിധിയിലുണ്ടായിരുന്ന ജൂദിയ, ഈദുമിയ, സമരിയ എന്നിവിടങ്ങൾ അടങ്ങിയ ഭൂഭാഗത്തിന്ന് സാമന്തരാജ്യം (Client Kingdom) എന്ന പദവി മാറ്റി സാമ്രാജ്യ പ്രവിശ്യ (Imperial Province) എന്നാക്കി മാറ്റുകയും പബ്ലിയസ് സൾപിഷ്യസ് കുറേന്യാസിനെ (Publius Sulpiciu sd Quirinius) ക്രിവ 6 ന്ന് റോമിന്റെ പ്രോവിൻസായി പുതുതായി കൂട്ടിച്ചേർക്കപ്പെട്ട പ്രവിശ്യയിലെ ഗവർണ്ണർ (Legatus) ആയി നിയമിക്കുകയും ചെയ്തു എന്ന് ഒന്നാം നൂറ്റാണ്ടിലെ ആധികാരിക യഹൂദ ചരിത്രകാരനായ ഫ്ളേവിയസ് ജോസഫസ് രേഖപ്പെടുത്തുന്നു. ഈ കുറേന്യാസിന്റെ ഭരണകാലത്താണ് യേശുവിന്റെ ജനന സമയത്തുണ്ടായ സെൻസസ് നടന്നതെന്ന് ബൈബിളിൽ ലൂക്കോസ് പറയുന്നത്. അത്‌വരെ അവിടെ സെൻസസ് നടന്നിട്ടില്ല. ക്രിസ്തു ജനിക്കുന്നതിന്ന് 4 വർഷം മുമ്പ് മരിച്ചു പോയി എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയ ഹെരോദോവിന്റെ കാലത്താണ് യേശു ജനിച്ചതെന്ന് മത്തായിയും ക്രിസ്തുവിന്ന് ശേഷം 6-ാം വർഷം നടന്ന സെൻസസ് വേളയിലാണ് യേശു ജനിച്ചതെന്ന് ലൂക്കോസും പറയുമ്പോൾ യേശുവിന്റെ ജനന തീയതിയും ഒരു പ്രഹേളികയായി മാറുന്നു.

മറ്റൊരു വൈരുദ്ധ്യം ലൂക്കോസ് തന്നെ യേശു ജനിച്ചത് ഹെരോദയുടെ കാലത്താണ് എന്ന് പറയുന്നുണ്ട്. അതായത് സെഖര്യായുടെ ഭാര്യയും മറിയയുടെ മച്ചൂനത്തിയുമായ എലിസബത്ത് വാർദ്ധകൃത്തിൽ യോഹന്നാൻ സ്നാപകനെ ഗർഭം ധരിക്കുന്നത് ഹെരോദയുടെ കാലത്താണെന്നും ഗർഭധാരണം നടന്ന് 6-ാം മാസം കന്യാമറിയത്തിന് മാലാഖ വന്ന് യേശുവിന്റെ ഗർഭധാരണത്തെ കുറിച്ചുള്ള സുവിശേഷമറിയിച്ചത് എന്നുമുള്ള ബൈബിൾ വചനങ്ങൾ നോക്കൂ: .

**യൂദാ രാജാവായ ഹെരോദോവിന്റെ കാലത്ത് അബിയായുടെ ഗണത്തിൽ സെഖര്യാ എന്നു പേരായ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അഹരോന്റെ പുത്രിമാരിൽ ഒരുവളായിരുന്നു അയാളുടെ ഭാര്യ. അവളുടെ പേര് എലിസബെത്ത്......(മറിയയോട് മാലാഖ പറഞ്ഞു). ഇതാ നിന്റെ ചാർച്ചക്കാരിയായ എലിസബെത്തും വാർധക്യത്തിൽ ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്ന് വിളിക്കപ്പെട്ടിരിക്കുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന്ന് അസാദ്ധ്യമായി ഒന്നുമില്ല. മറിയം പറഞ്ഞു: ഇതാ ഞാൻ കർത്താവിന്റെ ദാസി. നീ പറഞ്ഞത് പോലെ എനിക്കു സംഭവിക്കട്ടെ. (ലൂക്കോസ് 1:5, 1:36-38)**

ചുരുക്കത്തിൽ യേശുവിന്റെ ജനനത്തെ കുറിച്ചുള്ള ബൈബിൾ കഥകളിൽ പ്രത്യക്ഷത്തിൽ തന്നെ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നു. യേശുവിന്റെ ജനനദിവസമായ ക്രിസ്മസ് ദിവസവും ആഘോഷങ്ങളും റോമൻ പ്രാകൃത മതാചാരങ്ങളിൽ നിന്നും ക്രിസ്തുമതം സ്വാംശീകരിച്ച ആചാരങ്ങളാണ്. റോമക്കാർക്ക് പരിചിതമായ സൂര്യദേവന്റ ദിവസമായി ആഘോഷിക്കുന്ന ഒരു ഉത്സവമാണ് ക്രിസ്മസ് ദിനം. യേശുവിന്റെ ജനനവുമായി ആ ദിവസത്തിന്ന് ബന്ധമില്ല. അതുപോലെ യേശു ജനിച്ച സ്ഥലവും സംശയത്തിലാണ്.

# യേശുവിന്റെ അജ്ഞാത ജീവിതം

യേശുവിനെ സംബന്ധിച്ച് അയഥാർത്ഥമായ ഇതിഹാസ കഥനങ്ങൾ മതങ്ങൾ സൃഷ്ടിക്കുന്ന മിത്തുകളുടെ ഭാഗമാണെന്നത് ചരിത്രകാരന്മാർക്ക് ബോദ്ധ്യപ്പെട്ട യാഥാർത്ഥ്യമാണ്. അതുകൊണ്ട് തന്നെ കുരിശുസംഭവാനന്തരം യേശുവിന് എന്ത് സംഭവിച്ചു എന്ന പ്രശ്നത്തിന്ന് കൂടി ഉത്തരവാദപ്പെട്ട ചരിത്രകാരന്മാർ വ്യക്തത വരുത്തേണ്ടതുണ്ട്. കുരിശു സംഭവാനന്തരമാണ് യേശു ഇന്ത്യയിൽ പര്യടനം നടത്തിയത് എന്ന വാഗ്ദത്ത മസീഹിന്റെ വാദത്തിന്ന് ചരിത്രകാരന്മാർക്കിടയിൽ സ്വീകാര്യത വർദ്ധിച്ചു വരുന്നു എന്നതാണ് സത്യം. യേശു കുരിശു സംഭവത്തിന്ന് മുമ്പാണ് ഇന്ത്യയിൽ പര്യടനം നടത്തിയത് എന്ന് വാദിച്ചുകൊണ്ട് 'യേശുവിന്റെ അജ്ഞാത ജീവിതം'(The Unknwon Life of Jesus Christ) എന്ന പുസ്തകമെഴുതിയ നിക്കളോയ് നോട്ടോവിച്ചിന്റെ വെളിപ്പെടുത്തലുകളിലെ സന്നിഗ്ദതകൾ ലേഖകൻ ഇവിടെ വിശകലനം ചെയ്യുകയാണ്.

**എൻ. ഇ. ഹഖ്**

കുരിശു സംഭവാനന്തരം യേശുക്രിസ്തു ഇന്ത്യയിൽ കാലഗതിയടഞ്ഞതിനെ പറ്റിയുള്ള വാഗ്ദത്ത മസീഹിന്റെ യുഗനിർണ്ണായകമായ വെളിപ്പെടുത്തലോടെയാണ് കൃസ്തുവിനെ സംബന്ധിച്ച മഹാവി വാദങ്ങൾ ഒരു വഴിതിരിവിലെത്തി നിൽക്കുന്നത്. നൂറ്റാണ്ടുകളോളം തെറ്റായി ദൈവമെന്നോണം ആരാധിക്കപ്പെട്ടു പോന്ന ഇസ്റായീല്യരുടെ മിശിഹാ ആയ യേശുക്രിസ്തുവിന്റെ കബറിടം കശ്മീരിലെ ശ്രീനഗരിനടുത്ത് അദ്ദേഹം ചുണ്ടികാട്ടുകയും കൂടി ചെയ്തതോടെ യേശുവിനെ സംബന്ധിച്ച ശതകങ്ങളായുള്ള എല്ലാ തർക്കങ്ങൾക്കും അന്തിമമായ പരിഹാരം കണ്ടെത്തപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ യേശുവിന്റെ ജീവിത പാഠങ്ങളും ഇന്ത്യയിലെ പൗരാണിക ബൗദ്ധസാഹിത്യവും തമ്മിലുള്ള ശ്രദ്ധേയമായ സാമ്യസാദൃശ്യങ്ങൾ ചരിത്രകാരന്മാർക്കിടയിൽ ചിലരേയെങ്കിലും യേശു ഇന്ത്യയിൽ പര്യടനം നടത്തിയിരുന്നുവെന്ന വസ്തുത കണ്ടെത്താനും തുറന്ന് പറയാനും പ്രേരിപ്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇന്ത്യ സന്ദർശിക്കുകയും ഹെമിസ് വിഹാരത്തിൽ താമസിക്കുകയും ചെയ്ത പത്രപ്രവർത്തകനും റഷ്യൻ സഞ്ചാരിയുമായ നിക്കളോയ് നോട്ടോവിച്ച് വെളിപ്പെടുത്തിയിരുന്നു. യേശുവിന്റെ അജ്ഞാത ജീവിതം സംബന്ധിച്ച വിവരങ്ങൾ അത്തരത്തിലുള്ള ഒന്നാണ്. യേശുവിന്റെ ജീവിതത്തെയും പൗരസ്ത്യ രാഷ്ട്രങ്ങളെയും പരാമർശിക്കുന്ന ചില പ്രാചീന രേഖകൾ അദ്ദേഹം അവിടെ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 1894 ൽ പാരീസിൽ വെച്ച് യേശുവിന്റെ അജ്ഞാത ജീവിതം എന്ന പേരിൽ തന്റെ കൃതി പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. ക്രിസ്തുവിന്റെ ഇന്ത്യയുമായുള്ള ബന്ധം വിവരിക്കുന്ന ഈ കൃതി ലോകത്തിലെ പല ഭാഗങ്ങളിലും ചർച്ച ചെയ്യപ്പെട്ടിരുന്നതാണെങ്കിലും നോട്ടോവിച്ചിന്റെ സ്വന്തം രാജ്യമായ റഷ്യയിൽ അത് വളരെയൊന്നും ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ക്രിസ്തുമത പക്ഷപാതിത്വത്തിന്റെ പ്രതീകമായിരുന്ന സാറിസ്റ്റ് ഏകാധിപത്യത്തിന്റെ മതദ്വേഷകരമായ കമ്മ്യൂണിസ്റ്റ് സർവ്വാധിപത്യത്തിന്റെയും ഉരുക്കു മുഷ്ടിയിലകപ്പെട്ടിരുന്ന റഷ്യയിൽ

ഈ ഗ്രന്ഥവും ഗ്രന്ഥകാരനും ശ്രദ്ധിക്കപ്പെട്ടില്ലെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. എന്നാൽ റഷ്യയിലിപ്പോൾ കമ്മ്യൂണിസം മടമാടപ്പെടുകയും ശതകങ്ങളായി അന്യം നിന്ന വിശ്വാസ സ്വാതന്ത്ര്യത്തിന്റെ മന്ദമാരുതൻ സോവ്യറ്റ് യൂണിയനിൽ വീശിതുടങ്ങുകയും ചെയ്തു കഴിഞ്ഞല്ലോ.

ഈ സന്ദർഭത്തിൽ റഷ്യയിൽ നിന്നും 21 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന 'സോവ്യറ്റ് യൂണിയൻ' എന്ന ആനുകാലികത്തിൽ 1991 ഒക്ടോബർ നവംബർ ലക്കങ്ങളിൽ സോവ്യറ്റ് ചരിത്രകാരനായ ലിയോണിദ് മിത്രോഖിൻ യേശുവിന്റെ അജ്ഞാത ജീവിതം എന്ന ശീർഷകത്തിൽ ഇംഗ്ലീഷ് ഭാഷയിലെഴുതിയ ലേഖനം വളരെ ശ്രദ്ധേയമാണ്. യേശുവിന്റെ കുരിശു മരണം പോലെയുള്ള അവാസ്തവ കഥകളുടെ പൊള്ളത്തരം തുറന്നു കാട്ടുന്ന അഹ്മദീയ പ്രസ്ഥാന സ്ഥാപകരുടെ യേശു ഇന്ത്യയിൽ എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പുറം ചട്ടയുടെ പടവും ശ്രീനഗറിലെ കബറിന്റ പടവും യേശുവിന്റ യത്രാപഥം കാണിക്കുന്ന മാപ്പും ചേർത്ത് പ്രസിദ്ധീകരിച്ച് പ്രസ്തുത ലേഖനത്തില മിഖാത്രിൻ നോട്ടോവിച്ചിനെയും അദ്ദേഹത്തിന്റെ കൃതിയേയും സമഗ്രമായി വിലയിരുത്തുന്ന കൃസ്തുവിനെ സംബന്ധിച്ച വിവാദങ്ങളെ പറ്റി ആമുഖമായി വിശകലനം ചെയ്തു കൊണ്ട് ഈ വൃത്തത്തിലെ വിവിധതരം പ്രസിദ്ധീകരണങ്ങളിൽ ഇന്ത്യ കൂടുതൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുകയാണെന്നാണ് ലേഖകൻ പറയുന്നത്. ഈ രാജ്യത്ത് താരതമ്യേന ക്രിസ്ത്യാനികൾ വളരെ ചെറിയ ഒരു ന്യൂനപക്ഷമാണെങ്കിലും ഇന്ത്യൻ ക്രിസ്റ്റോളജി ഇവിടെ വലിയ പ്രചാരം നേടികഴിഞ്ഞിട്ടുണ്ട്. അതാകട്ടെ അതിന്റെ സമീപനങ്ങളാലും മറ്റു പല കാരണങ്ങളാലും അന്യാദൃശമാണുതാനും. യേശുവിന്റെ ജീവിതവും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെയും അതിലുപരി ഈ രാജ്യത്ത് യേശു നടത്തിയതായി പറയപ്പെടുന്ന രണ്ട് സന്ദർശനങ്ങളെക്കുറിച്ചും ഇന്ത്യക്കാരുൾപ്പെടെ പല ഗ്രന്ഥകാരന്മാരും വിശകലനം നടത്തുന്നതായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. കാശ്മീരി ചരിത്രകാരനായ ഫിദാ ഹുസൈന്റെ അടുത്ത കാലത് ഇന്ത്യയിൽ പ്രസിദ്ധീകരിച്ച അഞ്ചാം സുവിശേഷം () എന്ന പുസ്തകം അതിലൊന്നാണ്. യേശു യുവാവായിരിക്കേ ഹൈന്ദവ ബൗദ്ധ കേന്ദ്രങ്ങളിൽ കഴിച്ചു കൂട്ടുകയും അതിന്ന് ശേഷം ഫലസ്തീലെ ദാരുണമായ സംഭവ വികാസങ്ങളെ തുടർന്ന് ഇവിടെ വീണ്ടും വരുകയും കാശ്മീരിൽ വെച്ച് സമാധാന പൂർവ്വം സ്വാഭാവിക മരണം വരിക്കുകയുമാണുണ്ടായതെന്ന് തുടങ്ങി ക്രിസ്തുമത സ്ഥപകരെക്കുറിച്ചുള്ള പല പുതിയ വിവരങ്ങളും ഇന്ത്യയിലും വിദേശത്തുമുള്ള പത്രങ്ങളിൽ ഫിദാ ഹുസൈൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'യേശു'വിന്റെ കല്ലറ ശ്രീനഗർ പട്ടണത്തിൽ സ്ഥിതി ചെയ്യുന്നുവെന്ന ഫിദാ ഹുസൈന്റെ മറ്റൊരു കണ്ടുപിടുത്തെ കുറിച്ചാണ് 'അഞ്ചാം സുവിശേഷ'ത്തിൽ നിന്ന് നാം പഠിക്കുന്നത്. ആ മൃതകുടീരം സൂക്ഷ്മമായും സുരക്ഷിതമായു സംരക്ഷിച്ചു വന്നിട്ടുള്ളത് യേശുവിന്റെ അനുയായികൾ തന്നെയാണ്.

ഫിദാ ഹുസൈന്റെയും അതിന്ന് മുമ്പ് ഈ കാര്യങ്ങൾ ഉന്നയിച്ചിരുന്നവരുടെയും മെല്ലാം അവലംബം നോട്ടോവിച്ച് ഏതാണ്ട് നൂറു കൊല്ലം മുമ്പ് പാരീസിൽ പ്രസിദ്ധീകരിച്ച യേശുവിന്റെ അജ്ഞാന്ത ജീവിതം എന്ന കൃതിയാണെന്നാണ് മിത്രോക്കിന്റെ അഭിപ്രായം. യൂറോപ്പിന്റെ മത മണ്ഡലത്തിൽ ഏറെ ഒച്ചപ്പപാടുണ്ടാക്കുകയും ഏറ്റവുമധികം വിറ്റഴിക്കപ്പെടുകയും ചെയ്ത ഒരു കൃതിയായിരുന്നു അത്. എങ്കിലും ഈ കൃതിയുടെ കർത്താവിന്റെ വ്യക്തിത്വത്തെ പറ്റി പരാമർശിക്കുന്ന യാതെന്നും നോട്ടോവിച്ചിന്റെ പുസ്തകത്തിന്റെ റഷ്യൻ പരിഭാഷയിൽ നിന്ന് പോലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അതിനിടെ സഞ്ചാരിയെക്കുറിച്ച് ഒരു ജർമ്മൻ വേദപണ്ഡിതനായ റോബർട്ട് ക്ലാറ്റ് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ അന്യാദൃശമായ വ്യക്തിത്വത്തെയാണ്. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ യേശുവിന്റെ അജ്ഞാത ജീവിതം ഒരു വേള നോട്ടാവിച്ചിന്റെ സ്വന്തം ഭാവനയുടെ ഫലം മാത്രമാണെന്ന വാദവും തള്ളിക്കളത്തു കൂടാത്തതാണെന്നാണ് മിത്രോക്കിന്റെ പക്ഷം.

നോട്ടോവിച്ച് ഇന്ത്യയിൽ നിന്നും യുറോപ്പിൽ തിരിച്ചെത്തിയ ശേഷം ഏതാണ്ട് 8 വർഷം കഴിഞ്ഞാണ് യേശുവിന്റെ അജ്ഞാത ജീവിതം പ്രസിദ്ധീകരിച്ചത് എന്ന് ഇവർ പറയുന്നു. റഷ്യയിൽ സാറിന്റെ അസഹിഷ്ണുത നിറഞ്ഞ മത നയം അദ്ദേഹത്തിന്ന് നല്ലത് പോലെ അറിയാമായിരുന്നു. അതു കൊണ്ടാണ് തന്റെ നോട്ടുകൾ ഫ്രഞ്ച് പ്രസാദകരെ ഏൽപ്പിക്കുകയാണുണ്ടായത് എങ്കിലും ഈ കൃതി 1895ന്ന് മുമ്പെ തന്നെ ജർമ്മൻ ഭാഷയിൽ നിന്നും റഷ്യയനിലേക്ക് മൊഴി മാറ്റം ചെയ്യപ്പെടുകയും(.......................................) വിശ്വാസവും യുക്തിയും എന്ന ജേർണലിന്റെ 22-ാം ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി. അതേ വർഷം തന്നെ റഷ്യയിൽ എത്തിചേർന്ന നോട്ടാവിച്ചിനെ സെന്റ് പീറ്റേഴ്സ് ബർഗ്ഗിൽ വെച്ച് ഉടൻ അറസ്റ്റ് ചെയ്യുകയും അന്വേഷണമോ വിചാരണയോ കൂടാതെ തടങ്കലിൽ ഇടുകയും ചെയ്തു. അനന്തരം സാറിസ്റ്റ് അധികാരികളുടെ നിർബന്ധമനുസരിച്ച് നോട്ടോവിച്ചിന്റെ സാഹിത്യ പ്രവർത്തനങ്ങൾ സമുദായത്തിന്നും സ്റ്റേറ്റിന്നും അപകടകരമാണ് എന്ന് കണ്ട് വ്യാത്തക എന്ന വിദൂര പട്ടണ പ്രദേശത്തേക്ക് നാടു കടത്തുകയുണ്ടായി.

യേശുവിന്റെ ജീവിതപാഠങ്ങളും ബൗദ്ധ പാഠങ്ങളും തമ്മിലുള്ള സാമ്യതകളെയും പുതിയ നിയമ

ത്തിൽ യേശുവിന്റെ ജീവചരിത്ര ത്തിൽ കാണുന്ന ഗണനീയ വിടവുകളെയും കുറിച്ച് യൂറോപ്പിൽ വളരെയധികം ചർച്ചകൾ നടന്നു കൊണ്ടിരുന്ന കാലഘട്ടത്തിലാണ് നോട്ടോവിച്ച് മദ്ധ്യേഷ്യ, അബിസീനിയ, പേർഷ്യ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് ശേഷം ഇന്ത്യയിലേക്ക് തിരിച്ചതെന്ന് മിത്രേഖിൽ ചുണ്ടിക്കാണിക്കുന്നു. അദ്ദേഹം കശ്മീരിലെ വിദൂരമായ വടക്കൻ പ്രദേശങ്ങളും വിശിഷ്യ ലഡാക്കും ഹിമാലയൻ മലയിടുക്കുകളും സന്ദർശിക്കുകയും അവിടങ്ങളിൽ യേശുവിനെ സംബന്ധിച്ച വിസ്മയകരമായ വാർത്താശകലങ്ങളടങ്ങിയ അപൂർവ്വ പ്രാചീന ലിഖിതങ്ങൾ കണ്ടെത്തുകയും ചെയ്തു. ഈ പുണ്യപുരാതന ലിഖിത പ്രകാരം യേശു പതിമൂന്നാം വയസ്സിൽ ഇന്ത്യലെത്തുകയും ബ്രാഹ്മണരുടേയും ബൗദ്ധരു ടെയും കീഴിൽ ദിവ്യജ്ഞാനം ആർജ്ജിക്കുകയുമാണുണ്ടായത്. ജാതി വ്യവസ്ഥയെ എതിർത്തിരുന്ന യുവാവായ യേശു ബ്രാഹ്മണരോട് ഏറ്റുമുട്ടുകയും ഹിന്ദുക്കളുടെ വേദങ്ങളും ഉപനിഷത്തുക്കളും ദൈവപ്രോക്തങ്ങളാണെന്ന വാദത്തിൽ സംശയം പ്രകടിപ്പിക്കുകയുമുണ്ടായി. പിന്നീട് അദ്ദേഹം ബുദ്ധന്റെ ജന്മസ്ഥലമായ നേപ്പാളിലേക്ക് ഓടിപ്പോകാൻ നിർബന്ധിതനാവുകയും അവിടെ വെച്ച് ബുദ്ധമത പാഠങ്ങളിൽ അവഗാഹം നേടിയതിന്ന് ശേഷം ഫലസ്തീനിലേക്ക് തിരിക്കുകയുമാണത്രെ ഉണ്ടായത്. അവിടെ അദ്ദേഹം ബൗദ്ധപാഠങ്ങളുടെ അടിസ്ഥാനത്തിൽ തന്റെ പ്രബോധനം ആരംഭിച്ചുവത്രെ

എന്നാൽ യേശുവിന്റെ ഇന്ത്യൻ പര്യടനത്തെക്കുറിച്ച് നോട്ടോവിച്ചിന്റെ വിവരത്തിന്ന് അനുകൂലികളും പ്രതികൂലികളുമുണ്ടെന്ന് മിത്രോക്കിൻ ചൂണ്ടിക്കാട്ടുന്നു. നോട്ടോവിച്ചിന്റെ കൃതിയുടെ വിശ്വാസയോഗ്യത എത്രത്തോളമുണ്ടെന്ന കാര്യത്തിൽ സംശയങ്ങൾ ഉന്നയിക്കപ്പെട്ടു. തന്റെ ഹെമിസ് വിഹാരത്തിലെ സന്ദർശനം വിവരിച്ചു കൊണ്ട് അവിടെയുണ്ടായിരുന്ന മുഖ്യലാമ മഞ്ഞ്പുറങ്ങ ളോടുകൂടിയ രണ്ട് ഗ്രന്ഥചുരുളുകളിൽ നിന്ന് യേശുവിനെക്കുറിച്ചുള്ള ബൗദ്ധ ജീവചരിത്രം വായിച്ചു കേൾപ്പിക്കുകയുണ്ടായെന്നാണ് നോട്ടോവിച്ച് പറയുന്നത്. ഇതിൽ നിന്ന് തന്നെ അദ്ദേഹത്തിന്റെ വാദങ്ങളുടെ വിശ്വാസ്യതയെ സംബന്ധിച്ചേടത്തോളം സംശയങ്ങളുയരുന്നുണ്ട്. അദ്ദേഹം അഭിപ്രായപ്പെടുന്നു: ഇംഗ്ലീഷ് ഭാഷയിലുള്ള ടിബറ്റൻ റിവ്യൂ വിലെ 1981 മെയ് ലക്കത്തിൽ നോട്ടോവിച്ചിനെയും ക്രിസ്തുവിന്റെ തിബത്തൻ ജീവിതത്തെയും കുറിച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ലേഖകനായ ജോൺ ബ്രേ, നോട്ടോവിച്ചിന്റെ പ്രസ്താവനക്കെതിരിൽ വിശദമായ വാദഗതികൾ ഉന്നയിക്കുന്നു. ബ്രേയുടെ അഭിപ്രായത്തിൽ നോട്ടോവിച്ചിന്റെ കണ്ടുപിടുത്തത്തിന്നുള്ള ഒരേയൊരു തെളിവ് നോട്ടോവിച്ചിന്റെ പുസ്തകം മാത്രമേയുള്ളൂ. യേശുവിന്റെ അജ്ഞാത ജീവിതം പ്രസിദ്ധീകരിക്കപ്പെട്ടതിന്ന് ശേഷം ആഗ്രയിലെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കോളേജിലെ പ്രൊഫ. എ. ഡഗ്ലസ് സാമുവൽ ജോൺഡാൽ എന്നൊരു ഗൈഡുമൊത്ത് ലഡാക്കിലെ ഹെമിസ് ബുദ്ധ വിഹാരം സന്ദർശിക്കുകയും അവിടത്തെ മുഖ്യ ലാമയുമായി ചർച്ച് നടത്തുകയും ചെയ്തിരുന്നു. പക്ഷേ യേശുവിന്റെ തിബത്തൻ ജീവിതത്തെക്കുറിച്ചും മറ്റുമുള്ള നോട്ടോവിച്ചിന്റെ പൗരാണിക രേഖകളെ പിന്താങ്ങുന്ന ഒരു തെളിവും കണ്ടെത്തിയിരുന്നില്ലെന്നും അങ്ങനെയൊരു യൂറോപ്യൻ അവിടെ വന്നിട്ടില്ലെന്നും ഈസയെ പരാമർശിക്കുന്ന ജീവചരിത്രം അവിടെ ഒരിക്കലും ഉണ്ടായിരുന്നില്ലെന്നും ആ മുഖ്യലാമ അവരോട് പറഞ്ഞുവത്രേ. അതിന് ശേഷം 1950 ൽ ലാഹോറിലെ അവസാനത്തെ ക്രിസ്ത്യൻ മിഷണറിയായ പിയറെ വിറ്റേഴ്സ് ഒരു ബംഗാളി സാധുവുമൊത്ത് ഹെമിസ് സന്ദർശിക്കുകയുണ്ടായി. പാലിയിലും മറ്റു പൗരസ്ത്യ ഭാഷകളിലുമുള്ള തിബത്തൻ സാഹിത്യ ശേഖരങ്ങൾ അവർ അവിടെ കണ്ടെത്തുകയുണ്ടായെങ്കിലും ആ ഹെമിസ് ലൈബ്രറിയിലെവിടെങ്കിലും ഈസയെ പരാമർശിക്കുന്ന ഒന്നും തന്നെ കണ്ടെത്താനായില്ല. ഇത് പോലെ മറ്റു പല പൺഡിതന്മാരും കാശ്മീരിലും ലഡാക്കിലും യാത്ര നടത്തിയിരുന്നു. അവർക്കും യാതൊന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. നോട്ടോവിച്ചിന്ന് തന്റെ നിർണ്ണായക കണ്ടുപിടുത്തത്തെക്കുറിച്ച് അറിയിക്കാൻ ചില കാരണങ്ങളാൽ 8 വർഷം വേണ്ടി വന്നു എന്ന വസ്തുത കൂടികണക്കിലെടുക്കുമ്പോൾ ഈ സംശയം വർദ്ധിക്കുകയാണുണ്ടായതെന്ന് മിത്രോക്കിൻ ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല തിബത്തൻ ഭാഷയിൽ അച്ചടിക്കുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തിരുന്ന കൃസ്ത്യൻ മിഷണറിമാരുടെ കൃതികൾ നോട്ടോവിച്ച് കാണുകയും അതിന്റെ കടുത്ത പരിഭാഷ നിമിത്തം അവ ബൗദ്ധ ലിഖിതങ്ങളാണെന്ന് അദ്ദേഹത്തിന്ന് തോന്നുകയും ചെയ്തതാവാം. എന്നാൽ അതേ സമയം തന്നെ യേശുവിന്റെ ബൗദ്ധ ജീവിതത്തെക്കുറിച്ചുള്ള ആശയത്തിന്ന് നിദാനമായ ഏതാനും യഥാർത്ഥ ഉറവിടങ്ങളുണ്ടായിരിക്കുവാനുള്ള സാദ്ധ്യത പൂർണ്ണമായും തള്ളിക്കളഞ്ഞുകൂടെന്നും ഈ സോവ്യറ്റ് ചരിത്രകാരൻ അഭിപ്രായപ്പെടുന്നു. കാരണം യേശുവിനെ സംബന്ധിച്ച് നിരവധി മിത്തുകളും കഥകളുമുണ്ടെന്നാണ് നോട്ടോവിച്ച് ശേഷം തിബറ്റ് സന്ദശിച്ച മറ്റൊരു പേർഷ്യൻ സഞ്ചാരിയായ നിക്കോളോയ് റോറിക്കിന്റെ ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്. ഏതായാലും നോട്ടോവിച്ചിന്റെ പുസ്തകം നിരവധി ഗവേഷകന്മാരുടെയും എഴുത്തുകാരുടെയും ഭാവന ഉണർത്തുമെന്നകാര്യം അവിതർക്കിതമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് മിത്രോക്കിൻ തന്റെ ലേഖനം അവസാനിപ്പിക്കുന്നത്.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് (അ) യേശുമിശിഹാ ഇന്ത്യയിൽ എന്ന ഗ്രന്ഥത്തിലൂടെ സമുൽഘാടനം ചെയ്ത യേശുക്രിസ്തുവിന്റെ ഇന്ത്യൻ പര്യടനം സംബന്ധിച്ച് വിവാദം ഇങ്ങനെ ചരിത്രകാരന്മാർക്കിടയിൽ യുഗപ്രധാനമായ ഗവേഷണ പ്രശ്നമായി തീർന്നിരിക്കയാണെന്നാണ് ഇതൊക്കെയും മനസ്സിലാക്കിത്തരുന്നത്. ചരിത്ര പുരുഷനായ യേശു ക്രിസ്തുവിനെ തേടി ബൗദ്ധിക ലോകം സങ്കീർണ്ണമായ വാദവിവാദങ്ങളിൽ മുഴുകിയിരുന്ന അവസരത്തിലായിരുന്നു വാഗ്ദത്ത മസീഹ് ഇന്ത്യയിലെ കശ്മീരിലെ ശ്രീനഗറിൽ ക്രിസ്തുവിന്റെ കബറിടം കൂടി കണ്ടെത്തിക്കൊണ്ട് യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച് എല്ലാ തർക്കങ്ങൾക്കും ശാശ്വത പരിഹാരം മുന്നോട്ടു വെച്ചത്. എന്നാൽ യേശു കുരിശ് സംഭവത്തിന്ന് മുമ്പ് യുവാവായിരിക്കുമ്പോഴാണ് ഇന്ത്യയിലുണ്ടായിരുന്നതെന്ന വാദഗതികളെ തന്റെ കൃതികളിലൂടെ അദ്ദേഹം ശക്തിയുക്തം നിഷേധിക്കുകയുണ്ടായി. അതുകൊണ്ട് നേട്ടോവിച്ച് അവതരിപ്പിച്ച പൗരാണിക രേഖകൾ ബൗദ്ധരേഖകൾ കൃത്രിമങ്ങളാണെന്ന് വന്നാൽ തന്നെ യേശുവിനെ കുറിച്ചുള്ള അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ ദിവ്യവാദത്തെ അത് ഒരു തരത്തിലും ബാധിക്കുകയില്ലെന്ന് വസ്തുത ഇവിടെ പ്രസ്ത്യാവ്യമാണ്. ക്രിസ്തുവിന്റെ അജ്ഞാത യൗവനം ഫലസ്തീനിൽ തന്നെയാണ് കഴിച്ചുകൂട്ടിയതെന്ന് തെളിയുന്ന സൂച്യവചനങ്ങൾ ബൈബിളിൽ തന്നെ കണ്ടെത്താൻ കഴിയും. നോട്ടോവിച്ച് അവതരിപ്പിക്കുന്ന പൗരാണിക ബൗദ്ധരേഖകളാകട്ടെ യേശു ഇന്ത്യയിൽ വന്നിരുന്നു എന്നേടത്തോളം വസ്തുതാപരമാണെങ്കിലും ബൗദ്ധ ചരിത്രകാരന്മാരുടെ വളച്ചു കെട്ടലിന്ന് വിധേയമാണെന്ന കാര്യം കൂടി അഹ്മദിയ്യാ മുസ്‌ലിം പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയിരുന്നു. യേശുവിന്റെ അദ്ധ്യാപനങ്ങൾ ബുദ്ധന്മാരുടെയും ജാതി ബ്രാഹ്മണന്മാരുടെയും പാഠങ്ങളെക്കാൾ മഹത്തരമായി അവർക്ക് തോന്നി. അങ്ങനെ അവർ യേശു ഇന്ത്യയിൽ വന്നുവെന്ന വസ്തുതയെ നിഷേധിക്കാതെ തന്നെ ഗൗതമ ബുദ്ധന്റെ മാഹാത്മ്യത്തെ പ്രകടിപ്പിക്കുന്നതിന്ന് യേശു ബുദ്ധന്റെ സിദ്ധാന്തങ്ങൾ ഇന്ത്യയിൽ വന്നതെന്ന് വരുത്തി തീർക്കുകയാണുണ്ടായത്.!

ചുരുക്കത്തിൽ കുരിശു മരണത്തിൽ നിന്ന് രക്ഷ പ്രാപിച്ച ശേഷം ഈസ ഇന്ത്യയിൽ വന്നെത്തുകയും നീണ്ട കാലം ഇവിടെ വസിച്ചു ജനങ്ങളിൽ പ്രത്യേകിച്ച് ബുദ്ധമതം സ്വീകരിച്ച യഹൂദർക്കിടയിൽ ദൈവിക സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന ചരിത്ര യാഥാർത്ഥ്യം ഇന്ന് കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്. 'തന്റെ രണ്ടാമത്തെ ആവിർഭാവ കാലത്ത് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലപിക്കും' എന്ന് യേശു മിശിഹ പ്രവചിച്ചതായിരുന്നു. വാഗ്ദത്ത മസീഹ് അഥാവാ ഭൂമിയിൽ അവതരിച്ചു കഴിഞ്ഞ യേശു രണ്ടാമൻ ചരിത്രപരവും വേദ പ്രോക്തവുമായ ഒട്ടനവധി തെളിവുകളാൽ ക്രിസ്തു കുരിശിൽ നിന്ന് രക്ഷപ്പെട്ടതിനേയും ഇന്ത്യയിൽ വന്ന് കശ്മീരിൽ കാലഗതിയടഞ്ഞതിനേയും സംബന്ധിച്ച് യാഥാർത്ഥ്യം ലോകത്തിന്ന് വെളിപ്പെടുത്തിയപ്പോൾ ആ പ്രവചനം അക്ഷരാർത്ഥത്തിൽ തന്നെ പുലർന്നു. ഇത് തന്നെയാണ് മറ്റു വാക്കുകളിൽ പ്രവാചക ശ്രേഷ്ഠൻ റസൂൽ തിരുമേനി (സ) വാഗ്ദത്ത മസീഹ് കുരിശിനെ ഉടക്കും എന്ന പ്രവചനത്തിലൂടെ വ്യക്തമാക്കിയിട്ടുള്ളതും യഹൂദർ വിശ്വസിക്കുന്നത് പോലെ യേശു ശാപമരണം തന്നെയാണ് വരിച്ചതെന്ന് വിശ്വസിക്കുകയും അതേ സമയം തന്നെ യേശുവിനെ ദൈവമായി കൊണ്ടാടപ്പെടുകയും ചെയ്യുന്ന ക്രിസ്ത്യാനികളും അദ്ദേഹം ഇപ്പോഴും ഉടലോടെ ആകാശത്താണെന്ന് വിശ്വസിക്കുന്ന ഭൂരിപക്ഷം മുസ്‌ലിംകളും അതോടൊപ്പം ക്രിസ്തു എന്നൊരാളേ ജീവിച്ചിരുന്നില്ലെന്ന് വാദിക്കുന്ന പുതിയ ക്രിസ്തു മിഥ്യാവാദികളുമെല്ലാം ഇന്ന് അങ്ങേയറ്റം ദുഃഖിതരാണ്. തന്റെ ദൗത്യം വിളംബരം ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ്(അ) അഥവാ യേശു രണ്ടാമൻ ഇങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി.

***സൃഷ്ടി പൂജ അതിന്റെ എല്ലാ സീമകളെയും കടന്ന് ലോകമാകെ വ്യാപിക്കുകയും കുരിശാരാധനയും രക്തബലിയിലുള്ള വിശ്വാസവും കോടിക്കണക്കിന്ന് ക്രിസ്ത്യാനികളെ സത്യദൈവത്തിൽ നിന്ന് അകറ്റിക്കളയുകയും ചെയ്തിട്ടുള്ളതായി സ്വർഗ്ഗസ്ഥനായ ദൈവം കണ്ടപ്പോൾ അവൻ തന്റെ വൈരാഗ്യത്താൽ ആ കുരിശ് വിശ്വാസത്തെ ഇല്ലാതാക്കുന്നതിന്ന് തന്റെ ഒരു വരിഷ്ഠദാസനെ യേശു മസീഹിന്റെ നാമത്തിൽ അയക്കുകയാണുണ്ടായത് അങ്ങനെ പ്രവചനങ്ങളിലെ ആ വാഗ്ദാന പ്രകാരം അദ്ദേഹം വാഗ്ദത്ത മസീഹ് ആയി പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. പിന്നെ കുരിശിനെ ഉടക്കുന്ന സമയം വന്നെത്തി. ... ദൈവം വഴിയൊരുക്കിയിട്ടുള്ള കാലം ഇത് തന്നെയണ്. സത്യാന്വേഷകർ അതിന്നായി ചുറ്റും നോക്കുകയും തെരയുകയും ചെയ്തുകൊള്ളട്ടെ! (യേശു മിശിഹ ഇന്ത്യയിൽ)***



# ലോകസമാധാനം ഇന്നിന്റെ ആവശ്യം

ഖ്ലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദിന്റെ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന പുസ്തകം നൽകിയപ്പോൾ റവ: ജിനു ജേക്കബ് എഴുതി തന്ന ലേഖനം.

**റവ: ജിനു ജേക്കബ്**

(വികാരി കൊല്ലം സെന്റ് തോമസ് മാർത്തോമാ ഇടവക)

**'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും'**

**– മിർസാ മസ്റൂർ അഹ്മദ്.**

ഖലീഫയുടെ 10 പ്രഭാഷണങ്ങളും 13 എഴുത്തുകളും ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ച പുസ്തകമാണ് 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്നത്. ലോകസമാധാനം ഇന്നിന്റെ സുപ്രധാനമായ ഒരാവശ്യമാണ്. ഒരു മതനേതാവ് എന്നതിലുപരി എല്ലാ മനുഷ്യരുടെയും നന്മ ആഗ്രഹിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് മിർസാ ഖലീഫ. യൂറോപ്യൻ പാർലമെന്റിൽ നടത്തിയ 'സമാധാനത്തിന്റെ താക്കോൽ – ആഗോള ഐക്യം' എന്ന പ്രഭാഷണം ശ്രദ്ധേയമാണ്. ആരോടും വെറുപ്പ് വെച്ചു പുലർത്താനല്ല സമാധാനത്തിന്റെ വിത്തുകളായി മാറാനാണ് ആഹ്വാനം ചെയ്യുന്നത്. അനുരഞ്ജനം എന്നത് മുഖമുദ്രയാക്കിയ പ്രസ്ഥാനമാണ് ജമാഅത്ത്. ലോകമൊരു തറവാട് ആണെങ്കിൽ സ്നേഹവും സമാധാനവും അതിന്റെ നെടുന്തൂണുകളാണ്. ഇസ്ലാം മതത്തെ സകല സംഘർഷങ്ങൾക്കും കാരണക്കാരായി ചിലർ ചിത്രീകരിക്കാറുണ്ട്. എന്നാൽ സമാധാനവും സുരക്ഷയും ലോകത്തിന് നൽകുന്ന ഇസ്ലാമിനെ പോലെ മറ്റൊരു മതമില്ല. പ്രവാചകനായ മുഹമ്മദ് നബിയുടെ ആഹ്വാനം തന്നെ സമാധാന ചിന്തകൾക്ക് പ്രാധാന്യം നൽകുന്നതായിരുന്നു. ആരുടെയും അവകാശങ്ങൾ കവർന്നെടുക്കരുതെന്ന് ഇസ്ലാം മതം പഠിപ്പിക്കുന്നു. ദരിദ്രനും ധനികനും പണ്ഡിതനും പാമരനുമെല്ലാം ഈശ്വരന്റെ ദൃഷ്ടിയിൽ സമന്മാരാണ്.

ലോക സമാധാനം കാലഘട്ടത്തിന്റെ നിർണ്ണായകമായ ആവശ്യം എന്ന് ന്യൂസിലന്റ് ദേശീയ പാർലമെന്റിലെ പ്രഭാഷണവും ശ്രദ്ധേയമാണ്. സമകാലീന ലോകത്ത് യുദ്ധത്തിന്റെ ഭീഷണിയുമായി ലോക രാഷ്ട്രങ്ങൾ കൊലവിളി നടത്തുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നത് സാധാരണക്കാരായ ജനങ്ങളാണ്. ഒരു രാജ്യം ആക്രമിക്കപ്പെടുമ്പോൾ മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളുടെ മേലുള്ള കടന്നുകയറ്റമാണ് സംഭവിക്കുന്നത്. സംഭാഷണത്തിലൂടെയും സംവാദത്തിലൂടെയും അനുരഞ്ജനമുണ്ടാക്കണമെന്നത് വിശുദ്ധ ഖുർആനിലെ ഉപദേശമാണ്. ദൈവസൃഷ്ടിയുടെ ഭാഗമാണ് എല്ലാ മനുഷ്യരും.

വിവിധ രാഷ്ട്ര തലവന്മാർക്ക് എഴുതിയ കത്തുകൾ കൃത്യമായ ഒരാശയം ഉയർത്തിപിടിക്കുന്ന

ശേഷം പേജ് 29 ൽ



കരുനാഗപ്പള്ളി ദഅ്വത്തെ ഇലല്ലാഹ് സെക്രട്ടറി ഷരീഫ് സാഹിബ് റവ: വിനു ജേക്കബിന് ഖലീഫ തിരുമനസ്സ് രചിച്ച ആഗോള സംഘർഷവും സമാധാനത്തിലേക്കുള്ള പാതയും എന്ന പുസ്തകം നൽകുന്നു.

# ഇസ്‌ലാമിനെ കുറിച്ചുള്ള തെറ്റിദ്ധാരണ മാറുന്നു

ആർ എസ് എസ് കൊല്ലം ഗ്രാമജില്ലാ കാര്യവാഹക് ശ്രീ ജയറാമിനെ കരുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്ത് ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി ഷെരീഫ് സാഹിബ് സന്ദർശിച്ച് ഖലീഫത്തുൽ മസീഹിന്റെ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന പുസ്തകം സമ്മാനിച്ചപ്പോൾ പ്രതികരിച്ചു കൊണ്ട് എഴുതിയ കുറിപ്പ്

**ജി ജയറാം**

അഹ്മദിയ്യാ സമാജത്തിന്റെ കരുനാഗപ്പള്ളിയിലെ വിശ്വാസിയും ഒപ്പം ചുമതലക്കാരനുമായ ശ്രീ ഷെരീഫ് സാറ് എന്നെ വന്ന് പരിചയപ്പെടുകയും അഹ്മദീയ സമാജത്തിന്റെ ആഗോള ആത്മീയ നേതാവായ ബഹുമാന്യനായ ശ്രീ മിർസാ മസ്റൂർ അഹ്മദിന്റെ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന പുസ്തകം നൽകുകയുമുണ്ടായി. പുസ്തകം കൈമാറിയ ശ്രീ ഷെരീഫ് സാറിന് ആദ്യം തന്നെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു. പുസ്തകം വായിച്ച് എനിക്ക് ഒരു കുറിപ്പ് തയ്യാറാക്കണമെന്ന് തോന്നി. അത് താഴെ കൊടുക്കുന്നു.

ആദ്യമേ തന്നെ പറയട്ടെ, ബഹുമാന്യനായ ശ്രീ മിർസാ മസ്റൂർ അഹ്മദിന്റെ ഈ പുസ്തകം ഇസ്‌ലാമിനെ കുറിച്ച് എന്റെ മനസ്സിലുണ്ടായിരുന്ന തെറ്റിദ്ധാരണകൾ നീക്കുന്നതിന് വളരെ സഹായകരമായി. ലോകമെമ്പാടും മതത്തിന്റെ പേരിൽ ചോരപ്പുഴയൊഴുക്കുന്ന ഇന്നത്തെ വർത്തമാനകാല സാഹചര്യത്തിൽ അദ്ദേഹത്തിന്റെ പുസ്തകത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. കാരണം ലോകത്ത് അശാന്തിയും തീവ്രവാദവും ഏറ്റവും കൂടുതൽ പടരുന്നതിന് ഇസ്‌ലാം മതം കാരണമായി എന്ന് ബഹുഭൂരിപക്ഷം അമുസ്‌ലിംകളും ചിന്തിക്കുന്ന സമയത്താണ് അദ്ദേഹം യഥാർത്ഥ ഇസ്‌ലാം മതം എന്താണെന്നും ലോകത്ത് ശാന്തി വിതക്കുന്നതിന് അതിന്റെ പങ്കിനെ കുറിച്ച് ഖുർആനും ഹദീസും ഉദ്ധരിച്ചുകൊണ്ട് ഈ പുസ്തകം വഴി ബോദ്ധ്യപ്പെടുത്തിത്തന്നത്. ....

എന്തുകൊണ്ട് യഥാർത്ഥ ഇസ്‌ലാം എന്താണെന്നും അതിലെ പ്രവാചക വചനങ്ങളും അതിന്റെ യഥാർത്ഥ അന്തസത്തയും എന്താണെന്നും ലോകം അറിയില്ല എന്നത് എല്ലാവരെയും പോലെ എന്നെയും ആശ്ചര്യപ്പെടുത്തുന്നു. ലോകമെമ്പാടും സത്യം പറയുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പേരിൽ പീഡിപ്പിക്കപ്പെടുന്ന അഹ്മദീയരുടെ വിശ്വാസ പ്രമാണങ്ങളെ അടുത്തറിയാനും മനസ്സിലാക്കാനും ശ്രീ. മിർസാ മസ്റൂർ അഹ്മദിന്റെ പുസ്തകം കാരണമായെന്ന് സത്യസന്ധമായി പറയട്ടെ.

ലോകത്ത് മുസ്‌ലിം സമൂഹത്തെ സംശയത്തോടെ വീക്ഷിക്കുന്നതിന് കാരണമായ വലിയൊരു ചോദ്യത്തിന് അദ്ദേഹം തന്റെ പുസ്തകത്തിൽ ഉത്തരം നൽകുന്നു.

ഒരു ഇസ്‌ലാംമത വിശ്വാസിക്ക് കൂറ് സ്വന്തം മതത്തിനോടോ അതോ ജന്മം നൽകിയ നാടിനോടോ? ഇവിടെ പുസ്തകത്തിൽ പ്രവാചക വചനമുദ്ധരിച്ചു കൊണ്ട് അദ്ദേഹം മറുപടി പറയുന്നു. **ഒരാൾ ദൈവത്തേയും ഇസ്‌ലാമിനെയും സ്നേഹിക്കുന്നു വെങ്കിൽ അത്പോലെ തന്നെ സ്വരാജ്യത്തെയും സ്നേഹിക്കണമെന്ന്.....ദൈവ പ്രേമവും രാജ്യസ്നേഹവും തമ്മിൽ വൈരുദ്ധ്യമില്ലെന്നും** പുസ്തകത്തിൽ അടിവരയിട്ട് അദ്ദേഹം പറയുന്നു. **എല്ലാ ജനതയും തുല്യ അവകാശങ്ങൾക്ക് അർഹരാണെന്നും ഒരു അറബിക്ക് അറബിയല്ലാത്ത ഒരാളുടെ മേൽ യാതൊരു മേന്മയും അവകാശപ്പെടാനില്ല എന്നത് ഒരു മഹത്തായ വചനമാണ്. ഒരു മുസ്‌ലിമിന്റെ നാവിൽ നിന്നും കൈകളിൽ നിന്നും സമാധാന പ്രേമികളായ മറ്റുള്ളവർ സുരക്ഷിതരായിരിക്കണമെന്ന നബി വചനം എത്ര മഹത്തരമാണ്... ആരുടെയും അവകാശങ്ങൾ കവർ**

**ന്നെടുക്കരുതെന്നും ആരുടെയും നേരെ അന്യായം പ്രവർത്തിക്കരുതെന്നുമുള്ള നബിവചനം ലോക സമാധാനത്തിനുള്ള അമൃത വചനമായി അദ്ദേഹം പുസ്തകത്തിൽ ഉദ്ധരിച്ചിരിക്കുന്നു.**

**വെറുപ്പിന്റെ നാളങ്ങൾ മതത്തിന്റെ മറപ്പറ്റി ലോകമാകെ കാട്ടുതീ പോലെ പടരുമ്പോൾ ഒരു വിശ്വാസി സമൂഹം നന്മക്ക് വേണ്ടി കോപമടക്കണമെന്ന് പറയുന്നത് വർത്തമാന കാലത്ത് എത്രയോ പ്രാധാന്യമുള്ളതാണ്. അന്യരുടെ സമ്പത്തും വിഭവങ്ങളും അസൂയയോടെ വീക്ഷിക്കരുതെന്ന സന്ദേശം വിശ്വാസികൾക്ക് മാത്രമല്ല ചൂഷകരും സാമ്രാജ്യത്വ മോഹികളുമായ എല്ലാ രാഷ്ട്രങ്ങൾക്കുമുള്ള താക്കീതുകൂടിയാണ്.**

മതപരിവർത്തനം മതങ്ങൾ മുഖ്യ അജണ്ടയാക്കുമ്പോൾ ഇന്നത്തെ ലോകത്തിൽ ഇടിനാദം പോലെ ഖുർആന്റെ വചനങ്ങൾ അദ്ദേഹം പറയുന്നു. **നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ളവരെല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ പക്ഷേ അവൻ നിർബന്ധിക്കുന്നില്ല. എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിന്നായി നീ അവരെ നിർബന്ധിക്കുകയോ?...** മഹത്തായ ഈ വചനം മതത്തിന്റെ പേരിലും മതപരിവർത്തനത്തിന്റെ പേരിലും ലോകത്ത് സംഘർഷങ്ങളെ തടയുന്ന അമൃത ഭാഷണമാണ്. ഇത് എല്ലാ മുസ്‌ലിംകളും അഹ്മദീയാ സമാജത്തെ പോലെ മനസ്സിലാക്കിയാൽ മതസംഘർഷത്തിന് വലിയൊരു പരിഹാരമാകും.

ഭാരതമെന്ന ജന്മദേശത്തോട് അഭേദ്യമായ കൂറ് പുലർത്തുന്ന സ്വരാജ്യസ്നേഹികളായ അഹ്മദി സഹോദരങ്ങളോട് ഒരു ദേശീയവാദി എന്ന നിലയിലും എന്റെ ഹൃദയംഗമമായ നന്ദി അറിയിക്കട്ടെ. ലോകമാകെ സത്യവിശ്വാസികളായതിന്റെ പേരിലും യഥാർത്ഥ ഇസ്‌ലാമിനെയും പരിശുദ്ധ ഖുർആനെയും പ്രവാചകനെയും പൊതു സമൂഹത്തിൽ നേർവഴിയിൽ പരിചയപ്പെടുത്തുന്നതിന്റെ പേരിലും സഹിഷ്ണുതയും സ്നേഹവും ബഹുമാനവും ഇതര മതസ്ഥരോട് പുലർത്തുന്നതിന്റെ പേരിലും വേട്ടയാടപ്പെടുന്ന അഹ്മദീയ സമൂഹത്തോടും അതിന്റെ ആത്മീയ പ്രതിപുരുഷനായ ശ്രീ മിർസാ മസ്റൂർ അഹ്മദിനോടും അദ്ദേഹം രചിച്ച 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന പുസ്തകത്തോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും പറയട്ടെ, ഒരു നാൾ ലോകമാകെ എല്ലാ എതിർ ശബ്ദങ്ങളെയും നിശബ്ദമാക്കികൊണ്ട് നിങ്ങളുടെ ശബ്ദം ഉയർന്നു കേൾക്കുമെന്ന് ദൈവത്തിന്റെ പേരിൽ വിശ്വസിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.



ഷരീഫ് സാഹിബ് ആർഎസ്എസ് നേതാവ് ശ്രീ. ജയറാമിന് ആഗോള സംഘർഷവും സമാധാനത്തിലേക്കുള്ള പാതയും എന്ന പുസ്തകം നൽകുന്നു.

**പേജ് 27 ൽ നിന്ന് തുടർച്ച**

ലേഖനങ്ങളാണ്. ഇവയുടെയെല്ലാം പൊതുവായ ഉള്ളടക്കം ശാന്തിയും സമാധാനവുമാണ്. ആപൽക്കരവും അനിശ്ചിതവുമായ സാഹചര്യങ്ങളിലൂടെ കടന്നു പോവുന്ന ലോകത്തിൽ മനുഷ്യത്വത്തെ രക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതാവായ മിർസാ മസ്റൂർ അഹ്മദ് ഖലീഫ നടത്തിയ പ്രഭാഷണങ്ങളുടെയും എഴുതിയ കത്തുകളുടെയും പുസ്തകരൂപത്തിലുള്ള പ്രസിദ്ധീകരണം വളരെ പ്രോത്സാഹനാജനകമായ ഒരു യജ്ഞമാണ്. ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ശാന്തിയുടെ ദൂതറിയിക്കാൻ ഈ പുസ്തകം ഏറെ സഹായകരമാണ്. അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കുന്ന ലേഖനങ്ങളാണ് ഇവ. അക്രമം ഉണ്ടാക്കാൻ വളരെ എളുപ്പമാണ്. എന്നാൽ ലോകത്ത് സമാധാനത്തിന്റെ വെള്ളരിപ്രാവുകളാകുക എന്നത് ശ്രമകരമായ ദൗത്യമാണ്. യേശു മിശിഹാ പറയുന്നത് നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ എന്നാണ്. എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് സഹിഷ്ണുതയുടെ ആശയമാണ്. ശത്രുക്കളെപോലും സ്നേഹിക്കാൻ കഴിയണം. എല്ലാ മനുഷ്യരും ഒന്നാകുന്ന സമത്വസുന്ദരമായ ഒരുലോകം ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ പുസ്തകത്തിന് എല്ലാ ആശംസകളും നേരുന്നു.



ഭാഗം – 34

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### പൈഗാമെ സുൽഹും നഷ്ടപരിഹാരവും

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ വഫാത്തിനു ഒരു ദിവസം മുമ്പ് എഴുതി പൂർത്തിയാക്കിയ പൈഗാമെ സുൽഹ് (സമാധാന സന്ദേശം) എന്ന ഗ്രന്ഥത്തിൽ സമാധാനം നിലനിത്താനുള്ള നിബന്ധനകൾ വിവരിച്ചു കൊണ്ട് ഹിന്ദു സ്നേഹിതരോടു പറയുകയാണ് ഈ ഉടമ്പടിയിൽ ആദ്യം ഞാൻ ഒപ്പിടാൻ തയ്യാറാണ്. ഞങ്ങൾ അഹ്മദികൾ എന്നും വേദങ്ങളെ സത്യപ്പെടുത്തുന്നവരും അതിലെ ഋഷിമാരേയും മുനിമാരേയും ആദരവോടും സ്നേഹത്തോടും കൂടി മാത്രം ഓർക്കുന്നവരുമായിരിക്കും. അങ്ങനെ ചെയ്യുന്നില്ലായെങ്കിൽ മൂന്നു ലക്ഷത്തിൽ കുറയാത്ത ഒരു വലിയ തുക നഷ്ടപരിഹാരമെന്ന നിലയിൽ ഹിന്ദു സഹോദരങ്ങൾക്കു ഞങ്ങൾ നൽകാൻ തയ്യാറായിരിക്കും. ഇതു പോലെ ഹിന്ദു സഹോദരങ്ങളും ഇത്തരത്തിൽ ആത്മാർഥമായ സ്നേഹവും അനുരഞ്ജനവും ഞങ്ങളോടും അനുവർത്തിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവരും ഈ ഉടമ്പടിയിൽ ഒപ്പു വെക്കേണ്ടതാണ്. ആ ഉടമ്പടിയിൽ, തങ്ങൾ നബികരീമി (സ) നെ അല്ലാഹുവിന്റെ സത്യ പ്രവാചകനാണെന്നു വിശ്വസിക്കുകയും മേലിൽ ആ പുണ്യാത്മാവിനെ ആദരവോടും മാന്യമായും മാത്രമേ ഓർക്കുകയുമുള്ളുവെന്നും തങ്ങളതിനു വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം മൂന്നു ലക്ഷത്തിൽ കുറയാത്ത ഒരു തുക നഷ്ടപരിഹാരമെന്ന നിലയിൽ ഞങ്ങൾ ജമാഅത്തിന്റെ ഇമാമിന്നു നൽകാൻ ബാധ്യസ്ഥരായിരിക്കുമെന്നും എഴുതിയിരിക്കണം. തുടർന്നു ഹുദൂർ എഴുതുകയാണ് ഞങ്ങളുടെ ജമാഅത്തിലെ അംഗങ്ങളുടെ സംഖ്യ നാലു ലക്ഷത്തോളം എത്തിയിരിക്കുന്നു. അതിനാൽ ഇത്തരത്തിലുള്ള വളരെ ഗൗരവമേറിയ കാര്യത്തിനു മൂന്നു ലക്ഷം രൂപ സ്വരൂപിക്കുകയെന്നത് അത്ര വലിയ കാര്യമൊന്നുമല്ല. അതുപോലെ നമ്മുടെ ജമാഅത്തിൽ ഉൾപ്പെടാതെ പുറത്തു നിൽക്കുന്നവർ ധാരാളമുണ്ട്. അവർ ചിന്നിച്ചിതറിയ അവസ്ഥയിലാണുള്ളത്. അവർക്കൊരു നേതാവില്ല.

“പൈഗാമെ സുൽഹി”ൽ വിവരിക്കപ്പെട്ട ഉടമ്പടിക്കു വിരുദ്ധമായി അഹ്മദികൾ പ്രവർത്തിച്ചാൽ നിബന്ധനയനുസരിച്ചു ഹിന്ദുക്കൾക്കു നഷ്ടപരിഹാരം നൽകണം. അതുപോലെ ഹിന്ദുക്കൾ വർത്തിച്ചാൽ ജമാഅത്തിനു നഷ്ടപരിഹാരം നൽകണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിരിക്കുന്നത് ആ നഷ്ടപരിഹാരം നൽകേണ്ടത് ജമാഅത്തിന്റെ ഇമാമിനാണ്. ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉപയോഗിച്ച പദം പേശ്റൗ (پیشرو) എന്നാണ്. പേശ്റൗ എന്നത് ഒരു ഫാർസി പദമാണു. അതിനു രണ്ട് അർഥങ്ങളാണുള്ളത്. ഒന്ന് നേതാവ്, ഇമാം. മറ്റൊന്നു മുൻഗാമി. ഇവിടെ ഇമാം എന്ന അർഥത്തിലാണു ഹുദൂർ ഉപയോഗിച്ചിരിക്കുന്നത്. അതായത് ആ നഷ്ടപരിഹാരം ഏൽപിക്കേണ്ടത് ജമാഅത്തിന്റെ ഇമാമിന്റെ കൈയിലാണ്. ഇത് ഹിന്ദുക്കളുമായി എല്ലാ കാലത്തേയ്ക്കുമുള്ള ഒരു ഉടമ്പടിയാണെന്നു നമുക്കറിയാം. ഇതിലൂടെ തന്റെ ജമാഅത്തിൽ എല്ലാ കാലത്തും ഒരു പേശ്റൗ (ഇമാം) ഉണ്ടായിരിക്കും എന്നു തന്നേയാണു ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യംഗ്യമായി പറയുന്നത് എന്നു നമുക്കു മനസ്സിലാക്കാം. അഞ്ചുമനുകളും ജമാഅത്തുകളും ഒന്നും തന്നെ ഒരിക്കലും പേശ്റൗ എന്നു വിളിക്കപ്പെടുക

യില്ല. മറ്റൊന്നു അമീറും ഖലീഫയും ഇമാമും എപ്പോഴും തന്നെ ഒരു വ്യക്തിയായിരിക്കും. ഒരു ഇമാമിന്റേയോ അമീറിന്റേയോ ഒരു നേതാവിന്റേയോ കാര്യത്തിൽ ഇസ്ലാം നൽകിയതു പോലുള്ള ഊന്നലും ശക്തിയും മറ്റു ഒരു മതവും നൽകിയിട്ടില്ല. നമസ്ക്കാരം നമസ്ക്കാരമാകണമെങ്കിൽ ഒരാളെ ഇമാമാക്കണം. രണ്ടു മൂന്നു പേർ ചേർന്നു യാത്ര ചെയ്യുകയാണെങ്കിൽ അതിലൊരാൾ അമീർ ആയിരിക്കണം. റസൂൽ തിരുമേനി (സ) അമീറിനെ അനുസരിക്കുന്നതിനെ കുറിച്ചു വളരെ ശക്തമായ ഉപദേശം നൽകിയിട്ടുണ്ട്.

## ഖലീഫത്തുൽ മസീഹ് അവ്വലി(റ) ന്റെ ഒരു ഉപദേശം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തന്റെ ഒരു ഖുത്തുബയിൽ അരുൾ ചെയ്യുകയാണ്. റസൂൽ കരീം (സ) അരുൾ ചെയ്തിരിക്കുന്നു.ഏതൊരാൾ എന്നെ അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു. ഏതൊരാൾ എന്നെ ധിക്കരിച്ചുവോ അവൻ അല്ലാഹുവിനെ ധിക്കരിച്ചു. മറ്റൊരിടത്തു പറഞ്ഞു.

مَنْ أَطَاعَ أَمِيرِي فَقَدْ أَطَاعَنِي وَمَنْ عَصَى أَمِيرِي فَقَدْ عَصَانِي

ഏതൊരാൾ എന്റെ അമീറിനെ അനുസരിച്ചുവോ അവൻ എന്നെ അനുസരിച്ചു ഏതൊരാൾ എന്റെ അമീറിനോടു ധിക്കാരം കാണിച്ചുവോ അയാൾ എന്നോടു ധിക്കാരം കാണിച്ചു. സാമുദായിക ഐക്യം നിലനിർത്തുന്നതിനായി റസൂൽ കരിം (സ) പറഞ്ഞു തന്ന ഏറ്റവും ഉന്നതമായ തത്വസംഹിതയാണിത്. ഈ ഒരു തത്വം മുറുകെ പിടിച്ചതു കൊണ്ട് മാത്രമാണു ഹദ്റത്ത് അബൂബക്കർ സിദ്ധീഖിന്റേയും ഹദ്റത്ത് ഉമറിന്റേയും ഹദ്റത്ത് ഉസ്മാന്റേയും (റസിയല്ലാഹു അൻഹും) ഭരണ കാലത്തു മുസ്ലിംകൾക്കു മുന്നിൽ വമ്പിച്ച വിജയങ്ങളുടെ കവാടങ്ങൾ തുറക്കപ്പെട്ടത്.

അവരെല്ലാം തന്നെ പറയുന്നതു ചെയ്യുന്നവരും അതിൽ ഉറച്ചു നിൽക്കുന്നവരുമായിരുന്നു. അല്ലാതെ ബൈഅത്തു ചെയ്തു കൊണ്ട് ഞങ്ങൾ അങ്ങയെ അനുസരിക്കും എന്നു പറയുന്നവരും സമയം വന്നപ്പോൾ മുഖം തിരിക്കുന്നവരുമായിരുന്നില്ല. ഇത്തരത്തിലുള്ള സ്വഭാവം പുരുഷത്വമല്ല. നേരത്തെ തന്നെ മാറി നിൽക്കലായിരുന്നു ഇതിലും നല്ലതു. ബൈഅത്തു ചെയ്ത ശേഷം നിബന്ധനകൾ പാലിക്കാത്തവർ ജമാഅത്തിന്റെ ഉറ്റവരല്ല. അവർ ശത്രുക്കളാണ്. ജമാഅത്തിന്റെ അടിത്തറ اسمعوا واطيعوا കേൾക്കുവിൻ അനുസരിക്കുവിൻ എന്ന തത്വത്തിലധിഷ്ഠിതമാണ്. ഈയൊരു തത്വമനുസരിച്ചു തന്നേയാണു ഹദ്റത്ത് റസൂൽ കരീം (സ) ജമാഅത്തു വ്യവസ്ഥയ്ക്കു രൂപം നൽകിയത്. ഏതു വരെ ജമാഅത്തിലെ അംഗങ്ങൾ ഈ രൂപത്തിൽ പ്രവർത്തിക്കുന്നില്ലയോ അവർക്കു പുരോഗതി സ്വപ്നം കാണുവാൻ കൂടി സാദ്ധ്യമല്ല.

## ഖിലാഫത്തിന്നെതിരിൽ നിഷേധികളുടെ ഗൂഢതന്ത്രങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോടു നേരത്തെ തന്നെ വ്യക്തിപരമായ നിലയിൽ മൗലവി മുഹമ്മദ് അലി സാഹിബിനു അനിഷ്ടവും മുഷിച്ചിലും ഉണ്ടായിരുന്നതിനാൽ സദർ അഞ്ചുമന്റെ യോഗങ്ങളിൽ വളരെ നിസ്സാര കാര്യങ്ങളെ ചൊല്ലിപോലും അദ്ദേഹം അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കാറുണ്ടായിരുന്നു. ആ അവസ്ഥയിൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് ആയി തെരഞ്ഞെടുക്കുന്നത് അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വിയോഗത്താൽ ദു:ഖാർത്തരായ മുഴുവൻ ജമാഅത്തംഗങ്ങളുടെയും പിന്തുണയും കൂറും ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോടൊപ്പമായിരുന്നു. അതു മനസ്സിലാക്കിയ മുഹമ്മദ് അലി സാഹിബ് അൽപം ഉൾവലിയുകയും തൽക്കാലം ഹുദൂറിനു ബൈഅത്തു ചെയ്യുകയും ചെയ്തു. മുഹമ്മദ് അലി സാഹിബ് ഹുസൂറിനു ബൈഅത്തു ചെയ്തിട്ടുണ്ടോ എന്ന കാര്യത്തിൽ ഖലീഫത്തുൽ മസീഹിനു തന്നെ സംശയമായിരുന്നുവല്ലോ? മസീഹ് മൗഊദി (അ) ന്റെ ഖബറടക്കത്തിനു ശേഷം ബഹിശ്ത്തി മഖ്ബറയിൽ നിന്നും തിരിച്ചു വരുമ്പോൾ ഡോക്ടർ അത്തറുദ്ദീൻ സാഹിബ് ദർവേശിനോടു ഹുസൂർ ചോദിച്ചത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ?

ഈ കാര്യത്തെ കുറിച്ചു മൗലവി മുഹമ്മദ് അലി സാഹിബ് തന്നെ പറയുകയാണ്, ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിൽ വച്ചു നിര്യാതനായി. ഹുദൂറിന്റെ മയ്യത്ത് ഖാദിയാനിലുള്ള തോട്ടത്തിലേയ്ക്കു കൊണ്ടുവന്നു. ആ അവസരത്തിൽ ഖ്വാജാ കമലുദ്ദീൻ സാഹിബ് അവിടെ ഉണ്ടായിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു ഹദ്റത്ത് മസീഹ് മൗഊദിന്റെ പിൻഗാമിയും ഖലീഫയുമായി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ തെരഞ്ഞെടുക്കാമെന്ന അഭിപ്രായമാണു ജമാഅത്തിനുള്ളത്. അതിനു ശേഷം അദ്ദേഹം ഇങ്ങനേയും പറഞ്ഞു എല്ലാ അഹ്മദികളും അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്തു ചെയ്യണമെന്ന നിർദേശവുമുണ്ട്. ഞാൻ ചോദിച്ചു അതിന്റെ ആവശ്യമെന്താ? പുതുതായി ജമാഅത്തിൽ പ്രവേശിക്കുന്നവർ ബൈഅത്തു ചെയ്താൽ മതിയല്ലോ? അതു തന്നേയാണു അൽവസിയത്തിൽ പറഞ്ഞതിന്റെ വിവക്ഷയും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബൈഅത്തു ചെയ്തവർക്കു ഹുദൂറിന്റെ വഫാത്തിനു ശേഷം മറ്റൊരാൾക്കു ബൈഅത്തു ചെയ്യേണ്ട ആവശ്യമില്ല. അതു നിർബന്ധവുമല്ല. ഞാൻ ഈ പറഞ്ഞതിൽ തന്നെ ഉറച്ചു

നിൽക്കുന്നു, എന്നിട്ടും ഞാൻ മൗലവി സാഹിബിനു ബൈഅത്തു ചെയ്തു എന്നതു ശരിയാണ്. അതിനു കാരണം ജമാഅത്തിന്റെ ഐക്യം നിലനിൽക്കട്ടെയെന്നു കരുതിയാണ്. (മൗലവി മുഹമ്മദ് അലി സാഹിബ് എഴുതിയ ഹഖീഖത്തെ ഇഖ്തിലാഫ് ഭിന്നിപ്പിന്റെ യാഥാർഥ്യം പേജ് 29, 30 നോക്കുക)

ബാഹ്യമായി അദ്ദേഹം ബൈഅത്തു ചെയ്തെങ്കിലും അദ്ദേഹത്തിന്റെ മനസ്സിലിരിപ്പു മറ്റൊന്നായിരുന്നു. ദിവസങ്ങൾ മുന്നോട്ടു പോകുന്നതോടൊപ്പം മെല്ലെ മെല്ലെ തന്റെ സ്നേഹിതരേയും സമാന ചിന്താഗതിക്കാരേയും തന്നോടൊപ്പം ചേർത്തു ഖിലാഫത്തിന്നെതിരിൽ പൊതുജന അഭിപ്രായം ഏകോപിപ്പിക്കാം അതിലൂടെ ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യാം. അല്ലെങ്കിൽ ഖിലാഫത്തിനെ തന്നെ ഇല്ലാതാക്കാം. ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ അതിരുകടന്ന വ്യാമോഹം. അതിനു വേണ്ടി തന്റെ സ്നേഹിതരുമായി ഒത്തുചേരുന്ന സഭകളിൽ അദ്ദേഹം ചർചകളും സംഭാഷണങ്ങളും ആരംഭിച്ചു. ഈയൊരു നല്ല കാര്യത്തിന്നായി അദ്ദേഹം ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റെ സഹായം തേടി തന്നോടൊപ്പം ചേർത്തു. ഖ്വാജാ സാഹിബാണെങ്കിൽ നേരത്തെ തന്നെ ഈ കാര്യത്തിൽ മുഹമ്മദ് അലി സാഹിബിനോടൊപ്പമായിരുന്നു. സദർ അഞ്ചുമന്റെ പതിനാലു അംഗങ്ങളിൽ എട്ടു പേർ മൗലവി മുഹമ്മദ് അലി സാഹിബുമായി നല്ല സ്നേഹ ബന്ധത്തിലും അദ്ദേഹത്തിന്റെ സ്വാധീന വലയത്തിലുമായിരുന്നു. അതിനാൽ താൻ ഉദ്ദേശിക്കുന്നത് നടപ്പിൽ വരുത്താൻ യാതൊരു പ്രയാസവുമുണ്ടാവുകയില്ലെന്നദ്ദേഹം ധരിച്ചു. ഇത് അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്താണെന്നും എത്ര തന്നെ സ്വാധീന ശക്തിയുള്ളവർ ഇതിന്നെതിരിൽ വന്നാലും ഇതിനെ നശിപ്പിക്കുക എന്നത് അസാധ്യമാണെന്ന കാര്യം ഒരു വേള അദ്ദേഹം മറന്നു.

കുറച്ചു നാളുകൾക്കു ശേഷം, ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വേർപാട് കാരണം ജമാഅത്തിന്നുണ്ടായ ആഘാതത്തിനു അൽപം അയവ് വന്നുവെന്നും ഇപ്പോൾ സഹോദരന്മാർ സമാധാനം കൈവരിച്ചുവെന്നും മനസ്സിലാക്കിയ മൗലവി മുഹമ്മദ് അലി സാഹിബ് തന്റെ പ്രവർത്തനങ്ങൾ വിശാലമാക്കാൻ തുടങ്ങി. അതിന്റെ ഒന്നാം പടിയെന്ന നിലയിൽ ആദ്യം മിയാ സാഹിബിനെ (ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ്) സമീപിച്ചു. എന്നിട്ടു പറഞ്ഞു മിയാ, ഖലീഫയുടെ കാര്യത്തിൽ നമുക്കു തിരുത്താൻ പറ്റുന്ന ഒരു തെറ്റു പറ്റിയിരിക്കുന്നു. ഖലീഫത്തുൽ മസീഹ് പുതിയ അംഗങ്ങളിൽ നിന്നും ബൈഅത്തു വാങ്ങുകയും നമസ്ക്കാരത്തിനു നേതൃത്വം നൽകുകയും നിക്കാഹ് ചെയ്തു കൊടുക്കുകയും ജനാസ നമസ്ക്കരിപ്പിക്കുകയും ചെയ്താൽ മാത്രം മതി. അതിൽ കൂടുതലായി അദ്ദേഹം ഒന്നും ചെയ്യേണ്ടതില്ല. അതിനു മറുപടിയായി മിയാ മഹ്മൂദ് അഹ്മദ് സാഹിബ് പറഞ്ഞു ഇത്തരം ഒരഭിപ്രായം താങ്കൾ വളരെ വൈകിയാണു ഉന്നയിക്കുന്നത്. താങ്കൾ ബൈഅത്തു ചെയ്യുന്നതിനു മുമ്പ് ഇത് ചിന്തിക്കണമായിരുന്നു. ബൈഅത്തെന്നാൽ പരിപൂർണ അനുസരണമാണെന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നേരത്തെ തന്നെ യാതൊരു സംശയത്തിനും ഇടം നൽകാത്തവിധം വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഈ ധാരണയിലാണു നാം ബൈഅത്തു ചെയ്തതു. ഇപ്പോൾ ഖലീഫയുമായുള്ള നമ്മുടെ ബന്ധം യജമാനനും ദാസനും തമ്മിലുള്ള ബന്ധം പോലെയാണ്. അതായത് നമുക്കു നമ്മുടെ യജമാനന്റെഅധികാരം നിർവചിക്കാനോ നിർണയിക്കാനോ ഉള്ള യാതൊരവകാശവുമില്ല. ഹദ്റത്ത് മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് സാഹിബിന്റെ മറുപടി കേട്ടപ്പോൾ തങ്ങളുടെ വാദഗതികൾ ഇവിടെ വില പോവില്ലെന്നു ഖ്വാജാ സാഹിബിനു മനസ്സിലായി. അതോടെ ആ ചർച അവിടെ അവസാനിച്ചു. (ഈ കാര്യം ഇതിനു മുമ്പ് വിവരിച്ചിട്ടുണ്ടായിരുന്നു.)

## ജൽസ സാലാനയും പ്രസംഗങ്ങളും

മിയാ സാഹിബ് തങ്ങളോടൊപ്പം ഉണ്ടായിരുന്നുവെങ്കിൽ കാര്യങ്ങൾ കുറേ കൂടി എളുപ്പത്തിൽ നടപ്പിൽ വരുത്താം എന്നായിരുന്നു അവർ ചിന്തിച്ചിരുന്നത്. എന്നാൽ മിയാ സാഹിബ് ഖിലാഫത്തിന്റെ ഏറ്റവും വലിയ സഹായിയാണെന്നു മനസ്സിലായപ്പോൾ അവർ മിയാ സാഹിബിനെ (മുസ്‌ലിഹ് മൗഊദ് റ) കുറിച്ചു സ്വയം ഖലീഫയാകാൻ ആഗ്രഹിച്ചു നടക്കുന്നയാളാണെന്നു പ്രചരിപ്പിക്കുവാനും മസീഹ് മൗഊദി (അ) ന്റെ കുടുംബത്തോടും ശത്രുത കാണിക്കാനും തുടങ്ങി. ആയിടയ്ക്കു 1908 ഡിസംബറിലെ ജൽസ സാലാന വന്നെത്തി. ഈ ജൽസയിൽ മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടുകാരും ഖിലാഫത്തിനു മേൽ അഞ്ചുമനുള്ള പരമാധികാരവും ശ്രേഷ്ഠതയും തെളിയിക്കാൻ മറ്റൊരു രീതിയിൽ പറഞ്ഞാൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തനിക്കു ശേഷം അഞ്ചുമനെയാണു പ്രതിനിധിയും പിൻഗാമിയുയാക്കിയതെന്നു കാണിക്കാൻ പല രീതിയിൽ ആ കാര്യം ജൽസയിലെ പ്രസംഗങ്ങളിൽ വിവരിക്കുകയുണ്ടായി. ജൽസ സാലാനയ്ക്കു ശേഷം ബദറിൽ വന്ന റിപ്പോർട്ട് അതു തന്നേയാണ് കാണിക്കുന്നത്. അതിലെ ചില റിപ്പോർട്ടുകൾ ഇങ്ങനെയായിരുന്നു.

1) ഹദ്റത്ത് മീർ ഹാമിദ് ശാഹ് സാഹിബ്: ഇദ്ദേഹം ആദ്യസമയങ്ങളിൽ മൗലവി മുഹമ്മദ് അലി സാഹിബ് നിർവഹിച്ച ത്യാഗങ്ങളുടെ വലിയ പ്രശംസകനായിരുന്നു. രണ്ടാം ഖിലാഫത്തിന്റെ ആരംഭത്തിൽ തന്നെ ഇദ്ദേഹം ബൈഅ

ത്തു ചെയ്യാതെ മാറി നിന്നെങ്കിലും പിന്നീട് അദ്ദേഹത്തിനു അല്ലാഹു നേർമാർഗം നൽകി. ഖലീഫത്തുൽ മസീഹ് സാനിയുടെ കയ്യിൽ ബൈഅത്തു ചെയ്തു ജമാഅത്തിലെ വളരെ സ്വാതികരിൽ ഒരാളായി മാറാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി.

ജൽസയിൽ അദ്ദേഹം തന്റെ പ്രസംഗത്തിൽ പറയുകയാണ് നമ്മൾ ഉദാസീനരായി യാതൊരു ആലോചനയും കൂടാതെ കഴിഞ്ഞിരുന്ന മസീഹ് മൗഊദിന്റെ കാലഘട്ടം കഴിഞ്ഞു. ഇപ്പോൾ ഓരോരാളുടേയും നുകം അവരുടെ കഴുത്തിലാണുള്ളത്. അതായത് ഓരോരാളും ചെയ്യേണ്ട ചുമതലകളെ കുറിച്ചു അയാൾ നന്നായി ബോധവാനായിരിക്കണം. ആയതിനാൽ സദറെ അഅ്ലാ (صدرِاعلیٰ) മുഖ്യ അദ്ധ്യക്ഷൻ നേതൃത്വം നൽകുന്ന പ്രവർത്തനങ്ങൾക്കു നമ്മൾ എല്ലാവിധ സഹായ സഹകരണങ്ങൾ നൽകുകയും അദ്ദേഹത്തിന്റെ നിർദേശങ്ങളനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഖുദ്റത്തെ സാനിയ ഇറങ്ങുന്നത് അല്ലെങ്കിൽ പ്രത്യക്ഷപ്പെടുന്നത് സദറെ അഅ്ലാക്ക് കീഴിലുള്ള നമ്മുടെ പ്രവർത്തനഫലമായാണെന്നു തന്നേയാണു ഞാൻ വിശ്വസിക്കുന്നത്. ശ്രദ്ധിക്കുവിൻ, ഇവിടെ ഖലീഫത്തുൽ മസീഹിനെയാണു (صدرِاعلیٰ) മുഖ്യ അദ്ധ്യക്ഷൻ എന്നു പറഞ്ഞിരിക്കുന്നത്. അതു പോലെ ഖുദ്റത്തെ സാനിയയെ കുറിച്ചു അതിപ്പോൾ പ്രത്യക്ഷപ്പെട്ടിട്ടില്ല എന്നും അതു നമ്മുടെ പ്രവർത്തനം പോലെയായിരിക്കും പ്രത്യക്ഷപ്പെടുന്നത് എന്നുമാണു അദ്ദേഹം പറയുന്നത്.

2) ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞു. അഞ്ചുമൻ നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചു കൊണ്ട് പാസ്സാക്കിയ നിർദേശങ്ങൾ ഞാൻ വിശദമായി നിങ്ങളുടെ മുന്നിൽ വിവരിക്കാം. നമ്മുടെ പ്രവൃത്തികളും വാക്കുകളും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മാർഗദർശനവും ഉപദേശവുമനുസരിച്ചായിരിക്കണമെന്നത് വളരെ പ്രധാനപ്പെട്ടതാണ്. ജനങ്ങളോടുള്ള നമ്മുടെ സമീപനം അടുത്ത കൂട്ടുകാരനോടെന്ന പോലെയായിരിക്കണം. പ്രാർഥനയിൽ നിരതരായിരിക്കുവിൻ. എല്ലാവരുടേയും അഭ്യുദയകാംക്ഷികളാകുവിൻ. ഇത്തരം ഉപദേശ നിർദേശങ്ങൾ നൽകേണ്ട കാര്യത്തിലും മസീഹ് മൗഊദി (അ) ന്റെ പ്രതിനിധി അഞ്ചുമൻ തന്നേയാണെന്നാണു ഈ പ്രസംഗത്തിലൂടെ അദ്ദേഹം വ്യംഗ്യമായി സൂചിപ്പിക്കാൻ ശ്രമിക്കുന്നത്.

3) ഇനി ഖ്വാജാ കമാലുദ്ദീൻ സാഹിബ് എന്താണു പറയുന്നതെന്നു നോക്കാം. അദ്ദേഹം പറയുകയാണ് 1905 ഡിസംബർ 22–ാം തിയ്യതി അല്ലാഹുവിൽ നിന്നു ഹദ്റത്ത് മസീഹ് മൗഊദി (അ) നു നിന്റെ ജീവിതത്തിൽ ഇനി വളരെ കുറഞ്ഞ ദിനങ്ങൾ മാത്രമേ ബാക്കിയുള്ളു അല്ലെങ്കിൽ നിന്റെ മരണം ആസന്നമാണ് എന്ന ദിവ്യ വെളിപാടുണ്ടായ ശേഷം ഒരു വസിയ്യത്ത് പ്രസിദ്ധപ്പെടുത്തുകയും എല്ലാ ഉത്തരവാദിത്വങ്ങളിൽ നിന്നും ഹുദൂർ മാറി നിൽക്കുകയും മുഴുവൻ കാര്യങ്ങളും അഞ്ചുമനെ ഏൽപിക്കുകയുമാണു ചെയ്തത്. അതായത് ഹുദൂർ അല്ലാഹുവിന്റെ വിളിക്കു ഉത്തരം നൽകുന്നതിനായി ഒന്നും ചെയ്യാതെ ഒരുങ്ങിയിരിക്കുകയായിരുന്നു. എന്നാൽ പിന്നീട് ചില വ്യാജ വെളിപാടുകാരുടെ (മുൽഹിം) കള്ളത്തരങ്ങൾ വെളിപ്പെടുത്തുന്നതിനായി അല്ലാഹു രണ്ടു രണ്ടര വർഷക്കാലം വീണ്ടും ഹുദൂറിനു ആയുസ്സു നൽകുകയുണ്ടായി. ഇത്തരത്തിൽ ഹുദൂറിന്റെ ജീവിത കാലത്തിനു ശേഷം നടക്കേണ്ടിയിരുന്ന പ്രവർത്തനങ്ങൾ ആ മഹാത്മാവ് തന്റെ ജിവിതത്തിൽ തന്നെ ദർശിക്കുകയുണ്ടായി. അതായത് ആ പ്രവർത്തനങ്ങൾ എല്ലാം തന്നെ അഞ്ചുമൻ നിർവഹിച്ചു.

ഇതെല്ലാം നേരത്തെ തീരുമാനിച്ചുറച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ ജൽസയിൽ വിവരിച്ചു എന്നേയുള്ളു. മസീഹ് മൗഊദിനു ശേഷം എല്ലാ കാര്യങ്ങളുടേയും പിൻഗാമി അഞ്ചുമനാനെന്നു തീരുമാനിച്ചശേഷം ഹുസൂറിന്റെ ജീവിത കാലത്തും അഞ്ചുമൻ തന്നേയാണു എല്ലാ കാര്യങ്ങളും നടപ്പിൽ വരുത്തിയതെന്നു ഖിലാഫത്തു നിഷേധകർക്കു എഴുതേണ്ടി വന്നു. അല്ലെങ്കിൽ പറയേണ്ടി വന്നു. نَعُوذُ بِاللهِ مِن ذَالِك യഥാർഥത്തിൽ ഹുദൂർ അൽവസിയ്യത്ത് രചിച്ച ശേഷം തനിക്കു ഇനി അധികകാലം ജീവിതമില്ലെന്നു മനസ്സിലാക്കി ദീനീസേവനത്തിന്റെ കാര്യത്തിൽ ഹുദൂർ ഒരു കൊടുങ്കാറ്റായി മാറുകയാണു ചെയ്തതു.

## മസീഹ് മൗഊദിന്റെ അവസാന കാല പ്രവർത്തനങ്ങളും അഞ്ചുമനും

എന്തൊരു അതിക്രമവും അന്യായവും നിറഞ്ഞ വിവരണമാണിത്. വസിയ്യത്ത് പ്രസിദ്ധപ്പെടുത്തിയ ശേഷം എല്ലാ കാര്യങ്ങളും അഞ്ചുമനെ ചുമതലപ്പെടുത്തി ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തന്റെ എല്ലാ ചുമതലകളിൽ നിന്നും ഒഴിഞ്ഞു ഒരുഭാഗത്തു അല്ലാഹുവിന്റെ വിളിയും പ്രതീക്ഷിച്ചു ചെന്നിരുന്നു എന്നാണു ഖിലാഫത്തു നിഷേധികൾ പറയുന്നത്. ഇവിടെ ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ എന്നുമാത്രമേ നമുക്കുചൊല്ലാൻ സാധിക്കുകയുള്ളു. എന്നാൽ യാഥാർഥ്യം എന്താണ്. ഖാജാ സാഹിബ് പറഞ്ഞതു പോലെയാണെങ്കിൽ "ഹഖീഖത്തുൽ വഹിയ്" എന്ന വളരെ പ്രസിദ്ധമായ ഗ്രന്ഥം അഞ്ചുമനായിരിക്കും എഴുതിയിട്ടുണ്ടാവുക. ലാഹോറിൽ ആര്യസമാജക്കാരുടെ ജലസയിൽ വായിക്കപ്പെട്ട പ്രബന്ധം ഖ്വാജാ കമാലുദ്ദീൻ സാഹിബോ അദ്ദേഹ

ത്തിന്റെ കൂടെയുള്ളവരോ ആയിരിക്കും തയ്യാറാക്കിയത്. പിന്നീട് ആര്യസമാജക്കാരുടെ ആക്ഷേപങ്ങൾക്കും അപവാദങ്ങൾക്കും മറുപടി നൽകി ദൈവിക അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ അങ്ങേയറ്റം പുകൾപെറ്റ "ചശ്മയെ മഅ്രിഫത്ത്" എന്ന ഗ്രന്ഥവും അഞ്ചുമൻ തന്നെയായിരിക്കാം രചിച്ചത്. ലാഹോറിലെ നേതാക്കളേയും പ്രമാണിമാരേയും ക്ഷണിച്ചു വിരുന്നു നൽകിയതും അവർക്കിടയിൽ പ്രസംഗിച്ചതും അഞ്ചുമനിലെ തലമുതിർന്ന ഏതോ മാന്യ വ്യക്തിയാവാം. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) മരിക്കുന്നതിനു ഒരു ദിവസം മുമ്പ് പൂർത്തിയാക്കിയ സുപ്രസിദ്ധ ഗ്രന്ഥമായ "പൈഗാമെ സുൽഹ്" ന്റെ രചനയും അഞ്ചുമനിലെ തന്നെ വല്ലവരും നിർവഹിച്ചതാവാം. ഇതെല്ലാം നിർവഹിച്ചത് മസീഹ് മൗഊദ് (അ) ആണെന്നു പറയുന്നതും അതിൽ പേര് എഴുതിവച്ചിരിക്കുന്നതും, വെറുതെയാവാം. കാരണം ഖ്വാജാ സാഹിബിന്റെ വിവരണമനുസരിച്ചു എല്ലാ ഉത്തരവാദിത്വങ്ങളും അഞ്ചുമനെ ഏൽപിച്ചു ഹുദൂർ സ്വസ്ഥമായി ഒരു ഭാഗത്തു ഇരിക്കുകയായിരുന്നുവല്ലോ?

ഹദ്റത്ത് സാഹിബ്സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് എം എ. (റ) സിൽസില അഹ്മദിയാ എന്ന തന്റെ ബ്രഹദ് ഗ്രന്ഥത്തിൽ പറയുകയാണു 1905 ന്റെ അവസാനത്തിൽ ജമാഅത്തിലെ വിഖ്യാതനും മതപരമായും ഭാഷാപരമായും വലിയപണ്ഡിതനും മസീഹ് മൗഊദി (അ) ന്റെ പ്രധാന സഹാബാക്കളിൽ ഒരാളും ജമാഅത്തിന്റെ വലിയൊരു സേവകനുമായ ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) യുടെ വിയോഗം മസീഹ് മൗഊദിനേയും ജമാഅത്തംഗങ്ങളേയും എല്ലാ അർഥത്തിലും ദു;ഖത്തിലാഴ്ത്തിയിരുന്നു. അതേ വർഷത്തിന്റെ അവസാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ മരണം ആസന്നമാണെന്ന ദൈവിക മുന്നറിയിപ്പു ജമാഅത്തിനു നൽകുകയുണ്ടായി. അതോടു കൂടി ജമാഅത്തിൽ വലിയ രീതിയിലുള്ള ദു;ഖവും വ്യാകുലതയും അന്ധാളിപ്പും പരന്നു. ഭൗതികമായ നിലയിൽ നോക്കുകയാണെങ്കിൽ അംഗങ്ങൾക്കിടയിൽ അതോടെ നിരാശയും മ്ലാനതയും ജമാഅത്തിയായ കാര്യത്തിൽ താൽപര്യക്കുറവും ഒരു തരം മരവിപ്പും ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ ഇത് അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്താണ്. അതിനാൽ ഈ രണ്ടുസംഭവങ്ങളും മസീഹ് മൗഊദി (അ) ലും ജമാഅത്തംഗങ്ങൾക്കിടയിലും അതിവേഗമേറിയ കുതിരയുടെമേൽ ചമ്മട്ടി പ്രയോഗിച്ചാലെന്ന പോലുള്ള പ്രതികരണമാണു സൃഷ്ടിക്കപ്പെട്ടത്.

അതിനുശേഷം ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അഭൂതപൂർവമായ വേഗതയും ജമാഅത്തിലുള്ളവരുടെ ആത്മാർഥതയിൽ മുമ്പത്തേക്കാൾ അഭിവൃദ്ധിയുമാണു കാണാൻ സാധിച്ചത്. തന്റെ ജോലി അവസാനിക്കാൻ പോവുകയാണെന്നും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജറായി റിപ്പോർട്ടു നൽകേണ്ട സമയം സമാഗതമായിരിക്കുകയാണെന്നുമുള്ള ചിന്തയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഏകാഗ്രചിത്തനായി അങ്ങേയറ്റത്തെ ശ്രദ്ധയോടും കഠിന പ്രയത്നത്തോടും കൂടി ദീനീ സേവനത്തിൽ മുഴുകാൻ തുടങ്ങി. ആ അവസരങ്ങളിൽ പലപ്പോഴും തന്നെ മനുഷ്യന്റെ അപരിഹാര്യ ഘടകങ്ങളായ ഭക്ഷണത്തിനും ഉറങ്ങാനും മല മൂത്ര വിസർജ്ജനത്തിനും ചെലവാകുന്ന സമയത്തെ ചൊല്ലി പോലും, ആ സമയം കൂടി ദീനി സേവനത്തിന്നുതകുന്നില്ലല്ലോ എന്നു പറഞ്ഞു ഹുദൂർ ദു:ഖവും ഉൽകൺഠയും പ്രകടിപ്പിക്കാറുണ്ടായിരുന്നു കാരണം ഹുദൂർ അഖദസി (അ)നു ദീനീ സേവനമല്ലാതെ മറ്റൊരു ചിന്തയും ഉണ്ടായിരുന്നില്ല.

(സിൽസില അഹ്മദിയാ പേജ്158)

ഖ്വാജാകമലുദ്ദീൻ സാഹിബും മൗലവി മുഹമ്മദ് അലി സാഹിബും പറയുന്ന 1905 നു ശേഷം ഹുസൂർ അഖ്ദസ് മസീഹ് മൗഊദി (അ) ന്റെ ജീവിതത്തിലെ അവസാനത്തെ രണ്ടു രണ്ടര വർഷക്കാലം ദൈവിക ശക്തി പ്രഭാവത്തിന്റേയും അവനിൽ നിന്നുള്ള അത്യുജ്ജ്വല അടയാളങ്ങളുടേയും ദൃഷ്ടാന്തങ്ങളുടേയും പെരുമഴ മുൻ കാലങ്ങളേക്കാൾ എത്രയോ കൂടുതലായി പ്രകടമായതും പെയ്തിറങ്ങിയതും, അതുമുഖേന ജമാഅത്തിന്റെ പലകഠിന ശത്രുക്കളും എളിമയിലാക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. അതു ഖ്വാജാ കമാലുദ്ദീൻ സാഹിബിന്റേയും മൗലവി മുഹമ്മദ് അലി സാഹിബിന്റേയും അഞ്ചുമനിലെ മറ്റു അംഗങ്ങളുടേയും ദുആയുടെ ഫലമായിട്ടാണോ സംഭവിച്ചത്. അതെല്ലാം തന്നെ തന്റെ മസീഹിന്റെ സത്യ സാക്ഷ്യത്തിന്നുള്ള തെളിവുകളായും നിന്നെ എളിമയിലാക്കാൻ ശ്രമിക്കുന്നവരെ നാം എളിമയിലാക്കും എന്ന മസീഹിനോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ ബാഹ്യ പ്രകടനവുമായിരുന്നു. ആ യാഥാർഥ്യങ്ങളൊന്നും തന്നെ അഞ്ചുമൻ വാദികളും ഖിലാഫത്തു നിഷേധികളുമായവർക്കു കാണുവാൻ സാധിക്കുകയില്ല. കാരണം ഹദ്റത്ത് അഖദസ് (അ) എല്ലാം ഉപേക്ഷിച്ചു മാറിയിരിക്കുകയായിരുന്നുവെന്നാണല്ലോ അവർ പ്രചരിപ്പിക്കാൻ ശ്രമിച്ചത്.

ജമാഅത്തിന്റെ ബദ്ധ ശത്രുവായ ചിറാഗുദ്ദീൻ ജമ്മൂനി, ജമാഅത്തിന്നെതിരിൽ പുസ്തകം പ്രസിദ്ധീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്ലേഗ് രോഗം ബാധിച്ചു നശിക്കുമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹവും രണ്ടു മക്കളും 1906 ൽ പ്ലേഗ് ബാധിച്ചു മരണമടഞ്ഞു. മറ്റൊരാൾ ബാബു ഇലാഹി ബഖ്ശ് ലാഹോരിയായിരുന്നു. അദ്ദേഹം മസീഹ് മൗഊദിന്നെതിരിൽ അസായെ

മൂസാ (മൂസ്സാന്റെ വടി) എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയും അതിൽ താൻ മൂസ്സയാണെന്നും മിർസാ സാഹിബ് ഫിർഔൻ ആണെന്നും മൂസ്സാക്കു മുന്നിൽ ഫിർഔൻ നശിപ്പിക്കപ്പെടുമെന്നും പ്രവചിച്ചിട്ടുണ്ടായിരുന്നു. എന്നാൽ താനാണു യഥാർഥ ഫിർഔൻ എന്നു തെളിയിച്ചു കൊണ്ട് 1907 ൽ ബാബു സാഹിബ് പ്ലേഗ് ബാധിച്ചു മരണമടഞ്ഞു. ഝഹ്ലം ജില്ലയിലെ ദോൽമിയാൽ എന്ന സ്ഥലത്തെ നിവാസിയായ ഫഖീർ മിർസാ എന്ന വ്യക്തി മസീഹ് മൗഊദിനെ അങ്ങേയറ്റം ആക്ഷേപിക്കുകയും ചീത്ത പറയുകയും ചെയ്തു കൊണ്ട് ഈ റമസാൻ മാസം മിർസാ സാഹിബ് മരണമടയു മെന്നു പ്രവചിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതെ റമസാനിൽ തന്നെ 1907 ൽ ഫകീർ മിർസാ പ്ലേഗ് ബാധിച്ചു മരണമടഞ്ഞു.

ഗുരുദാസ്പൂർ ജില്ലയിലെ ത്വാലിബ്പൂർ നിവാസിയായ ഹക്കീം അബ്ദുൽ ഖാദർ ഹദ്റത്ത് മസീഹ് മൗഊദി (അ)ന്നെതിരിൽ വളരെ വൃത്തികെട്ട ഭാഷയിൽ ഒരു കവിത രചിച്ചിട്ടുണ്ടായിരുന്നു. അതിലദ്ദേഹം സത്യം വ്യക്തമായ രീതിയിൽ വെളിപ്പെടുന്നതിനായി അല്ലാഹുവിനോടു ദുആ ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. 1907 ൽ അദ്ദേഹവും പ്ലേഗ് പിടിപെട്ടു മരണമടഞ്ഞു. എഴുത്തുകാരനും ഹദീസ് വ്യാഖ്യാതാവുമായ മൗലവി മുഹമ്മദ് ജാൻ അബുൽ ഹസൻ പിസ്റൂരി മസീഹ് മൗഊദിന്നെതിരിൽ ആസ്മാനി ബിജ്‌ലി (ആകാശീയ മിന്നൽ പിണർ) എന്നൊരു ഗ്രന്ഥം രചിക്കുകയും മിർസാ സാഹിബിനു മേൽ മിന്നൽപിണർ വീഴട്ടെയെന്നു അല്ലാഹുവിനോടു ദുആ ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ പുസ്തകമെഴുതി ഒരു മാസം തികഞ്ഞില്ല അയാൾക്കു പ്ലേഗ് പിടിപെട്ടു അല്ലാഹുവിന്റെ ശിക്ഷയ്ക്കു പാത്രമായി. സഅദുല്ലാഹ് ലുധിയാൻവിയായിരുന്നു മറ്റൊരാൾ. മസീഹ് മൗഊദിനോടുള്ള അന്ധമായ ശത്രുതയിൽ സകല മാനുഷിക മൂല്യങ്ങളേയും തൃണവൽക്കരിച്ച അയാൾ താൻ മിർസാ സാഹിബിനെ അവഹേളിതനാക്കുകയും തകർത്തില്ലാതാക്കുമെന്നു വീമ്പിളക്കുകയും ചെയ്തിരുന്നു. മസീഹ് മൗഊദ് (അ) അബ്തർ (സന്താന രഹിതൻ) ആയി ഇഛാഭംഗത്തോടെ ഇഹലോകവാസം വെടിയുമെന്നും ജമാഅത്തിൽ ഒരാൾ പോലും ബാക്കിയില്ലാതെ നശിച്ചൊടുങ്ങുമെന്നും അയാൾ എഴുതിയിരുന്നു. ആ അവസരത്തിൽ അല്ലാഹു ദിവ്യ വെളിപാടിലൂടെ إِنَّ شَانِئَكَ هُوَ الْأَبْتَرُ (നിശ്ചയമായും നിന്റെ ശത്രുവാണ് സന്താന രഹിതൻ ഖുർആൻ 108:4) എന്നു ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അറിയിക്കുകയുണ്ടായി. അതിനു ശേഷം സഅദുല്ലാഹ്ക്കു സന്താനങ്ങൾ ഒന്നും ഉണ്ടായില്ല. നേരത്തെ ഉള്ള മകൻ രണ്ടു വിവാഹം കഴിച്ചിട്ടും അയാൾക്കു സന്താന ഭാഗ്യം ഉണ്ടായില്ല. അവസാനം സഅദുല്ലാഹ് പല കാരണങ്ങളാൽ അങ്ങേയറ്റത്തെ ഇഛാഭംഗത്തോടെയാണു ഈ ലോകത്തോടു യാത്ര പറഞ്ഞത്.

ഖാദിയാനിലെ ആര്യസമാജക്കാരുടെ വളരെ കർമോത്സുകരായ മൂന്നു പ്രവർത്തകരായിരുന്നു അഛർചന്ദ്, സോംരാജ്, ഭഗത്ത് റാം. അവർ ഹദ്റത്ത് മസീഹ് മൗഊദി (അ) നോടുള്ള ശത്രുത നിമിത്തം ശുഭ് ചിന്തക് എന്ന പേരിൽ ഒരു പത്രം ആരംഭിച്ചു. അതിന്റെ ഓരോ പുറവും ജമാഅത്തിന്നെതിരിലുള്ള അരോപണങ്ങളും പരിഹാസങ്ങളും അസഭ്യവർഷവും കൊണ്ട് നിറഞ്ഞിരുന്നു. ഒരിക്കൽ അഛർചന്ദ് എഴുതി, മിർസാ സാഹിബ് തന്റെ വീട്ടിൽ താമസിക്കുന്നവരെ പ്ലേഗ് ബാധിക്കുകയില്ലെന്നു പ്രവചിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഞാനും പറയുന്നു പ്ലേഗ് എന്നേയും ബാധിക്കുകയില്ല. അതോടെ അല്ലാഹുവിന്റെ ശിക്ഷ അവർക്കും വന്നെത്തി. 1907 ന്റെ അവസാനത്തിൽ ഈ മൂന്നു പേരും പ്ലേഗ് ബാധിച്ചു മരണമടയുകയുണ്ടായി. അതോടെ ശുഭ് ചിന്തക്കിന്റെ കഥയും കഴിഞ്ഞു.

അമേരിക്കയിലെ ഇല്ലിനോയിസ് സംസ്ഥാനത്തിലെ ചിക്കാഗോ നഗരത്തിനു സമീപം സിയോൺ എന്ന പേരിൽ തന്റേതായ പ്രത്യേക സാമ്രാജ്യം കെട്ടിപ്പടുത്ത ക്രിസ്തീയ പുരോഹിതനും ഇസ്‌ലാമിനോടു അന്ധമായി വെറുപ്പും വിദ്വേഷവും കാണിച്ചു കൊണ്ടിരുന്ന ഡോക്റ്റർ അലക്സാണ്ടർ ഡോയി താൻ യേശുവിന്റെ രണ്ടാം വരവിനു മുമ്പായി ദൈവം നിയോഗിച്ചിരിക്കുന്ന ഏലിയാ പ്രവാചകനാണെന്നും, ഇസ്‌ലാം തന്റെ കരങ്ങളാൽ നശിപ്പിക്കപ്പെടുമെന്നും കഅബ വിജനമാകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി (അ)നു അദ്ദേഹത്തെ കുറിച്ചു വിവരം ലഭിച്ചപ്പോൾ ഹുദൂർ ഡോയിയെ മുബാഹലയ്ക്കായി ക്ഷണിച്ചുകൊണ്ട് അല്ലാഹുവിന്റെ തീരുമാനത്തിനായി ദുആ ചെയ്തു. അല്ലാഹു തന്റെ മസീഹിനു സുവിശേഷം നൽകിക്കൊണ്ട് പറഞ്ഞു മുഴുലോകത്തിനും അടയാളമെന്ന നിലയിൽ അധികം താമസിയാതെ തന്നെ ഒരു അത്ഭുതദൃഷ്ടാന്തം പ്രകടമാവും. ഈ ദിവ്യവെളിപാടിനു ഏതാനും ദിവസങ്ങൾക്കു ശേഷം 1907 ന്റെ അവസാനത്തിൽ അലക്സാണ്ടർ ഡോയി അങ്ങേയറ്റം എളിമയോടെ മരണപ്പെടുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) 1905 നു ശേഷം നടത്തിയ ദീനീ സേവനങ്ങളെ കുറിച്ചും ഗ്രന്ഥ രചനകളെ കുറിച്ചും പ്രാർഥനാ സമരങ്ങളെ സംബന്ധിച്ചും അതിനെതുടർന്നു ഹുദൂർ അഖ്ദസിനു അല്ലാഹു നൽകിയ അതിമഹത്തായ വിജയങ്ങളെ കുറിച്ചും ശത്രുക്കൾക്കു ലഭിച്ച പരാജയങ്ങളെ കുറിച്ചുമുള്ള ചെറിയൊരു ധാരണ വായനക്കാർക്കു ലഭിക്കുന്നതിനു വേണ്ടിയാണു ഉദാഹരണമെന്നോണം ചില വസ്തുതകൾ മുകളിൽ ചേർത്തതു. യഥാർഥത്തിൽ ഹദ്റ

ത്ത് മസീഹ് മൗഊദി (അ) നോടു കടുത്ത ശത്രുത കാണിച്ചതിന്റെ പേരിൽ പ്ലേഗ് പിടിപെട്ടു കാലയവനികക്കുള്ളിൽ മറഞ്ഞ ശത്രുക്കളുടെ പട്ടിക ദീർഘമേറിയതാണു. ആ വിശദീകരണം ഈ ലേഖനത്തിന്റെ ഉദ്ദേശ്യമല്ലെങ്കിലും ഖ്വാജാ കമാലുദ്ദീൻസാഹിബിന്റേയും അനുയായികളുടേയും വാക്കുകളിലുള്ള പൊള്ളത്തരങ്ങൾ വെളിപ്പെടുത്തുകയായിരുന്നു ലക്ഷ്യം. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അവസാനത്തെ രണ്ടു രണ്ടര വർഷക്കാലം ചെയ്ത ദീനീ സേവനങ്ങൾ എല്ലാം കൊണ്ടും മുൻ കാലങ്ങളിൽ ചെയ്തതിനേക്കാൾ മഹത്തായതും അനിതര സാധാരണവും അതുല്യവുമായിരുന്നു. എന്നിട്ടും എല്ലാ ജോലികളും അഞ്ചുമനെ ഏൽപിച്ചു ഹുദൂർ ഒന്നും ചെയ്യാതെ അലസമായി ഒരു സ്ഥലത്തിരിക്കുകയായിരുന്നുവെന്നാണു ഖ്വാജാ സാഹിബും കൂട്ടരും പറഞ്ഞു പ്രചരിപ്പിച്ചത്. അഹോ കഷ്ടം!

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജീവചരിത്രമെഴുതുമ്പോൾ മുകളിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ വിവരിക്കേണ്ട ആവശ്യമുണ്ടോയെന്നും അതു ഹുസൂറിന്റെ ജീവിതവുമായി നേരിട്ടു ബന്ധമില്ലാത്ത കാര്യങ്ങളല്ലെയെന്നും മാന്യവായനക്കാരിൽ ചിലർക്കെങ്കിലും സംശയം തോന്നിയേക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലത്തു ഖിലാഫത്തിന്നെതിരിൽ ഒരു കൂട്ടം ആളുകൾ ഇളക്കിവിട്ട ഫിത്നയും കുഴപ്പങ്ങളും ഒരിക്കലും ചെറുതായിരുന്നില്ല. ദൂരവ്യാപകമായ അതിന്റെ പ്രത്യാഘാതങ്ങൾ വളരെ വലുതായിരുന്നു. അവർ ഹുദൂറിനെ മാനസികമായി വളരെയധികം ദ്രോഹിച്ചിരുന്നു. അവരുടെ പൊള്ളത്തരങ്ങളും ജമാഅത്തിനോടുള്ള അവരുടെ ആത്മാർഥതയില്ലായ്മയും അവരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലുമുള്ള കാപട്യവും അതിന്റെ പശ്ചാത്തലവും വെളിപ്പെടുത്തിയാൽ വായനക്കാർക്കു അതിന്റെ ഗൗരവം കൂടുതൽ നന്നായി മനസ്സിലാകുമെന്നനിലക്കാണു ഹുസൂറുമായി നേരിട്ടു ബന്ധമില്ലായെന്നു തോന്നുന്ന കാര്യങ്ങളും വിവരിക്കുന്നത്.

ഇവിടെ മറ്റൊരു കാര്യം കൂടി വായനക്കാരെ ഓർമപ്പെടുത്തട്ടെ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഖിലാഫത്തിന്റെ ആറു വർഷക്കാലം ഹുദൂറിനോടു ഒളിഞ്ഞും തെളിഞ്ഞും ശത്രുത കാണിച്ച മൗലവി മുഹമ്മദ് അലി സാഹിബും സംഘവും ഹുദൂറിന്റെ വഫാത്തിനു ശേഷം രണ്ടാം ഖിലാഫത്തു തെരഞ്ഞെടുപ്പോടു കൂടി ഖാദിയാൻ ഉപേക്ഷിച്ചു ലാഹോറിലേയ്ക്കു പോവുകയും അവിടെ തങ്ങളുടെ കേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളു ജമാഅത്തിനു ഒരമീർ വേണമെന്നും അമീറില്ലാതെ കേവലം അഞ്ചുമനെ കൊണ്ട് ഒരു പ്രവർത്തിയും നടക്കുകയില്ലെന്നും അവർ തിരിച്ചറിഞ്ഞു. അങ്ങനെ അവർ മൗലവി മുഹമ്മദ്അലി സാഹിബിനെ അമീറായി തെരഞ്ഞെടുത്തു. എന്തൊരു വിരോധാഭാസമാണെന്നു നോക്കണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) അഞ്ചുമനെയാണു തന്റെ പ്രതിനിധിയും പിൻഗാമിയുമായി നിശ്ചയിച്ചതെന്നും ഏതെങ്കിലും ഒരു വ്യക്തിയെ പ്രതിനിധിയായി നിശ്ചയിച്ചിട്ടില്ലെന്നും അതിന്റെ ആവശ്യമില്ലെന്നും രാവും പകലും പാടി നടക്കുകയും അതു പ്രചരിപ്പിക്കുന്നതിനായി തന്റെ മുഴുവൻ ഊർജ്ജവും ചെലവഴിച്ച മൗലവി മുഹമ്മദ് അലി സാഹിബ് അതെല്ലാം മറന്നു കൊണ്ട് ലാഹോരി സംഘത്തിന്റെ അമീർ ആയി അവരോധിക്കപ്പെടുകയാണ് ചെയ്തതു.

ഖിലാഫത്തിന്റെ മഹനീയ സ്ഥാനത്തിനു മങ്ങലേൽപിക്കാനായി ഇക്കൂട്ടർ 1908 ലെ ജൽസയിൽ മറ്റു പ്രാസംഗികർക്കു ഓരോ മണിക്കൂർ സമയം അനുവദിച്ചതുപോലെ ഖലീഫത്തുൽ മസീഹിന്റെ പ്രസംഗത്തിന്നും അവർ ഒരു മണിക്കൂർ സമയം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ഖലീഫത്തുൽ മസീഹ് അവരുടെ ഈ തീരുമാനത്തിനു യാതൊരു വിലയും കൽപിക്കാതെ സുഹർ അസർ നമസ്ക്കാരം ഒന്നിച്ചു (ജം ആയി) നിർവഹിച്ച ശേഷം തന്റെ പ്രസംഗം ആരംഭിക്കുകയും സൂര്യാസ്തമനത്തിനു പത്തു മിനുട്ട് മുമ്പ് വരെ തുടരുകയും ചെയ്തു. ഹദ്റത്ത് മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറൂഹിക്കു ചില കാര്യങ്ങൾ പറയുന്നതിനു വേണ്ടിയായിരുന്നു ഹുദൂർ അത്രയെങ്കിലും സമയം ഒഴിവാക്കിയത്. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ തന്നെ ഇത്തരത്തിൽ കാലത്തിന്റെ ഖലീഫയുടെ പ്രസംഗത്തിന്നു സമയം നിശ്ചയിക്കുന്നത് ഖലീഫയെ അപമാനിക്കുന്നതിനു തുല്യമാണെന്നു ഓർമപ്പെടുത്തി. ഹദ്റത്ത് മസീഹ് മൗഊദി (അ) നെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തതു പോലെ ചിലർ ഖലീഫത്തുൽ മസീഹിനെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നില്ലെന്ന സംസാരവും അന്നു അവിടെ ശക്തമായി ഉണ്ടായി. (തുടരും)

alislam.org
Humanity First
humanityfirst.org

കുറിപ്പുകൾ

# ലോകം സാമ്പത്തിക മാന്ദ്യത്തിലേക്കോ?

**മുസാഫിർ**

ലോക സമ്പദ് വ്യവസ്ഥ ഒരു മാന്ദ്യത്തിന് വിധേയപ്പെട്ടുകൊണ്ടിരിക്കുകയാണെന്നാണ് സാമ്പത്തിക വിദഗ്ദർ നൽകുന്ന സൂചന. വേൾഡ് ബാങ്ക് പ്രസിഡണ്ട് ഡേവിഡ് മൽപ്പാസ് ലോകം അപകടകരമായ ഒരു സാമ്പത്തിക മാന്ദ്യത്തിലേക്ക് നീങ്ങുകയാണെന്ന് ഒക്ടോബർ 12 ന് ആധികാരികമായി പ്രസ്താവിക്കുകയുണ്ടായി. 2023 ലോകസമ്പദ്ഘടനയുടെ വളർച്ചാ നിരക്ക് പ്രതീക്ഷിച്ച 3 ശതമാനത്തിൽ നിന്നും 1.9 ശതമാനത്തിലേക്ക് കുറയുമെന്നും അദ്ദേഹം പറഞ്ഞു. ലോകബാങ്കിന്റേയും ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റേയും സംയുക്ത യോഗത്തിലാണ് ഈ പ്രസ്താവന അദ്ദേഹം നടത്തിയത്.



ഡേവിഡ് മൽപ്പാസ്




ലോക വ്യാപാര സംഘടനയുടെ ഡയറക്ടർ ജനറൽ ഗോസി ഒകാഞ്ചോയും ആഗോള മാന്ദ്യത്തെ കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇന്ത്യയിലെ മുൻ റിസർവ്വ് ബാങ്ക് ഗവർണറും ഐ എം എഫ് ചീഫ് എക്കണോമിസ്റ്റും ഡയറക്ടറുമായിരുന്ന ലോക പ്രശസ്ത സാമ്പത്തിക വിദഗ്ദൻ രഘുറാം രാജൻ ജൂലായ് 15 ന് ലണ്ടൻ ബിസിനസ് സ്കൂളിൽ പ്രസംഗിക്കവേ ലോക സാമ്പത്തിക രംഗം 1930 കളിലേത് പോലെയുള്ള ഒരു മഹാമാന്ദ്യത്തിലേക്ക് (ഗ്രേറ്റ് ഡിപ്രഷൻ) സാവകാശം പോകുമെന്നാണ് ചൂണ്ടിക്കാട്ടിയത്. 2008 ലെ അമേരിക്കയിലെ സ്റ്റോക്ക് മർക്കറ്റ് തകർച്ചയും സാമ്പത്തിക മാന്ദ്യവും മുൻകൂട്ടി പ്രവചിച്ച സാമ്പത്തിക വിദഗ്ദൻ എന്ന നിലക്ക് ലോകം ആദരിക്കുന്ന ആളാണ് രഘുറാം രാജൻ. പലിശ എന്ന ചൂഷണ വ്യവസ്ഥയിൽ നിന്നും മൂലധന ശക്തികൾ പിൻവാങ്ങി മാറ്റൊരു ബദൽ വ്യവസ്ഥ വ്യാപകമായാൽ മാത്രമേ ലോകത്ത് സാമ്പത്തിക സുസ്ഥിര ഉണ്ടാവുകയുള്ളൂ.

സാമ്പത്തിക മാന്ദ്യം ആഗോള രാഷ്ട്രീയ സമാധാനം മുതൽ സാധാരണക്കാരന്റെ നിത്യജീവിതത്തെ വരെ ബാധിക്കുന്ന സാമൂഹിക സാമ്പത്തിക അരക്ഷിതാവസ്ഥയാണ്. രണ്ട് ക്വാർട്ടറുകളിൽ (മൂന്ന് മാസമാണ് ഒരു ക്വാർട്ടർ) ഒരു രാജ്യത്തിന്റെ ജി ഡി പി (മൊത്തം ആഭ്യന്തര ഉദ്പാദനം) താഴോട്ട് പോയാൽ ആ സമ്പദ് വ്യവസ്ഥയെ സാമ്പത്തിക മാന്ദ്യം (Recession) ബാധിച്ചിരിക്കുന്നു എന്ന് പറയാം. മാന്ദ്യത്തിന്റെ ദുർനിമിത്തങ്ങൾ ഇന്ത്യയെ മാത്രമല്ല ലോകത്തെയാകമാനം ഗ്രസിച്ചിരിക്കുകയാണ്. അത്കൊണ്ടാണ് ഈ അവസ്ഥ ആഗോള സാമ്പത്തിക മാന്ദ്യമായി വിശേഷിപ്പിക്കപ്പെടുന്നത്. സാമ്പത്തിക മാന്ദ്യം കൂടുതൽ കാലത്തേക്ക് നീണ്ടുനിൽക്കുന്നതിനെയാണ് ഡിപ്രഷൻ (Depressions) അഥവാ മഹാമാന്ദ്യം എന്ന് പറയുന്നത്. രണ്ടാം ലോക മാഹായുദ്ധത്തി


ന്റെ തൊട്ട് മുമ്പ് ലോകത്തുണ്ടായിരുന്ന അവസ്ഥ അതായിരുന്നു.

## മാന്ദ്യത്തിന്റെ അടയാളങ്ങൾ

തൊഴിലില്ലായ്മ, വ്യവസായ വളർച്ചയിൽ കുത്തനെയുള്ള ഇടിവ്, ഓഹരി വിപണിയിലെ തകർച്ച, വർദ്ധിക്കുന്ന പലിശ നിരക്ക്, ആഗോള വിനിമയ മാധ്യമമായ ഡോളറിനെതിരെ ലോക രാജ്യങ്ങളുടെ കറൻസിയുടെ മൂല്യത്തകർച്ച, തിരിച്ചടവുകളില്ലാതെ ബാങ്കുകൾ പാപ്പറാകൽ, കാർഷികോൽപാദനത്തിന്റെ തകർച്ച, ഗുരുതരമായ തൊഴിലില്ലായ്മ, ഇന്ധന-പ്രകൃതി വാതകം-പാചക വാതകമടക്കം സർവ്വ വസ്തുക്കളുടെയും വിലക്കയറ്റം മുതലായ ലോകവ്യാപകമായി കാണുന്ന ദുസ്സൂചനകൾ ലോകം സാമ്പത്തിക മാന്ദ്യത്തിൽ അകപ്പെട്ടിരിക്കുന്നു എന്ന താക്കീതാണ് നൽകുന്നത്. ഈ സാമ്പത്തിക പ്രതിഭാസം കൂടുതൽ ആഴത്തിലും പരപ്പിലും വ്യാപിക്കുമോ എന്നതാണ് ലോകം ആശങ്കയോടെ ഉറ്റുനോക്കുന്നത്. ഇത്തരം സാമ്പത്തിക പ്രതിസന്ധികളിലെ പല ഘടകങ്ങളും അപ്രവചനീയവും അനിയന്ത്രിതവുമാണ്. സാമ്പത്തിക മാന്ദ്യത്തോടൊപ്പം വന്ന പണപെരുപ്പത്തെ നേരിടാൻ ലോകത്തുള്ള എല്ലാ റിസർവ്വ് ബാങ്കുകളും പലിശ നിരക്ക് ഉയർത്തി ജനങ്ങൾക്ക് പണലഭ്യത കുറക്കുന്ന നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഇത് വികസിത വികസ്വര ദരിദ്രരാജ്യങ്ങളിലെ വ്യവസായങ്ങൾക്കുള്ള മൂലധനവും ജനങ്ങളിലേക്കുള്ള പണത്തിന്റെ ഒഴുക്കും കുറക്കുകയും കടമെടുക്കുന്ന പണത്തിന്ന് ഈടാക്കുന്ന ഉയർന്ന പലിശ അവരുടെ ഗതിമുട്ടിക്കുകയും ചെയ്യുമെന്നത് മാന്ദ്യത്തെ കൂടുതൽ ഗുരുതമാക്കും. പണലഭ്യത കുറഞ്ഞാൽ അത് തൊഴിൽ ലഭ്യതയേയും ജനങ്ങളുടെ ജീവിത നിലവാരത്തേയും എതിരായി ബാധിക്കും. അങ്ങനെ സ്വയം നാശകാരിയായ മാന്ദ്യത്തെ ചെറുക്കാൻ അധികാരികൾ എടുക്കുന്ന ഓരോ നടപടിയും ജനക്ഷേമത്തിന് എതിരായിവരും. ഇത് മനുഷ്യ പ്രയത്നത്താൽ എളുപ്പത്തിൽ നീങ്ങിപ്പോകുന്നതോ സാമ്പത്തിക വിദഗ്ദന്മാരും ഭരണാധികാരികളും മാത്രം വിചാരിച്ചാൽ കരകയറുന്നതോ ആയ പ്രതിഭാസമല്ല.

## മൂന്ന് കാരണങ്ങൾ

ഇപ്പോഴത്തെ ആഗോള സാമ്പത്തിക മാന്ദ്യത്തിന് മൂന്ന് കാരണങ്ങളാണ് ചൂണ്ടികാണിക്കപ്പെടുന്നത്.



കൊറോണ വൈറസ്

**ഒന്നാമതായി** 2019 ലെ കോവിഡ് മഹാമാരിയാണ്. ചൈനയിൽ 2019 ഡിസംബറിൽ പൊട്ടിപുറപ്പെട്ട അതിദ്രുതഗതിയിൽ പരന്ന കോവിഡ് കടന്നു വന്ന രാജ്യങ്ങളിലെല്ലാം ലോക്ഡൗൺ എന്ന സമ്പൂർണ്ണ അടച്ചു പൂട്ടലിനു വിധേയമായി. ചൈനയിൽ കോവിഡ് ആരംഭിച്ചപ്പോൾ നാമെല്ലാം ആ വാർത്തകൾ കൗതുകപൂർവ്വം നോക്കി പാർത്തു കൊണ്ടിരുന്നു. ഏതാനും ദിവസങ്ങൾക്കകം ഇന്ത്യയിലാ ദ്യമായി നമ്മുടെ കേരളത്തിലും 2020 ജനുവരി 30 നാണ് കോവിഡ് എത്തി. തുടർന്ന് നമ്മിൽ പലരുടെ വീടുകളിലും രോഗബാധയും മരണവുമായി നമ്മുടെ മുറ്റത്തും സംഹാരതാണ്ഡവമാടി. ലോകമാകെ വികസിത-വികസ്വര രാജ്യങ്ങളിലെ നഗരങ്ങളും ഗ്രാമങ്ങളിലും തെരുവുകൾ ജനശൂന്യമായി. ആശുപത്രികളിൽ ആയിരക്കണക്കിന് ആളുകൾ മരിച്ചു വീണു. അങ്ങനെ ലോകത്തുള്ള സാമ്പത്തിക മേഖലയാകെ നിശ്ചേതനമാകുകയായിരുന്നു. തുടർന്ന് 2020 ഫെബ്രവരിയിൽ ലോക വ്യാപകമായി സ്റ്റോക്ക് മാർക്കറ്റ് ഇടിഞ്ഞു. ആ സാമ്പത്തിക കുഴപ്പം ഇപ്പോഴും ലോകവ്യാപകമായി തുടരുന്നു. ഇന്ത്യയിൽ കോവിഡ് വർഷത്തിൽ (2019 -2020) ജി ഡി പി 1.9 ആണ് തൊഴിലില്ലായ്മ മാർച്ച് 15 ന് 6.7 % നിന്ന് ഏപ്രിൽ 19 ആയപ്പോൾ 26 % മായി ഉയർന്നു. 45% കുടുംബങ്ങളിൽ വരുമാനത്തിൽ വൻ ഇടിവുണ്ടായി. 2020 ഒക്ടോബറോടെ ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ അമേരിക്കയിൽ 10 ദശലക്ഷം ആളുകൾ തൊഴിൽ രഹിതരായി. കയറ്റുമതി രാജ്യമായ ചൈനയിൽ കയറ്റുമതിയിലും വരുമാനത്തിലും വൻ കുറവ് നേരിടുകയാണ്. യുവാന്റെ മൂല്യം കുറച്ച് കയറ്റു മതികൂട്ടാൻ അവർ ശ്രമിക്കുന്നുണ്ട്. പക്ഷേ ലോകത്ത് എല്ലായിടത്തും കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചു കൊണ്ടിരിക്കുമ്പോൾ ചൈനയിൽ കോവിഡും വീണ്ടും സജീവമാകുകയാണ്. അതോടൊപ്പം കർശനമായ ലോക്ക്ഡൗണും വീണ്ടും ശക്തമായി തിരിച്ചുവന്നിരിക്കുന്നു എന്നാണ് വാർത്ത.



യൂറോപ്പിലെ വരൾച്ച

**രണ്ടാമതായി** ഇപ്പോഴത്തെ മാന്ദ്യകാരണം യൂറോപ്പിലുണ്ടായ വരൾച്ചയാണ്. 500 വർഷത്തിനുള്ളിൽ ഉണ്ടായ ഏറ്റവും രൂക്ഷമായ വരൾച്ചയാണ് കഴിഞ്ഞ വേനലിൽ യൂറോപ്പ് നേരിട്ടത്. 47% സ്ഥലത്തും വരൾച്ച രൂക്ഷമായി ബാധിച്ചു. മഴയുടെ ലഭ്യതയും കാർഷികോൽപാദനം ഗണ്യമായി കുറഞ്ഞു. ജലവിനിയോഗത്തിന് കർശനമായ നിയന്ത്രണങ്ങൾ വന്നു. വേനലിൽ പല നദികളും റിസർവ്വോയറുകളും വറ്റി വരണ്ടു. കന്നുകാലികൾ ചത്തുവീണു. വൈദ്യുതി ഉൽപ്പാദ

നത്തെ സാരമായി ബാധിച്ചു. വരൾച്ചയോടനുബന്ധിച്ചുണ്ടായ കാട്ടുതീയും താപ തരംഗങ്ങളും യൂറോപ്പിനെയാകമാനം ഉണക്കിക്കളഞ്ഞു. ജർമനിയുടെ അഭിമാനമായിരുന്ന റൈൻ നദി ദയനീയമാം വിധം വറ്റി വരണ്ടു. ജർമ്മനിയിൽ വലിയ തോതിൽ ചരക്ക് നീക്കം നടക്കുന്ന റൈൻ നദിയിൽ വെള്ളം കുറഞ്ഞതിനാൽ കപ്പൽ ഗതാഗതം താറുമാറായി. ഇറ്റലിയിൽ വരൾച്ചയെ തുടർന്ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. അവിടത്തെ പോ നദിയിൽ വെള്ളം വറ്റിയതിനാൽ രണ്ടാം ലോക മഹായുദ്ധത്തിൽ നദിയിൽ വീണ ബോബുകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത് ആശങ്കയുളാവാക്കിയ വാർത്തകളായിരുന്നു. യൂറോപ്യൻ യൂണിയനിലെ ഏറ്റവും വലിയ നദിയാണ് ഡാന്യൂബ്. ജർമ്മനിയിൽ നിന്നും ഉത്ഭവിച്ച് ആസ്ട്രിയ, സ്ലോവാക്യ, ഹംഗറി തുടങ്ങി പത്ത് യൂറോപ്യൻ രാജ്യങ്ങളിൽ കൂടി ഒഴുകി റോമേനിയ വഴി ഉക്രയനിൽ വെച്ച് കരിങ്കടലിൽ പതിക്കുന്ന നദിയാണ് ഡാന്യൂബ്. കൊടും വരൾച്ച കാരണം വറ്റിയ ഡാന്യൂബിന്റെ അടിത്തട്ടിൽ രണ്ടാം ലോക മഹായുദ്ധത്തിൽ വർഷിച്ച ബോംബുകളും ഛേദം വന്ന കപ്പലുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഈ കൊടും വരൾച്ച യൂറോപ്പിലെ സാമ്പത്തിക രംഗത്തെ ആകമാനം ഉലച്ചുകളഞ്ഞിരിക്കുന്നു. യൂറോപ്പിലെയും ലോകത്തിലേയും മാന്ദ്യത്തിന് ഒരു കാരണം ഈ കൊടും വരൾച്ചയാണ്.



റഷ്യൻ പട്ടാളം ഉക്രെയ്നിൽ

**മൂന്നാമത്തെ** കാരണം 2022 ഫെബ്രവരിയിൽ ആരംഭിച്ച റഷ്യ ഉക്രെയ്ൻ യുദ്ധമാണ്. ലോകത്തെ ഏറ്റവും വലിയ എണ്ണ ഉൽപാദക രാജ്യങ്ങളിൽ ഒന്നാമത്തേത് റഷ്യയാണ് സഊദിയും അമേരിക്കയുമാണ് മറ്റ് രണ്ട് രാജ്യങ്ങൾ. ലോക കമ്പോളത്തിൽ 14% എണ്ണയും 17% പ്രകൃതി വാതകവും 6% കൽക്കരിയും റഷ്യയുടെ സംഭാവനയാണ്. അവരുടെ ഫെഡറൽ ബജറ്റിന്റെ 45% എണ്ണയിൽ നിന്നുള്ള വരുമാനമാണ്. യൂറോപ്പ് 40-45 ശതമാനം ഊർജ്ജ ആവശ്യങ്ങൾക്ക് റഷ്യയെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും ഉപരോധം കാരണം റഷ്യയിൽ നിന്നും യൂറോപ്പിലേക്കുള്ള ഊർജ്ജ വിതരണം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഈ വർഷം മൂന്നര ലക്ഷം ആളുകൾ ഊർജ്ജ പ്രതിസന്ധിയും ക്ഷാമവും മൂലം യൂറോപ്പിലും ഉക്രയ്നിലുമായി മരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഉക്രയ്നിൽ ഒന്നൊരക്കോടി ആളുകൾക്ക് വീട് നഷ്ടപ്പെട്ടു. 62 ലക്ഷം ആളുകൾ രാജ്യം വിട്ടു 77 ലക്ഷം പേർ യൂറോപ്പിലേക്ക് അഭയാർത്ഥികളായി അലയുകയാണ്. ഈ തണുപ്പുകാലം യൂറോപ്പും ഉക്രയ്നും എങ്ങനെയാണ് അതിജീവിക്കുക എന്ന് കാണേണ്ടിയിരിക്കുന്നു. നെപ്പൊളിയനേയും ഹിറ്റ്ലറേയും പിന്തിരിപ്പിച്ച റഷ്യൻ തണുപ്പിൽ ഊർജ്ജം ലഭിക്കാതെ ഉക്രെയ്ൻ നിവാസികൾ എങ്ങനെ തരണം ചെയ്യും? യൂറോപ്പിന് വേണ്ട ധാന്യങ്ങളും ഭക്ഷ്യ എണ്ണയും വലിയ തോതിൽ റഷ്യയിൽ നിന്നും ഉക്രെയ്നിൽ നിന്നുമാണ് വന്നിരുന്നത്. അതെല്ലാം യുദ്ധം കാരണം മുടങ്ങിയിരിക്കയാണ്. ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യത്തിന് റഷ്യ ഉക്രെയ്ൻ യുദ്ധം നൽകുന്ന സംഭാവന വ്യക്തമാണ്.

### 1929 ലെ മഹാമാന്ദ്യം


ഇതിന് മുമ്പ് ലോകം കണ്ട സാമ്പത്തിക മാന്ദ്യം രണ്ടാം ലോക മഹായുദ്ധത്തിന്റെ മുന്നോടിയായി 1930ൽ തുടങ്ങി 1940ൽ അവസാനിച്ച മഹാസാമ്പത്തിക മാന്ദ്യ (Great Depression) മാണ്. അതിനോട് സാമ്യതയുള്ള സാമ്പത്തിക കുഴപ്പങ്ങളാണ് ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യം എന്നാണ് പല വിദഗ്ദരും വിലയിരുത്തുന്നത്. എന്തായിരുന്നു 1930 ലെ മഹാ സാമ്പത്തിക മാന്ദ്യം?



ഒന്നാം ലോക മഹായുദ്ധം നടന്നത് യൂറോപ്യൻ രാജ്യങ്ങളിലായിരുന്നു. അമേരിക്കക്ക് യുദ്ധത്തിൽ യാതൊരു പരിക്കും പറ്റിയിരുന്നില്ല. അതുകൊണ്ട് യുദ്ധത്തിൽ തകർന്ന യൂറോപ്യൻ രാജ്യങ്ങൾക്ക് അമേരിക്കയിൽ നിന്നും വൻതോതിൽ വായ്പ്പകൾ സംഘടിപ്പിക്കാൻ സാധിച്ചു. അതോടെ ആഗോള വിനിമയത്തിന്റെ അടിസ്ഥാനം ബ്രിട്ടീഷ് പൗണ്ടിൽ നിന്നും അമേരിക്കൻ ഡോളറിലേക്ക് മാറി. വായ്പ്പ മൂലം യൂറോപ്പിലെ ഉൽപ്പാദകർക്ക് പണം ലഭിച്ചെങ്കിലും യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് അതൊന്നും വാങ്ങാനുള്ള ക്രയശേഷി ഇല്ലായിരുന്നു. ഫാക്ടറികളിൽ ഉൽപ്പന്നങ്ങൾ വിറ്റഴിയാതെ കെട്ടികിടന്നു. കമ്പനികളും യൂറോപ്യൻ രാജ്യങ്ങളും തിരിച്ചടവിന് കഴിയാതെയായി. ഫാക്ടറികൾ നഷ്ടത്തിലായി മഹാമാന്ദ്യം അമേരിക്കയിലാണ് ആദ്യം ആരംഭിച്ചത്. അത് പിന്നീട് ലോകം മുഴുവൻ പരക്കുകയായിരുന്നു.

മറ്റൊന്ന് 1920 ന് ശേഷമാണ് അമേരിക്കയിൽ സ്ത്രീകൾ ജോലിക്കു പോകാൻ തുടങ്ങിയത്. അത്

കൊണ്ട് അമേരിക്കൻ കുടുംബങ്ങളിൽ പൊതുവേ വരുമാനം വർദ്ധിച്ചു. മുതലാളിത്ത രാജ്യമായ അമേരിക്കൻ ഭരണകൂടം പലിശ നയം ഉദാരമാക്കി. വീട്, ഭൂമി മുതലായ വസ്തുക്കളും കാറ് ഫ്രിഡ്ജ് മുതലായ ഉപഭോഗ സാധനങ്ങളും വാങ്ങികൂട്ടി. Buy now pay later ഇപ്പോൾ വാങ്ങൂ അടവ് പിന്നീട് എന്ന ബാങ്കുകളുടെ പ്രലോഭനീയമായ മുദ്രാവാക്യങ്ങളാണ് അമേരിക്കയിൽ എവിടെയും മുഴങ്ങികേട്ടത്. വ്യവസായങ്ങൾ അഭൂത പൂർവ്വമായി പുഷ്ടിപ്പെട്ടു. പിന്നീട് ജനങ്ങൾക്ക് സ്റ്റോക്ക് മാർക്കറ്റിൽ പണം നിക്ഷേപിക്കുന്ന ശീലവും വർദ്ധിച്ചു. അവിടെ നിന്നും ജനങ്ങൾക്ക് വരുമാനം കൂടിയതിനാൽ സ്വത്തുക്കൾ പണയപ്പെടുത്തി പോലും യഥേഷ്ടം പണം പലിശക്ക് കടം വാങ്ങി ഓഹരിക്കമ്പോളത്തിൽ നിക്ഷേപിച്ചു. സാധനങ്ങൾ വാങ്ങുന്നതിൽ അമാന്തം കാട്ടുകയും ഫാക്ടറികളിൽ ചരക്കുകൾ കെട്ടി കിടന്ന് വിപണനം നടക്കാതിരിക്കുകയും ഊഹവിൽപനയിൽ പെരുകി വലുതായ ഓഹരി വിലകൾ ഇടിയുകയും ചെയ്തു. തൊഴിൽ വ്യാപകമായി നഷ്ടപ്പെട്ടു ജനങ്ങൾ പരിഭ്രാന്തരായി. കൃത്യമായി പറഞ്ഞാൽ 1929 ഒക്ടോബർ 24ന്. ആ ദിവസത്തെ കറുത്ത വ്യാഴം (Black Thursday) എന്നാണ് പറയുന്നത്. അന്ന് അമേരിക്കയിലെ സ്റ്റോക്ക് മാർക്കറ്റ് സ്ഥിതിചെയ്യുന്ന വാൾ സ്ട്രീറ്റിലേക്ക് ആളുകൾ ഓഹരി വിറ്റഴിക്കാൻ ഇരച്ചു കയറി. ഓഹരി വിപണി വമ്പിച്ച തോതിൽ ഇടിയുകയായിരുന്നു. 30 ബില്ല്യൻ ഡോളർ നഷ്ടമാണ് സംഭവിച്ചത്. ജനങ്ങൾ ബാങ്കുകളിൽ നിന്നും വാങ്ങിയ കടം തിരിച്ചടക്കാൻ ഗതിയില്ലാതായി. ഇത് മറ്റ് ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും ബാധിച്ചു. 1929 ലെ സ്റ്റോക്ക് മാർക്കറ്റ് തകർച്ചയെ തുടർന്ന് 650 ബാങ്കുകളാണ് പാപ്പരായത് എന്നാണ് കണക്ക്. ഉപഭോക്താക്കൾക്കിടയിൽ പണം ചിലവഴിക്കുന്നതിലും ഓഹരി വിപണിയിൽ നിക്ഷേപിക്കുന്നതിലും വമ്പിച്ച കുറവുണ്ടായി. കമ്പനികൾ ഉൽപാദനം കുറഞ്ഞതിനാൽ അമേരിക്കയിൽ മാത്രം 15 ദശലക്ഷം ആളുകൾ തൊഴിൽ രഹിതരായി. തൊഴിലില്ലായ്മ 20 ശതമാനം. പട്ടിണി അധികരിച്ചു. 47 ശതമാനം വ്യവസായിക ഉൽപ്പാദനം കുറഞ്ഞു. ജി ഡി പി 30 ശതമാനം ഇടിഞ്ഞു. പിന്നീട് അമേരിക്കൻ ഇലക്ഷനിൽ ജയിച്ച റൂസ്‌വെൽട്ട് വൻ മൂലധനം ഇറക്കി രാജ്യത്ത് പല നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയും ആളുകൾക്ക് ജോലി നൽകിയും വായ്പകൾ ഉദാരമാക്കിയും ജനങ്ങളുടെ കൈകളിൽ പണമെത്തിക്കുകയാണുണ്ടായത്. New Deal for the American people എന്ന പദ്ധതിയിലൂടെയാണ് അമേരിക്ക മാന്ദ്യത്തിൽ നിന്നും എഴുന്നേറ്റു നിന്നത്. പിന്നീട് രണ്ടാം ലോക മാഹായുദ്ധത്തിന് വേണ്ടിയുള്ള ആയുധങ്ങളും യുദ്ധ സാമഗ്രികളും ഉദ്പാദനവും അമേരിക്കയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തി.



റൂസ്‌വെൽട്ട്

ഒന്നാം ലോക മഹായുദ്ധത്തിലെ ജേതാക്കളായ സഖ്യശക്തികൾ ഫ്രാൻസിലെ വേഴ്സാഴിയിൽ വെച്ചുണ്ടാക്കിയ കരാറിലൂടെ പരാജിതരായ ജർമ്മനിക്കും കൂട്ടാളികൾക്ക് മേലും കെട്ടിവെച്ച ദുർവ്വഹമായ സാമ്പത്തിക ഭാരമാണ് മുഖ്യമായും പ്രതികാരഭാവത്തോടെ ജർമ്മനിയിൽ നാസിസം ഉയർന്ന് വരാൻ കാരണമായത്. അതോടൊപ്പം ഇറ്റലിയിൽ ഫാസിസവും വളർന്നു. ജനങ്ങൾക്ക് സാമ്പത്തിക തകർച്ചയിൽ നിന്നും മോചനം വാഗ്ദാനം ചെയ്തും മോഹന വാഗ്ദാനം നൽകിയും ദേശീയത ഊതിവീർപ്പിച്ചും അവർ വളർന്നു വന്നു. യുദ്ധപ്രിയരായ ഈ തീവ്ര വലത്പക്ഷ കക്ഷികളുടെ വളർച്ചക്ക് തീർച്ചയായും ആഗോള സാമ്പത്തിക മാന്ദ്യം സഹായകരമായി.

## 2008 ലെ അമേരിക്കയിലെ മാന്ദ്യം

1930 കളിലെ മഹാമാന്ദ്യത്തിന്റെ മറ്റൊരു കൊച്ചു പതിപ്പായിരുന്നു അമേരിക്കയിലെ 2008 മുതൽ 2012 വരെയുള്ള മാന്ദ്യം. 2001 ലെ ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷം മന്ദഗതിയിലായ വിപണിയെ ഉത്തേജിപ്പിക്കാൻ അമേരിക്കൻ സെന്റട്രൽ ബാങ്ക് പലിശ കുറച്ചു വായ്പ്പാനയങ്ങൾ ഉദാരമാക്കുകയുണ്ടായി. പണലഭ്യത വർദ്ധിച്ചപ്പോൾ ആളുകൾ ലക്കും ലഗാനുമില്ലാതെ ആർത്തിപൂണ്ട് പലിശക്ക് കടം വാങ്ങികൂട്ടി. ഗൃഹ നിർമ്മാണവും റിയൽ എസ്റ്റേറ്റ് വിപണിയും ഉപഭോഗ വസ്തുക്കളുടെ വിപണനവും കൊഴുത്തു. ആളുകൾ വാങ്ങിക്കൂട്ടിയ കടത്തിന് ഇൻഷുറൻസ് കമ്പനികൾ ഇൻഷുറൻസ് പരിരക്ഷ നൽകാനും തയ്യാറായി. ഊഹവിലയിൽ വാങ്ങിയ വീടും കെട്ടിടങ്ങളും ഭൂമിയും വസ്തുക്കളും പണയം വെച്ച് വീണ്ടും ആളുകൾ കടം വാങ്ങി. ഇങ്ങനെ കടം കൊണ്ട് പണിതവീട് വീണ്ടും പണയം വെച്ച് കടം വാങ്ങുന്നതിനെയാണ് കുപ്രസിദ്ധമായ സബ് പ്രൈം വായ്പ്പകളെന്ന് (Sub prime Loan) പറയുന്നത്. അത്രക്ക് ഉപഭോഗഭ്രമം ബാധിച്ച ജനതയായി അമേരിക്ക മാറി. വ്യവസായത്തിലും ബിസിനസ്സിലും പണം നിക്ഷേപിക്കുന്നത് പോലെയല്ല ഉൽപാദനക്ഷമമല്ലാത്ത റിയൽ എസ്റ്റേറ്റ് വിപണിയിലെ പണനിക്ഷേപം. വിപണിയെ അത് സജീവമാക്കുന്നില്ല. മാത്രമല്ല സമയം കഴിയുന്തോറും വർദ്ധിക്കുന്ന പലിശയെന്ന ദുർഭൂതം ഗ്രസിച്ച

പണമാണ് അവരുടെ ആസ്തികളിലുള്ളത്. ജനങ്ങൾ ഇങ്ങനെ വാങ്ങി കൂട്ടിയ പണം പലിശയുടെ ഭാരം കൊണ്ടും പണത്തിന്റെ ദൗർലഭ്യം, വരുമാന കുറവ്, തൊഴിലില്ലായ്മ എന്നീ പലവിധ കാരണങ്ങൾ കൊണ്ടും കടം വ്യാപകമായി തിരിച്ചടക്കാൻ കഴിയാതെ വരുമ്പോഴാണ് ബാങ്കുകൾ തകരുന്നതും ഓഹരി വിപണികൾ പൊളിയുന്നതും മാന്ദ്യത്തിന്റെ അപകടമണിയാണ് മുഴങ്ങുന്നതെന്ന് തിരിച്ചറിയുക.

## മാന്ദ്യവും ഇസ്‌ലാമിക സാമ്പത്തിക ഘടനയും

സമൂഹത്തിന്റെ സാമ്പത്തിക സുസ്ഥിരതയും സാമ്പത്തിക സമീകരണവുമാണ് ഇസ്‌ലാമിക സമ്പദ് വ്യവസ്ഥ മുന്നോട്ടുവെക്കുന്ന ലക്ഷ്യം. അല്ലാതെ മതരാഷ്ട്രം കെട്ടിപൊക്കാനുള്ള സാമ്പത്തിക രാഷ്ട്രീയ സിദ്ധാന്തങ്ങളല്ല. സാർവ്വജനീനമായ ആ മൂല്യങ്ങൾ ഏതൊരു സമ്പദ്ഘടനക്കും യോജിച്ചതും വഴക്കമുള്ളതുമാണ്. മാന്ദ്യവും പണചുരുക്കവും പണപെരുപ്പവുമില്ലാത്ത സുസ്ഥിര വികസനമാണ് അതുമൂലം ഉണ്ടാവുക.

മൂലധനം സ്വരൂപിച്ച് നടത്തുന്ന ചൂഷണമാണ് പലിശ, അതാണ് എല്ലാ സാമ്പത്തിക കുഴപ്പങ്ങളുടെയും നാരായ വേര്. പ്രാകൃത സമൂഹത്തിലുണ്ടായിരുന്ന സാധന കൈമാറ്റ വ്യവസ്ഥയിൽ നിന്നും മനുഷ്യനെ പുരോഗതിലേക്ക് നയിച്ചത് പണത്തിന്റെ കണ്ടുപിടുത്തമാണല്ലോ. പണത്തിന്റെ സാർവ്വത്രിക മാനകത്വമാണ് മനുഷ്യന് കച്ചവട പുരോഗതിയും സംസ്ക്കാരവും നാഗരികതയും ഉണ്ടാവാൻ സഹായകമായത്. പണം സ്വയം ഒരു ചരക്കല്ല. മറിച്ച് ഒരു മാധ്യമവും ചരക്കിന്റെ പ്രതീകവുമാണ്. ഡിജിറ്റൽ മണിവരെയായി പണം രൂപാന്തരപ്പെട്ടിട്ടും പണത്തിന്റെ മൗലിക ധർമ്മത്തിന് മാറ്റമൊന്നും വന്നിട്ടില്ല. അതിന്റെ ദ്രവത്വവും (Liquidity) ശേഖരിച്ചുവെക്കാനുള്ള ഗുണവുമാണ് പലിശവ്യാപാരി അധമർണ്ണനെ ചൂഷണം ചെയ്യാനുപയോഗിക്കുന്നത്. അയാൾ പണത്തെ കൊണ്ട് പണം പെരുപ്പിക്കുകയാണ് ചെയ്യുന്നത്. കച്ചവടത്തിൽ കമ്പോള ശക്തികളുടെ സ്വാഭാവികമായ ബലതന്ത്രത്തിന് വിധേയമാണ് പണം. കച്ചവടം സ്വാഭാവികവും സക്രിയമായ ഒരു സാമ്പത്തിക സാമൂഹിക പ്രക്രിയയാണെങ്കിൽ പലിശ നഗ്നമായ ചൂഷണമാണ്. പലിശമൂലം പണത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുകയും മാന്ദ്യം, പണപെരുപ്പം, പണചുരുക്കം മുതലായ നാശകരമായ പ്രതിഭാസങ്ങൾക്ക് കാരണമായിതീരുകയും ചെയ്യുന്നു. അത്കൊണ്ടാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്: **'പലിശമുതൽ ഭക്ഷിക്കുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച ഒരുവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിന് കാരണം വ്യാപാരം പലിശപോലെ തന്നെയാണെന്ന് അവർ പറയുന്നത്രെ. എന്നാൽ അല്ലാഹു കച്ചവടം അനുവദനീയമാക്കുകയും പലിശ നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു.' (2:274)**

സാമ്പത്തിക സമീകരണവും ദാരിദ്ര്യ നിർമ്മാർജ്ജനവും നിയമാനുസാരം പ്രവർത്തിക്കുന്ന ഭരണകൂടം മാത്രം ശ്രമിച്ചാൽ സാധ്യമാവുന്നതല്ല. ഇസ്‌ലാം നിർബന്ധമായതും ഐച്ഛികമായതുമായ സമ്പദ്ദാന പദ്ധതികളിലൂടെയാണ് അത്തരം ഉന്നത ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നത്. മൂലധനത്തിൽ ചുമത്തണമെന്ന് പറയുന്ന സക്കാത്ത് ഇക്കാര്യത്തിൽ ഏറ്റവും വിപ്ലവകരമായ ഒരു സാമ്പത്തിക സമീകരണായുധമാണ്.

അമിതമായ ഉപഭോഗ ഭ്രമത്തെ ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു. **'നിങ്ങൾ അമിതത്വം പ്രവർത്തിക്കരുത് അമിതത്വം പ്രവർത്തിക്കുന്നവനെ അവൻ (അല്ലാഹു) ഇഷ്ടപ്പെടുന്നില്ലതന്നെ'(6:142)** മനുഷ്യൻ തന്റെ ആഗ്രഹങ്ങളെ ശമിപ്പിക്കുന്നതിന് പകരം ഇല്ലാത്ത പണം പലിശക്ക് കടം വാങ്ങി ഉപഭോഗത്തിന് ആർത്തികാട്ടുന്നു. അതാണ് ഖുർആൻ പറഞ്ഞത്: **'തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാണ്.' (17:28)** കടക്കെണിയിലകപ്പെടുന്നത് ഇത്തരം ബലഹീനരാണ്.

## ഖലീഫത്തുൽ മസീഹ് നാലാമന്റെ താക്കീദ്

ഇത്തരം സാമ്പത്തിക പ്രതിസന്ധി തനിയെ ഉണ്ടാകുന്നതല്ല. പലിശയുടെയും ഓഹരി വിപണിയിലെ ഊഹകച്ചവടത്തിന്റെയും



ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

പൈശാചിക വിളയാട്ടമാണ് ആഗോള മാന്ദ്യം മുതൽ കടകെണിയിലകപ്പെട്ട കർഷകന്റെ ആത്മഹത്യക്ക്വരെ കാരണമാകുന്നതെന്ന് ലോകം തിരിച്ചറിയുന്നില്ല. മനുഷ്യന്റെ ഭോഗാസക്തിയും ദേഹേച്ഛയും അത്യാഗ്രഹങ്ങളും ഇതിന് വളം നൽകുന്നു. ഇന്ന് ലോകത്ത് ഒരു ഭാഗത്ത് ആഗോള സമാധാനത്തിന് ഭീഷണമാം വിധം യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. യൂറോപ്പിൽ പല രാജ്യങ്ങളിലും നാസിസത്തോടും ഫാസിസത്തോടും കിടപിടിക്കുന്ന തീവ്ര വലത് പക്ഷങ്ങൾ ഇലക്ഷനിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ് ലോകം സാമ്പത്തിക മാന്ദ്യത്തിലേക്ക് പ്രവേശിക്കുകയും ചെയ്തിരിക്കുന്നു. വളരെ വിപൽക്കരമായ ഒരു കാലഘട്ടത്തെയാണ് നാം അഭിമുഖീകരിക്കുന്നത്. അഹ്മദിയ്യാ ഖലീഫ **ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്** മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് 1990 ഫെബ്രവരി 24 ന് അഹ്മദിയ്യാ ജമാഅത്തിന്റെ നൂറാം വാർഷികാഘോഷങ്ങൾക്ക് സമാപനം കുറിച്ചു കൊണ്ട് അസാമാന്യമായ അന്തർദൃഷ്ടിയോടെ ലണ്ടനിൽ വെച്ച് ചെയ്ത പ്രസംഗത്തിൽ നിന്ന് ഉദ്ദരിച്ചു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

**‘കൂടുതൽ സുഖാനുഭൂതി തേടുന്ന സമൂഹങ്ങളിൽ ഈ അവസ്ഥ കൂടുതൽ തീക്ഷ്ണമാകുന്നു. ലക്കും ലഗാനുമില്ലാതെ ചെലവാക്കിയതിന് ശേഷം ദീർഘനേരം സുഖാനുഭൂതിയൊന്നും ആസ്വദിക്കാതെ അടങ്ങിയിരിക്കുക എന്നത് അവർക്ക് അസാദ്ധ്യമാണ്. യാതൊരു വകതിരിവുമില്ലാതെ ആ ആളുകൾ വീണ്ടും കൂടുതൽ കടം വാങ്ങി കൂട്ടുന്നു. അങ്ങനെ വരുമാനത്തെക്കാൾ കവിഞ്ഞ രീതിയിൽ കടബാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നു.**

**വാസ്തവത്തിൽ നിരന്തരം വർദ്ധിച്ചു വരുന്ന കടബാദ്ധ്യകളും അനുബന്ധ പ്രശ്നങ്ങളും മൂലം ദശാബ്ദങ്ങളോളമുള്ള തങ്ങളുടെ സമ്പാദ്യം മുഴുവനും അവർ ബാങ്കുകളിലും വായ്പാ സ്ഥാപനങ്ങളിലും പണയം വെക്കുന്നു.**

**മൊത്തത്തിൽ അത്തരം സമ്പദ് വ്യവസ്ഥകൾ ഒരു പ്രതിസന്ധയിലേക്ക് കുതിക്കുകയാണ്. പണപ്പെരുപ്പത്തോടൊപ്പം നിങ്ങളുടെ വർത്തമാനകാല സുഖത്തിനു വേണ്ടി നിരുത്തരവാദപരമായ ചിലവഴിക്കലിലൂടെ ഭാവിയെ അളവറ്റ രീതിയിൽ പണയം വെക്കാനും സാധ്യമല്ല. അതായത് സാമ്പത്തിക തകർച്ചയുടെ മുമ്പിൽ എത്തുന്നത് വരെ മാത്രമെ ഇത് സാധ്യമാവൂ. ചെലവു ചുരുങ്ങുമെന്ന് പ്രതീക്ഷയിൽ പണപ്പെരുപ്പത്തെ നേരിടാനായി പണത്തിന്റെ ലഭ്യത കുറക്കാൻ പലിശ നിരക്ക് ഉയർത്തിയാൽ ഒടുവിലത് സാമ്പത്തിക തകർച്ചയിൽ ആയിരിക്കും അവസാനിക്കുക. ദേശീയ നിലവാരത്തിൽ മാത്രമല്ല അത് ദോഷകരമായി ബാധിക്കുക. മൊത്തം ആഗോള സമ്പദ്ഘടനയെ തന്നെ അത് ബാധിക്കും. അത്തരം ഒരു വമ്പിച്ച സാമ്പത്തിക തകർച്ച ആഗോള യുദ്ധത്തിലേക്കും വമ്പിച്ച ദുരന്തത്തിലേക്കും നയിക്കും. ബാങ്കുകൾ പാപ്പരായിത്തീരലും ഏറ്റെടുക്കലും അധികരിക്കും. തൊഴിലില്ലായ്മ കുത്തനെ ഉയരും. റിയൽ എസ്റ്റേറ്റ് ബിസിനസ് തകർന്ന് തരിപ്പണമാകും. മൊത്തത്തിൽ എല്ലാ രംഗത്തും മോഹഭംഗങ്ങളും ആക്രമണങ്ങളും കുറ്റകൃത്യങ്ങളും ഭവന രഹിതാവസ്ഥയും അപഹരണവും കൃത്രിമത്തവും എല്ലാം അധികരിക്കും. ഇത് സംഭവിച്ചിട്ടില്ലെങ്കിൽ അത് ആരെയും അത്ഭുതപ്പെടുത്തുന്നില്ല. പ്രത്യേകിച്ച് മുതലാളിത്തത്തിന്റെ തടിച്ചുകൊഴുത്ത നേതാക്കളെ.’ (ഇസ്ലാമും സമകാലീന പ്രശ്നങ്ങളും– ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്. പേജ് 235)**

www.alislam.org

**അനുസ്മരണം**

# എസ്.വി. കുഞ്ഞി ഫാത്തിമാ സാഹിബ

പഴയങ്ങാടി ജമാഅത്തിലെ മർഹൂം ഉമർ ഹാജി സാഹിബിന്റെ (പോലീസ്) ഭാര്യ എസ്. വി കുഞ്ഞി ഫാത്തിമാ സാഹിബ (93) ഒക്ടോബർ 25ന് വഫാത്തായി. ഇന്നാലില്ലാഹി..........

27 വയസ്സിൽ വിധവയായ ഫാത്തിമാ ബീവി സാഹിബ ഭർത്താവിന്റെ അന്ത്യോപദേശ പ്രകാരം കുടുബാംഗങ്ങൾ അനഹ്മദികളായിരുന്നിട്ടും ജമാഅത്തിൽ സ്ഥൈര്യത്തോടെ നിലകൊള്ളുകയായിരുന്നു. രണ്ട് തവണ ഹജ്ജ് കർമ്മം നിർവ്വഹിച്ച ഫാത്തിമാ സാഹിബ 1991 ൽ ഖാദിയാനിൽ വെച്ച് ഖലീഫത്തുൽ മസീഹ് നാലാമനെ സന്ദർശിക്കുകയുണ്ടായി. 2008 ൽ ഖലീഫത്തുൽ മസീഹ് ഖാമിസിനെ മുലാഖാത്ത് ചെയ്യാനും സാധിച്ചു. ഭക്തയായ അവർ സാധുസംരക്ഷണം അതിഥി സൽക്കാരം കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കൽ എന്നിവയിൽ പ്രത്യേകം അഭിരുചി കണ്ടെത്തിയിരുന്നു. ലജ്നയുടെ പരിപാടികളിൽ അവർ സജീവമായി പങ്കെടുത്തു. അല്ലാഹു മർഹൂമക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**പിതാവ്:** പള്ളിവളപ്പിൽ അബ്ദുർ റസ്സാഖ്. **മാതാവ്:** സീരെ വളപ്പിൽ ആതീമ. **മക്കൾ:** എസ്.വി അബ്ദുൾ മജീദ് സാഹിബ്, എസ്.വി അബ്ദുൾ കരീം സാഹിബ്, എസ്. വി സുലൈഖാബി, എസ്.വി സൈബുന്നിസാ. **മരുമക്കൾ:** സി.എച്ച് ഖൈരുനിസ്സാ, ഡോ. എ.പി സീനത്ത്. ഡോ. സി.എച്ച് അബ്ദുൾ മജീദ്, എ. ഹസ്സൻ ബഷീർ സാഹിബ്

– ***അബ്ദുൾ അസീസ്***
*അമീർ, കണ്ണൂർ ജില്ല.*

അനുസ്മരണം

# നാസർ അഹ്മദ് സാഹിബ്



കരുനാഗപ്പള്ളി ജമാഅത്തംഗമായ വൈ. നാസർ അഹ്മദ് സാഹിബ് (60) വഫാത്തായി. ഇന്നാലില്ലാഹി..... ജമാഅത്തുമായി വളരെ നല്ല ബന്ധം പുലർത്തിയിരുന്ന നാസർ സാഹിബ് ദീർഘകാലം പ്രവാസിയായിരുന്നു. സിയാഫത്ത് സെക്രട്ടറിയായിരുന്ന അദ്ദേഹം ബാങ്ക് വിളിക്കുന്നത് ഉൾപ്പെടെ പള്ളിയിലെ എല്ലാ കാര്യങ്ങളും ആത്മാർത്ഥമായി ചെയ്തിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **പിതാവ്:** യൂനുസ് കുഞ്ഞ് (മർഹൂം). **മാതാവ്** നബീസാ ബീവി. **ഭാര്യ:** ജാസ്മീൻ **സഹോദരങ്ങൾ:** നിസാർ അഹ്മദ്, നിഹാദ് അഹ്മദ്.






മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷമായി വഖ്ഫെ ജദീദിനു വേണ്ടി മണി ബോക്സിൽ സ്വയം സ്വരൂപിച്ച ഫണ്ട് കോഴിക്കോട് ജമാഅത്തിലെ അത്ഫാൽ സഹോദരങ്ങൾ നാസിം വഖ്ഫ് ജദീദ് ഭാരത് കെ. നാസിർ അഹ്മദ് സാഹിബിനു കൈമാറുന്നു. വഖ്ഫെ ജദീദ് ഇൻസ്പെക്ടർ മൗലവി ഖമറുദ്ദീൻ സാഹിബ്, ജില്ലാ മുബല്ലിഗ് ഇൻ ചാർജ് മൗലവി നിസാർ അഹ്മദ് സാഹിബ്, മൗലവി ഫാഹിൻ അഹ്മദ് സാഹിബ്, കോഴിക്കോട് നായിബ് അമീർ ഡോ. സലാഹുദ്ദീൻ സാഹിബ് എന്നിവരുടെ സാന്നിദ്ധ്യവുമുണ്ട്.

അനുസ്മരണം

# ഷിഫാദ് അഹ്മദ് സാഹിബ്



പാലക്കാട് ജമാഅത്തിലെ പി എസ് നാസർ സാഹിബിന്റെ മകൻ ഷിഫാദ് അഹ്മദ് സാഹിബ് (15) മാർച്ച് 3, 2022 ന് വഫാത്തായി. ഇന്നാലില്ലാഹി ........
രാവിലെ കൂട്ടുകാരോടൊപ്പം പുഴയിൽ കുളിക്കാൻ പോയപ്പോൾ വെള്ളത്തിൽ മുങ്ങി മരിക്കുകയായിരുന്നു. ബ-ജമാഅത്ത് നമസ്ക്കാരത്തിലും മറ്റ് ജമാഅത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. യൗവനത്തിലേക്ക് കാലെടുത്തു വെച്ചപ്പോഴാണ് ഷിഫാദിന് ഈ അന്ത്യമുണ്ടായത്. ഷിഫാദിന്റെ മാതാപിതാക്കൾക്കും കുടുബത്തിനും ജമാഅത്തിനും ഈ നഷ്ടവും വേദനയും പരമകാരുണികനായ അല്ലാഹു എത്രയും വേഗം നികത്തിക്കൊടുക്കുമാറാകട്ടെ. പരേതന് അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനവും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറകട്ടെ. **മാതാവ്:** റജീന സാഹിബ **സഹോദരി:** സൽമ നാസർ.

***- സയീദ് അഹമ്മദ്***
*മുറബ്ബി സിൽസില*

Published on 07.12.2022
Pages 44
Vol: 94 Issue. 12
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly




# സത്യദൂതൻ
## 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

വാർഷിക വരിസംഖ്യ 300 രൂപ.

**Phone No: 9447086862 (G. Pay)**

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM
INTERNATIONAL
PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim